सत्यमेव जयते

# भारत का राजपत्र
# THE GAZETTE OF INDIA
# ഭാരതത്തിന്റെ ഗസറ്റ്

## असाधारण
## EXTRAORDINARY
## അസാധാരണം

भाग XI—अनुभाग I
PART XI—SECTION I
ഭാഗം XI—വകുപ്പ് I

प्राधिकार से प्रकाशित
**Published by Authority**
അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്

| | | | | | | | |
|---|---|---|---|---|---|---|---|
| सं० | 4142 | नई दिल्ली | मंगलवार | 31, दिसंबर 2024 | 10, पौष, 1946 (शक) | खण्ड | 13 |
| No. | 4142 | NEW DELHI | Tuesday | 31, December 2024 | 10, Pousha, 1946 (Saka) | Vol. | 13 |
| നമ്പർ | 4142 | ന്യൂഡൽഹി | ചൊവ്വ | 31, ഡിസംബർ 2024 | 10, പൌഷം, 1946 (ശക) | വാല്യം | 13 |


## MINISTRY OF LAW AND JUSTICE
## (Legislative Department)

*New Delhi, 16th October, 2023/24th Aswina, 1945 (Saka).*

The above translation in Malayalam of The Food Safety and Standards Act, 2006 (No. 34 of 2006) is hereby published under the authority of the President and shall be deemed to be the authoritative text of this Act in Malayalam under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

ഭക്ഷ്യസുരക്ഷിതത്വവും ഗുണനിലവാരങ്ങളും ആക്റ്റ്, 2006 (2006-ലെ 34-ാം നമ്പർ)-ന്റെ മലയാളപരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയപ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ഇത് ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതുമാകുന്നു.

S. K. G. RAHATE,
*Secretary to the Government of India.*

# ഭക്ഷ്യസുരക്ഷിതത്വവും ഗുണനിലവാരങ്ങളും ആക്റ്റ്, 2006

**(2006-ലെ 34-ാം നമ്പർ)**

ഭക്ഷ്യവുമായി ബന്ധപ്പെട്ട നിയമങ്ങൾ ഏകീകരിക്കുന്നതിനും ഭക്ഷ്യപദാർഥങ്ങൾക്കുവേണ്ടി ശാസ്ത്രാധിഷ്ഠിതമായ ഗുണനിലവാരങ്ങൾ ഏർപ്പെടുത്തുന്നതിനും അവയുടെ നിർമ്മാണവും സംഭരണവും വിതരണവും വിൽപ്പനയും ഇറക്കുമതിയും ക്രമീകരിക്കുന്നതിനും വേണ്ടി ഭാരത ഭക്ഷ്യസുരക്ഷിതത്വവും ഗുണനിലവാരങ്ങളും അതോറിറ്റി സ്ഥാപിക്കുന്നതിനും മനുഷ്യഉപഭോഗത്തിനു വേണ്ടി സുരക്ഷിതവും ആരോഗ്യദായകവുമായ ഭക്ഷ്യത്തിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അവയ്ക്ക് ആനുഷംഗികമായതോ ആയ വിഷയങ്ങൾക്കും വേണ്ടിയുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയേഴാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയുംപ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അധ്യായം I

## പ്രാരംഭികം

1. (1) ഈ ആക്റ്റിന് ഭക്ഷ്യസുരക്ഷിതത്വവും ഗുണനിലവാരങ്ങളും ആക്റ്റ്, 2006 എന്ന് പേര് പറയാവുന്നതാണ്. ചുരുക്കപ്പേരും പ്രാരംഭവും വ്യാപ്തിയും.

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് കേന്ദ്രസർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതും ഈ ആക്റ്റിലെ വ്യത്യസ്ത വ്യവസ്ഥകൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതും അങ്ങനെയുള്ള ഏതെങ്കിലും വ്യവസ്ഥയിലെ ഈ ആക്റ്റിന്റെ പ്രാരംഭത്തിന്റെ ഏതെങ്കിലും പരാമർശത്തിന് ആ വ്യവസ്ഥ പ്രാബല്യത്തിൽ വരുന്നതിന്റെ ഒരു പരാമർശമായി അർഥം കൽപ്പിക്കേണ്ടതുമാകുന്നു.

---

1. 2007 ഒക്ടോബർ 15, 4 മുതൽ 10 വരെ വകുപ്പുകൾ (രണ്ടും ഉൾപ്പെടെ), 87,88,91,101 എന്നീ വകുപ്പുകൾ എസ്.ഒ. 1758(ഇ) നമ്പർ വിജ്ഞാപനപ്രകാരം, 2007 ഒക്ടോബർ 15 മുതൽ പ്രാബല്യത്തിൽ, ഭാരത ഗസറ്റ്, അസാധാരണം, ഭാഗം II, സെക്ഷൻ 3(ii) കാണുക.

2008 മെയ് 28 (3, 30 എന്നീ വകുപ്പുകൾ), 2008 മേയ് 28-ാം തീയതിയിലെ എസ്.ഒ. 1246(ഇ) നമ്പർ വിജ്ഞാപനപ്രകാരം, ഭാരത ഗസറ്റ്, അസാധാരണം, ഭാഗം II, സെക്ഷൻ 3(ii) കാണുക.

2008 ആഗസ്റ്റ് 28 (90-ാം വകുപ്പ്), 2008 ആഗസ്റ്റ് 28-ാം തീയതിയിലെ എസ്.ഒ. 2127(ഇ) നമ്പർ വിജ്ഞാപനപ്രകാരം, ഭാരത ഗസറ്റ്, അസാധാരണം, ഭാഗം II, സെക്ഷൻ 3(ii) കാണുക.

2008 നവംബർ 18 (16,17,18,81,82,83,84,85,86,92,93 എന്നീ വകുപ്പുകൾ), 2008 നവംബർ 18-ാം തീയതിയിലെ എസ്.ഒ. 2678(ഇ) നമ്പർ വിജ്ഞാപനപ്രകാരം, ഭാരത ഗസറ്റ്, അസാധാരണം, ഭാഗം II, സെക്ഷൻ 3(ii) കാണുക.

2009 മാർച്ച് 9 (11,12,13,14,15 എന്നീ വകുപ്പുകൾ), 2009 മാർച്ച് 9-ാം തീയതിയിലെ എസ്.ഒ. 650 (ഇ) നമ്പർ വിജ്ഞാപനപ്രകാരം, ഭാരത ഗസറ്റ്, അസാധാരണം, ഭാഗം II, സെക്ഷൻ 3(ii) കാണുക.

2009 ജൂലൈ 31, 36 മുതൽ 47 വരെ വകുപ്പുകൾ 2009 ജൂലൈ 31-ാം തീയതിയിലെ എസ്.ഒ. 1868(ഇ) നമ്പർ വിജ്ഞാപനപ്രകാരം പ്രാബല്യത്തിൽ, ഭാരത ഗസറ്റ്, അസാധാരണം, ഭാഗം II, സെക്ഷൻ 3(ii) കാണുക.

2009 ജൂൺ 29, 99-ാം വകുപ്പ് 2009 ജൂൺ 29-ാം തീയതിയിലെ എസ്.ഒ. 1575(ഇ) നമ്പർ വിജ്ഞാപനപ്രകാരം പ്രാബല്യത്തിൽ, ഭാരത ഗസറ്റ്, അസാധാരണം, ഭാഗം II, സെക്ഷൻ 3(ii) കാണുക.

യൂണിയനാലുള്ള നിയന്ത്രണത്തിന്റെ ഔചിത്യത്തെ സംബന്ധിച്ച പ്രഖ്യാപനം.

2. ഭക്ഷ്യവ്യവസായം, പൊതുതാൽപ്പര്യാർത്ഥം യൂണിയൻ അതിന്റെ നിയന്ത്രണത്തിൻ കീഴിലാക്കുന്നത് സമീചീനമായിരിക്കുമെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

നിർവചനങ്ങൾ.

3. (1) ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "മായമായി ചേർക്കുന്ന വസ്തു" എന്നാൽ ഭക്ഷ്യത്തെ സുരക്ഷിതമല്ലാത്തതോ ഗുണനിലവാരം കുറഞ്ഞതോ തെറ്റായി മുദ്രകുത്തിയതോ ബാഹ്യപദാർത്ഥങ്ങൾ അടങ്ങിയിരിക്കുന്നതോ ആക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നതോ ഉപയോഗിക്കാൻ കഴിയുന്നതോ ആയ ഏതെങ്കിലും പദാർത്ഥം എന്നർത്ഥമാകുന്നു;

(ഖ) "പരസ്യം" എന്നാൽ, ഏതെങ്കിലും വെളിച്ചം, ശബ്ദം, പുക, വാതകം, അച്ചടി, ഇലക്ട്രോണിക് മാധ്യമം, ഇന്റർനെറ്റ് അഥവാ വെബ്സൈറ്റ് എന്നീ മാർഗങ്ങളാൽ നടത്തുന്ന ഏതെങ്കിലും ശ്രവ്യമോ ദൃശ്യമോ ആയ പ്രചരണമോ പ്രതിനിധാനമോ പ്രഖ്യാപനമോ എന്നർത്ഥമാകുന്നതും ഏതെങ്കിലും നോട്ടീസ്, സർക്കുലർ, ലേബൽ, റാപ്പർ, ഇൻവോയ്സ് അഥവാ മറ്റു രേഖകൾ എന്നിവ മുഖേന നടത്തുന്നതും ഉൾപ്പെടുന്നതുമാകുന്നു;

(ഗ) "ചെയർപേഴ്സൺ" എന്നാൽ ഭക്ഷ്യഅതോറിറ്റിയുടെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(ഘ) "അവകാശവാദം" എന്നാൽ ഒരു ഭക്ഷ്യത്തിന് അതിന്റെ ഉത്ഭവം, പോഷകഗുണങ്ങൾ, പ്രകൃതം, സംസ്കരണം, ഘടന എന്നിവയുമായി ബന്ധപ്പെട്ടോ മറ്റുവിധത്തിലോ പ്രത്യേക ഗുണങ്ങൾ ഉണ്ടെന്ന് പ്രസ്താവിക്കുകയോ നിർദേശിക്കുകയോ അല്ലെങ്കിൽ ധ്വനിപ്പിക്കുകയോ ചെയ്യുന്ന ഏതെങ്കിലും നിവേദനം എന്നർത്ഥമാകുന്നു;

(ങ) "ഭക്ഷ്യസുരക്ഷാ കമ്മീഷണർ" എന്നാൽ 30-ാം വകുപ്പുപ്രകാരം നിയമിക്കപ്പെട്ട ഭക്ഷ്യസുരക്ഷാ കമ്മീഷണർ എന്നർത്ഥമാകുന്നു;

(ച) "ഉപഭോക്താവ്" എന്നാൽ അവരുടെ വ്യക്തിപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി ഭക്ഷ്യം വിലയ്ക്കുവാങ്ങുകയും സ്വീകരിക്കുകയും ചെയ്യുന്ന ആളുകളും കുടുംബങ്ങളും എന്നർത്ഥമാകുന്നു;

(ഛ) "മാലിന്യം" എന്നാൽ നിർമ്മാണം (വിള സംരക്ഷണം, മൃഗസംരക്ഷണം അഥവാ മൃഗചികിത്സാ വൈദ്യശാസ്ത്രം എന്നിവയിൽ നടത്തുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടെ), ഉൽപ്പാദനം, സംസ്കരണം, തയ്യാറാക്കൽ, ട്രീറ്റ്മെന്റ്, പാക്കിംഗ്, പാക്കേജിംഗ്, പരിവഹണം അഥവാ അങ്ങനെയുള്ള ഭക്ഷ്യത്തിന്റെ വഹിക്കൽ എന്നിവയുടെ ഫലമായോ അഥവാ പരിസ്ഥിതി മലിനീകരണത്തിന്റെ ഫലമായോ ഭക്ഷ്യത്തിൽ ചേർക്കപ്പെട്ടതോ അല്ലാത്തതോ ആയതും എന്നാൽ അങ്ങനെയുള്ള ഭക്ഷ്യത്തിൽ കാണപ്പെടുന്നതുമായ ഏതെങ്കിലും പദാർത്ഥമെന്ന് അർത്ഥമാകുന്നതും എന്നാൽ പ്രാണികളുടെ അവശിഷ്ടവും മൂഷികവർഗ്ഗത്തിൽപ്പെട്ട ജീവികളുടെ രോമങ്ങളും മറ്റു ബാഹ്യ പദാർത്ഥങ്ങളും ഉൾപ്പെടാത്തതുമാകുന്നു;

(ജ) "പദവി നിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ" എന്നാൽ 36-ാം വകുപ്പു പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ഝ) "ബാഹ്യപദാർത്ഥം" എന്നാൽ ഒരു ഭക്ഷ്യപദാർത്ഥത്തിന്റെ ഉൽപ്പാദനത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളിൽനിന്നോ പാക്കേജിംഗ് വസ്തുക്കളിൽനിന്നോ സംസ്കരണ സംവിധാനങ്ങളിൽനിന്നോ കയറിക്കൂടാവുന്നതോ അതിലേക്ക് കൂട്ടിച്ചേർത്തതോ ആയ അതിൽ അടങ്ങിയിട്ടുള്ള ഏതെങ്കിലും വസ്തു എന്നർത്ഥമാകുന്നതും എന്നാൽ അങ്ങനെയുള്ള വസ്തു അങ്ങനെയുള്ള ഭക്ഷ്യപദാർത്ഥത്തെ സുരക്ഷിതമല്ലാത്തത് ആക്കുന്നതുമല്ല;

(ഞ) "ഭക്ഷ്യം" എന്നാൽ മനുഷ്യഉപഭോഗത്തിന് ഉദ്ദേശിച്ചുകൊണ്ടുള്ള സംസ്കരിച്ചതോ ഭാഗികമായി സംസ്കരിച്ചതോ സംസ്കരിക്കാത്തതോ ആയ ഏതെങ്കിലും

പദാർത്ഥം എന്നർത്ഥമാകുന്നതും അതിൽ (യട) ഖണ്ഡത്തിൽ നിർവചിക്കപ്പെട്ടിട്ടുള്ള വ്യാപ്തിയോളമുള്ള പ്രാഥമികഭക്ഷ്യം ജനിതകപരമായി വ്യത്യാസം വരുത്തിയതോ യന്ത്രസഹായത്താൽ ഉണ്ടാക്കിയതോ ആയ ഭക്ഷ്യം അല്ലെങ്കിൽ അങ്ങനെയുള്ള ചേരുവകൾ അടങ്ങിയ ഭക്ഷ്യം, ശിശുഭക്ഷ്യം, പായ്ക്ക്ചെയ്ത കുടിവെള്ളം, ലഹരിപാനീയം, ച്യൂയിംഗം, ഭക്ഷ്യത്തിന്റെ ഉൽപ്പാദനത്തിന്റെയോ തയ്യാറാക്കലിന്റെയോ ട്രീറ്റ്മെന്റിന്റെയോ വേളയിൽ അതിലേക്ക് ഉപയോഗിക്കുന്ന ജലം ഉൾപ്പെടെയുള്ള ഏതെങ്കിലും പദാർത്ഥം എന്നിവ ഉൾപ്പെടുന്നതും എന്നാൽ ഏതെങ്കിലും മൃഗത്തീറ്റ, മനുഷ്യോപഭോഗത്തിനായി വിപണിയിൽ വയ്ക്കുന്നതിനുവേണ്ടി തയ്യാറാക്കുകയോ സംസ്കരിക്കുകയോ ചെയ്യാത്തപക്ഷം, ജീവനുള്ള മൃഗങ്ങൾ, വിളവെടുക്കുന്നതിനു മുമ്പുള്ള സസ്യങ്ങൾ, മരുന്നുകളും ഔഷധോൽപ്പന്നങ്ങളും, സൗന്ദര്യവർദ്ധക വസ്തുക്കൾ, മയക്കുമരുന്ന് അല്ലെങ്കിൽ സൈക്കോട്രോപ്പിക് പദാർത്ഥങ്ങൾ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു:

എന്നാൽ കേന്ദ്രസർക്കാരിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി മറ്റേതെങ്കിലും സാധനത്തെ, അതിന്റെ ഉപയോഗമോ പ്രകൃതമോ സത്തയോ ഗുണമേന്മയോ പരിഗണിച്ച് ഭക്ഷ്യമായി പ്രഖ്യാപിക്കാവുന്നതാണ്;

(ട) ''ഭക്ഷ്യവർധി'' എന്നാൽ സ്വാഭാവികമായി അങ്ങനെതന്നെ ഒരു ഭക്ഷ്യമായി ഉപയോഗിക്കാത്തതോ അതിന് പോഷകമൂല്യം ഉണ്ടെങ്കിലും ഇല്ലെങ്കിലും ഭക്ഷ്യത്തിന്റെ ഒരു സവിശേഷമായ ഘടകമായി ഉപയോഗിക്കുന്നതോ ഭക്ഷ്യത്തിന്റെ നിർമ്മാണത്തിലോ സംസ്കരണത്തിലോ തയ്യാറാക്കലിലോ ട്രീറ്റ്മെന്റിലോ പായ്ക്കിംഗിലോ പാക്കേജിംഗിലോ പരിവഹണത്തിലോ അഥവാ അങ്ങനെയുള്ള ഭക്ഷ്യത്തിന്റെ വഹിക്കലിലോ സാങ്കേതിക ആവശ്യത്തിനായി (ഓർഗനോലെപ്റ്റിക് ഉൾപ്പെടെ) ഭക്ഷ്യത്തിലേക്കുള്ള അതിന്റെ മനഃപൂർവമായ കൂട്ടിച്ചേർക്കൽ, അതോ അല്ലെങ്കിൽ അതിന്റെ ഉപോൽപ്പന്നങ്ങളോ അങ്ങനെയുള്ള ഭക്ഷ്യത്തിന്റെ ഒരു ഘടകമായി തീരുന്നതിലോ മറ്റുവിധത്തിൽ അങ്ങനെയുള്ള ഭക്ഷ്യത്തിന്റെ നൈസർഗികതയെ ബാധിക്കുന്നതിലോ പരിണമിക്കുകയോ (നേരിട്ടോ നേരിട്ടല്ലാതെയോ) പരിണമിക്കുമെന്ന് ന്യായമായി പ്രതീക്ഷിക്കാവുന്നതോ ആയ ഏതെങ്കിലും പദാർത്ഥം എന്നർത്ഥമാകുന്നതും എന്നാൽ ''മാലിന്യങ്ങളോ'' പോഷകമൂല്യങ്ങൾ നിലനിർത്തുന്നതിനോ വർധിപ്പിക്കുന്നതിനോ ഭക്ഷ്യത്തിലേക്ക് കൂട്ടിച്ചേർക്കുന്ന പദാർത്ഥങ്ങളോ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു;

(ഠ) ''ഭക്ഷ്യഅനലിസ്റ്റ്'' എന്നാൽ 45-ാം വകുപ്പുപ്രകാരം നിയമിക്കപ്പെട്ട ഒരു അനലിസ്റ്റ് എന്നർത്ഥമാകുന്നു;

(ഡ) ''ഭക്ഷ്യഅതോറിറ്റി'' എന്നാൽ 4-ാം വകുപ്പുപ്രകാരം സ്ഥാപിക്കപ്പെട്ട ഭാരത ഭക്ഷ്യസുരക്ഷിതത്വവും ഗുണനിലവാരങ്ങളും അതോറിറ്റി എന്നർത്ഥമാകുന്നു;

(ഢ) ''ഭക്ഷ്യബിസിനസ്സ്'' എന്നാൽ നിർമ്മാണത്തിന്റെയും സംസ്കരണത്തിന്റെയും പാക്കേജിംഗിന്റെയും സംഭരണത്തിന്റെയും പരിവഹണത്തിന്റെയും ഭക്ഷ്യത്തിന്റെ വിതരണത്തിന്റെയും ഇറക്കുമതിയുടെയും ഏതെങ്കിലും ഘട്ടവുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രവർത്തനങ്ങൾ ലാഭത്തിനോ അല്ലാതെയോ പൊതുവായോ സ്വകാര്യമായോ നടത്തുന്ന ഏതെങ്കിലും സംരംഭം എന്നർത്ഥമാകുന്നതും അതിൽ ഭക്ഷ്യസർവീസുകളോ കാറ്ററിംഗ് സർവീസുകളോ ഭക്ഷ്യത്തിന്റെയോ ഭക്ഷ്യഘടകങ്ങളുടെയോ വിൽപ്പനയോ ഉൾപ്പെടുന്നതുമാകുന്നു;

(ണ) ഭക്ഷ്യബിസിനസ്സുമായി ബന്ധപ്പെട്ട ''ഭക്ഷ്യബിസിനസ്സ് പ്രവർത്തകൻ'' എന്നാൽ ബിസിനസ്സ് നടത്തിവരുന്നതോ ബിസിനസ്സിന്റെ ഉടമസ്ഥാവകാശം ഉള്ളതോ ആയ ഈ ആക്റ്റിന്റെയും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളുടെയും റെഗുലേഷനുകളുടെയും അനുവർത്തനം ഉറപ്പുവരുത്തുന്നതിന് ഉത്തരവാദിത്വമുള്ളതുമായ ഒരാൾ എന്നർത്ഥമാകുന്നു;

(ത) ''ഭക്ഷ്യപരീക്ഷണശാല'' എന്നാൽ കേന്ദ്രസർക്കാരിനാലോ സംസ്ഥാന സർക്കാരിനാലോ മറ്റേതെങ്കിലും ഏജൻസിയാലോ സ്ഥാപിക്കപ്പെട്ടതും നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസ് അഥവാ ഒരു തത്തുല്യ അക്രഡിറ്റേഷൻ ഏജൻസി അധികാരപത്രം നൽകിയതും 43-ാം വകുപ്പുപ്രകാരം ഭക്ഷ്യ അതോറിറ്റിയാൽ അംഗീകരിക്കപ്പെട്ടതുമായ ഏതെങ്കിലും ഭക്ഷ്യപരീക്ഷണശാലയോ സ്ഥാപനമോ എന്നർത്ഥമാകുന്നു;

(ഥ) ''ഭക്ഷ്യസുരക്ഷിതത്വം'' എന്നാൽ ഭക്ഷ്യത്തിന്റെ ഉദ്ദിഷ്ട ഉപയോഗത്തിനനുസൃതമായി അത് മനുഷ്യഉപഭോഗത്തിനുവേണ്ടി സ്വീകാര്യമായതാണെന്നുള്ള ഉറപ്പ് എന്നർത്ഥമാകുന്നു;

(ദ) ''ഭക്ഷ്യസുരക്ഷിതത്വ ആഡിറ്റ്'' എന്നാൽ നിർമ്മാണയൂണിറ്റുകൾ സ്വീകരിച്ചിട്ടുള്ള ഭക്ഷ്യസുരക്ഷിതത്വ മാർഗങ്ങളും ബന്ധപ്പെട്ട ഫലങ്ങളും ഭക്ഷ്യസുരക്ഷിതത്വത്തിന്റെ ലക്ഷ്യങ്ങളും അതിലേക്കായി നടത്തിയിട്ടുള്ള അവകാശവാദങ്ങളും നിറവേറ്റുന്നുണ്ടോയെന്ന് തീരുമാനിക്കുന്നതിനായി അങ്ങനെയുള്ള മാർഗങ്ങളുടെ വ്യവസ്ഥാപിതവും പ്രവർത്തനപരമായി സ്വതന്ത്രവുമായ ഒരു പരിശോധന എന്നർത്ഥമാകുന്നു;

(ധ) ''ഭക്ഷ്യസുരക്ഷിതത്വ മാനേജ്മെന്റ് സംവിധാനം'' എന്നാൽ മികച്ച നിർമ്മാണരീതികളും മികച്ച ആരോഗ്യസംരക്ഷണരീതികളും അപകടസാധ്യതാ വിശകലനവും ക്രിട്ടിക്കൽ കൺട്രോൾ പോയിന്റും ഭക്ഷ്യബിസിനസ്സിനുവേണ്ടി റെഗുലേഷനുകളാൽ നിർദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റു രീതികളും സ്വീകരിക്കൽ എന്നർത്ഥമാകുന്നു;

(ന) ''ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻ'' എന്നാൽ 37-ാം വകുപ്പുപ്രകാരം നിയമിക്കപ്പെട്ട ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(പ) ''വിപത്ത്'' എന്നാൽ ആരോഗ്യത്തിന് പ്രതികൂലമായ ഒരു ഫലം ഉണ്ടാക്കുവാൻ ശേഷിയുള്ള, ഭക്ഷ്യത്തിലെ ജൈവപരമോ രാസപരമോ ഭൗതികപരമോ ആയ ഒരു ഏജൻറ് അല്ലെങ്കിൽ അതിന്റെ അവസ്ഥ എന്നർത്ഥമാകുന്നു;

(ഫ) ''ഇറക്കുമതി'' എന്നാൽ കരമാർഗമോ കടൽമാർഗമോ വ്യോമമാർഗമോ ഏതെങ്കിലും ഭക്ഷ്യപദാർത്ഥം ഭാരതത്തിലേക്കു കൊണ്ടുവരുന്നത് എന്നർത്ഥമാകുന്നു;

(ബ) ''മെച്ചപ്പെടുത്തൽ നോട്ടീസ്'' എന്നാൽ ഈ ആക്റ്റിന്റെ 32-ാം വകുപ്പു പ്രകാരം പുറപ്പെടുവിച്ച ഒരു നോട്ടീസ് എന്നർത്ഥമാകുന്നു;

1992-ലെ 41

(ഭ) ''ശിശുഭക്ഷ്യവും'' ''ശിശുക്കൾക്കുള്ള പാലിന് പകരമുള്ളതും'' എന്നതിന് 1992-ലെ ഇൻഫന്റ് മിൽക്ക് സബ്സ്റ്റിറ്റ്യൂട്ട്സ്, ഫീഡിംഗ് ബോട്ടിൽസ് ആന്റ് ഇൻഫന്റ് ഫുഡ്സ് (റെഗുലേഷൻ ഓഫ് പ്രൊഡക്ഷൻ, സപ്ലൈ ആന്റ് ഡിസ്ട്രിബ്യൂഷൻ) ആക്റ്റിലെ 2-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (ച) ഖണ്ഡത്തിലും (ഛ) ഖണ്ഡത്തിലും യഥാക്രമം അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്;

(മ) ''ചേരുവ'' എന്നാൽ ഭക്ഷ്യത്തിന്റെ നിർമ്മാണത്തിലോ തയ്യാറാക്കലിലോ ഉപയോഗിക്കപ്പെട്ടതും അന്തിമ ഉൽപ്പന്നത്തിൽ മാറ്റം വരുത്തിയ ഒരു രൂപത്തിൽ ഉണ്ടാകാൻ സാധ്യതയുള്ളതുമായ ഒരു ഭക്ഷ്യവർധി ഉൾപ്പെടെയുള്ള ഏതെങ്കിലും പദാർത്ഥം എന്നർത്ഥമാകുന്നു;

(യ) ''ലേബൽ'' എന്നാൽ ഏതെങ്കിലും ഭക്ഷ്യപാക്കേജിന്റെ പാത്രത്തിന്മേലോ കവറിന്മേലോ അടപ്പിന്മേലോ ക്രൗണിന്മേലോ എഴുതപ്പെട്ടതോ പ്രിന്റ് ചെയ്തതോ സ്റ്റെൻസിൽ ചെയ്തതോ അടയാളപ്പെടുത്തിയതോ കൊത്തുപണി ചെയ്തതോ ചിത്രണം ചെയ്തതോ സുഷിരങ്ങളിട്ടതോ മുദ്രവച്ചതോ പതിച്ചതോ അതിനോട് കൂട്ടിച്ചേർത്തതോ ആയ ഏതെങ്കിലും ടാഗോ മുദ്രയോ അടയാളമോ ചിത്രാംഗിതമോ മറ്റു വർണ്ണനാപരമായ വസ്തുവോ എന്നർത്ഥമാകുന്നതും അതിൽ ഒരു ഉൽപ്പന്നം നിവേശിപ്പിക്കുന്ന വസ്തു ഉൾപ്പെടുന്നതുമാകുന്നു;

(യക) ''ലൈസൻസ്'' എന്നാൽ 31-ാം വകുപ്പുപ്രകാരം അനുവദിക്കപ്പെട്ട ലൈസൻസ് എന്നർത്ഥമാകുന്നു;

(യഖ) ''തദ്ദേശപ്രദേശം'' എന്നാൽ ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഒരു തദ്ദേശപ്രദേശമായി വിജ്ഞാപനം ചെയ്ത ഏതെങ്കിലും പ്രദേശം, അത് നഗരപ്രദേശമോ ഗ്രാമപ്രദേശമോ ആയാലും, എന്നർത്ഥമാകുന്നു;

(യഗ) ''നിർമ്മാണം'' എന്നാൽ ഒരു ഭക്ഷ്യപദാർത്ഥത്തിന്റെ നിർമ്മാണത്തിന് ആനുഷംഗികമായതോ സഹായകമായതോ ആയ ഏതെങ്കിലും ഉപപ്രക്രിയ ഉൾപ്പെടുന്ന, ചേരുവകൾ ഭക്ഷ്യപദാർത്ഥമായി പരിവർത്തനംചെയ്യുന്നതിനുള്ള ഒരു പ്രക്രിയയോ സ്വീകരിക്കലോ ഏതെങ്കിലും ട്രീറ്റ്മെന്റോ എന്നർത്ഥമാകുന്നു;

(യഘ) ''നിർമ്മാതാവ്'' എന്നാൽ വിൽപ്പനയ്ക്കായി ഏതെങ്കിലും ഭക്ഷ്യ പദാർത്ഥം നിർമ്മിക്കുന്ന ബിസിനസ്സിൽ ഏർപ്പെട്ടിട്ടുള്ള ഒരാൾ എന്നർത്ഥമാകുന്നതും അതിൽ അങ്ങനെയുള്ള പദാർത്ഥം മറ്റൊരാളിൽനിന്നും ലഭിക്കുകയും വിൽപ്പനയ്ക്കായി അത് പായ്ക്ക് ചെയ്യുകയും ലേബൽ ചെയ്യുകയും അഥവാ അങ്ങനെയുള്ള ആവശ്യങ്ങൾക്കായി അത് ലേബൽ ചെയ്യുക മാത്രം ചെയ്യുന്നതുമായ ഏതെങ്കിലും ആൾ ഉൾപ്പെടുന്നതുമാകുന്നു;

[1][(യങ) "അംഗം" എന്നതിൽ ഭക്ഷ്യഅതോറിറ്റിയുടെ ഒരു പാർട്ട്ടൈം അംഗവും ചെയർപേഴ്സണും ഉൾപ്പെടുന്നതാകുന്നു;]

(യച) "തെറ്റായി മുദ്രകുത്തിയ ഭക്ഷ്യം" എന്നാൽ ഒരു ഭക്ഷ്യപദാർഥം—

(ക) ആയത്—

(i) (ക) പാക്കേജിന്റെ ലേബലിലോ,

(ഖ) പരസ്യം മുഖേനയോ,

വ്യാജമായതോ തെറ്റിദ്ധരിപ്പിക്കുന്നതോ കബളിപ്പിക്കുന്നതോ ആയ അവകാശവാദങ്ങളോടെ വിൽപ്പനയ്ക്കുവേണ്ടി ഓഫർ ചെയ്തതോ പ്രോത്സാഹിപ്പിച്ചതോ ആയി കരുതപ്പെടുന്നതോ പ്രതിനിധാനം ചെയ്യപ്പെടുന്നതോ ഓഫർ ചെയ്തുകൊണ്ടിരിക്കുന്നതോ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നതോ ആണെങ്കിൽ; അഥവാ

(ii) മറ്റൊരു ഭക്ഷ്യപദാർഥത്തിനുള്ള ഒരു പേരിനാൽ വിൽക്കപ്പെട്ടതായി കരുതപ്പെടുന്നതോ പ്രതിനിധാനം ചെയ്യപ്പെടുന്നതോ വിൽക്കപ്പെട്ടുകൊണ്ടിരിക്കുന്നതോ ആണെങ്കിൽ; അഥവാ

(iii) പദാർഥത്തിന്റെ നിർമ്മാതാവോ ഉൽപ്പാദകനോ ആയി പദാർത്ഥം അടങ്ങിയിരിക്കുന്ന പാക്കേജിലോ അങ്ങനെയുള്ള പാക്കേജിന്റെ ലേബലിലോ ഉള്ള കൽപ്പിതമായ ഒരു വ്യക്തിയുടെയോ കമ്പനിയുടെയോ പേരിൻകീഴിൽ വിൽപ്പനയ്ക്കുവേണ്ടി ഓഫർ ചെയ്തതോ പ്രോത്സാഹിപ്പിച്ചതോ ആയി കരുതപ്പെടുന്നതോ പ്രതിനിധാനം ചെയ്യപ്പെടുന്നതോ ഓഫർ ചെയ്തുകൊണ്ടിരിക്കുന്നതോ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നതോ ആണെങ്കിൽ; അഥവാ

(ഖ) നിർമ്മാതാവിനാലോ ഉൽപ്പാദകനാലോ അവരുടെ ആവശ്യപ്രകാരമോ മുദ്രവയ്ക്കുകയോ തയ്യാറാക്കുകയോ ചെയ്തിട്ടുള്ളതും അയാളുടെ പേരും മേൽവിലാസവും വഹിക്കുന്നതുമായ പാക്കേജുകളിൽ ആ പദാർഥം വിൽക്കപ്പെടുന്നുവെങ്കിൽ, എന്നാൽ—

(i) മറ്റ് ഏത് ഭക്ഷ്യപദാർഥത്തിന്റെ പേരിലാണോ അത് വിൽക്കപ്പെടുന്നത്, ആ പദാർഥത്തിന്റെ ഒരു അനുകരണമോ പകരമുള്ളതോ ആയിരിക്കുകയോ അല്ലെങ്കിൽ കബളിപ്പിക്കാൻ ഇടയുള്ള ഒരു രീതിയിൽ അതിന് സദൃശമായിരിക്കുകയോ ചെയ്യുകയും അതിന്റെ യഥാർഥസ്വഭാവം സൂചിപ്പിക്കത്തക്കവിധം വ്യക്തമായും ശ്രദ്ധയാകർഷിക്കത്തക്കവണ്ണവും ലേബൽ ചെയ്യപ്പെടാതിരിക്കുകയും; അഥവാ

(ii) ആ പദാർഥം അടങ്ങുന്ന പാക്കേജോ, പാക്കേജിന് പുറത്തുള്ള ലേബലോ, അതിൽ അടങ്ങിയ ചേരുവകളെക്കുറിച്ചോ സാധനങ്ങളെക്കുറിച്ചോ സാരമായ ഏതെങ്കിലും വിവരം സംബന്ധിച്ച് വ്യാജമായതോ തെറ്റിദ്ധരിപ്പിക്കുന്നതോ ആയ ഏതെങ്കിലും പ്രസ്താവനയോ രൂപമാതൃകയോ അടയാളമോ വഹിക്കുകയോ അല്ലെങ്കിൽ ആ പാക്കേജ് അതിന്റെ ഉള്ളടക്കം സംബന്ധിച്ച്, മറ്റുവിധത്തിൽ കബളിപ്പിക്കുന്നതായിരിക്കുകയോ ചെയ്യുകയും; അഥവാ

(iii) ഏതെങ്കിലും സ്ഥലത്തെയോ രാജ്യത്തെയോ ഉൽപ്പന്നമാണെന്ന വ്യാജേന ആ പദാർഥം വിൽപ്പനയ്ക്കായി ഓഫർ ചെയ്തിരിക്കുകയും; അഥവാ

(ഗ) പാക്കേജിൽ അടങ്ങിയിട്ടുള്ള പദാർഥം—

(i) ഏതെങ്കിലും കൃത്രിമമായ രുചി നൽകലോ നിറം നൽകലോ രാസസംരക്ഷണോപാധിയോ അടങ്ങിയതായിരിക്കുകയും ആ വസ്തുത പ്രസ്താവിച്ചുകൊണ്ടുള്ള ഒരു പ്രഖ്യാപിത ലേബൽ പാക്കേജിൽ ഇല്ലാതിരിക്കുകയും ഈ ആക്റ്റിന്റെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട റെഗുലേഷനുകളുടെയോ ആവശ്യകതകൾക്കനുസൃതമായി ലേബൽ ചെയ്തിട്ടില്ലാത്തതോ അവ ഉല്ലംഘിച്ചുകൊണ്ടുള്ളതോ ആണെങ്കിൽ;

---

1. 2008-ലെ 13-ാം ആക്റ്റ്, 2-ാം വകുപ്പ് പ്രകാരം (യങ) ഖണ്ഡത്തിനു പകരം ചേർത്തത് (7-2-2008 മുതൽ പ്രാബല്യം).

(ii) പ്രത്യേക പഥ്യാഹാര ഉപയോഗങ്ങൾക്കായി ഓഫർ ചെയ്തിട്ടുള്ള, അതിന്റെ വിറ്റാമിനുകളെയോ ധാതുക്കളെയോ മറ്റ് പഥ്യാഹാര ഗുണവിശേഷങ്ങളെയോ സംബന്ധിച്ച അങ്ങനെയുള്ള ഉപയോഗത്തിനായുള്ള അതിന്റെ മൂല്യം അതിന്റെ ക്രേതാവിനെ വേണ്ടുംവിധം അറിയിക്കുവാൻ റെഗുലേഷനുകളാൽ നിർദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള വിവരം അതിന്റെ ലേബൽ വഹിക്കാത്തപക്ഷം വിൽപ്പനയ്ക്കായി ഓഫർ ചെയ്തിട്ടുണ്ടെങ്കിൽ; അഥവാ

(iii) ഈ ആക്റ്റിൻകീഴിൽ വ്യത്യാസപ്പെടുത്തുന്നതിന് പ്രതിപാദിച്ചിട്ടുള്ള പരിധിക്കുള്ളിൽ അതിന്റെ പുറത്ത് ശ്രദ്ധയാകർഷിക്കത്തക്കവണ്ണമോ ശരിയായോ പ്രസ്താവിക്കുന്നില്ലെങ്കിൽ,

എന്നർത്ഥമാകുന്നു;

(യഛ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(യജ) "പാക്കേജ്" എന്നാൽ ഒരു ഭക്ഷ്യപദാർത്ഥം പായ്ക്ക് ചെയ്തിരിക്കുന്ന, മുൻപിനാലേ പായ്ക്ക് ചെയ്തിട്ടുള്ള ഒരു പെട്ടി, കുപ്പി, കാസ്ക്കറ്റ്, ടിൻ, വീപ്പ, കേയ്സ്, പൗച്ച്, പാത്രം, ചാക്ക്, സഞ്ചി, റാപ്പർ അല്ലെങ്കിൽ അങ്ങനെയുള്ള മറ്റു സാധനങ്ങൾ എന്നർത്ഥമാകുന്നു;

(യഝ) "പരിസരങ്ങൾ" എന്നതിൽ ഏതെങ്കിലും ഭക്ഷ്യപദാർത്ഥം വിൽക്കുകയോ വിൽപ്പനയ്ക്കായി നിർമ്മിക്കുകയോ സംഭരിക്കുകയോ ചെയ്യുന്ന ഏതെങ്കിലും കട, സ്റ്റാൾ, ഹോട്ടൽ, റസ്റ്റോറന്റ്, എയർലൈൻ സർവീസുകളും ഭക്ഷ്യ കാന്റീനുകളും, സ്ഥലം അഥവാ വാഹനം അഥവാ യാനം എന്നിവ ഉൾപ്പെടുന്നു;

(യഞ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ, അതതു സംഗതിപോലെ, കേന്ദ്രസർക്കാരിനാലോ സംസ്ഥാനസർക്കാരിനാലോ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(യട) "പ്രാഥമിക ഭക്ഷ്യം" എന്നാൽ വളരുന്നതിന്റെയോ വളർത്തുന്നതിന്റെയോ കൃഷിയുടെയോ ശേഖരിക്കുന്നതിന്റെയോ വിളവെടുക്കുന്നതിന്റെയോ സംഭരണത്തിന്റെയോ പിടിക്കുന്നതിന്റെയോ ഫലമായി ഒരു കൃഷിക്കാരനോ മീൻപിടുത്തക്കാരനോ അല്ലാത്ത ഒരാളിന്റെ കൈവശമുള്ള, കൃഷിയുടെയോ തോട്ടക്കൃഷിയുടെയോ മൃഗസംരക്ഷണത്തിന്റെയും കന്നുകാലി വളർത്തലിന്റെയുമോ ജലസസ്യങ്ങളുടെയോ ജലജന്തുക്കളുടെയോ വളർത്തലിന്റെയോ ഒരു ഉൽപ്പന്നമായ ഒരു ഭക്ഷ്യപദാർത്ഥം അതിന്റെ പ്രകൃത്യാ ഉള്ള രൂപത്തിൽ എന്നർത്ഥമാകുന്നു;

(യഠ) "നിരോധന ഉത്തരവ്" എന്നാൽ ഈ ആക്റ്റിലെ 33-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഒരു ഉത്തരവ് എന്നർത്ഥമാകുന്നു;

(യഡ) ഏതെങ്കിലും ഭക്ഷ്യപദാർത്ഥത്തെ സംബന്ധിച്ച്, "അപായ സാധ്യത" എന്നാൽ ഒരു ഭക്ഷ്യവിപത്തിന്റെ അനന്തരഫലമായി അങ്ങനെയുള്ള ഭക്ഷ്യത്തിന്റെ ഉപഭോക്താക്കളുടെ ആരോഗ്യത്തിൻമേലുള്ള ദോഷഫലത്തിന്റെ സാധ്യതയും ആ ഫലത്തിന്റെ തീവ്രതയും എന്നർത്ഥമാകുന്നു;

(യഢ) ഏതെങ്കിലും ഭക്ഷ്യപദാർത്ഥത്തെ സംബന്ധിച്ച്, "അപായ സാധ്യതാ വിശകലനം" എന്നാൽ അപായസാധ്യതാ നിർണ്ണയം, അപായസാധ്യതാ നിയന്ത്രണം, അപായസാധ്യതാ അറിയിപ്പ് എന്നീ മൂന്ന് ഘടകങ്ങൾ അടങ്ങുന്ന ഒരു പ്രക്രിയ എന്നർത്ഥമാകുന്നു;

(യണ) "അപായസാധ്യതാനിർണ്ണയം" എന്നാൽ താഴെപ്പറയുന്ന നടപടികൾ ഉൾക്കൊള്ളുന്ന ശാസ്ത്രീയാടിസ്ഥാനത്തിലുള്ള ഒരു പ്രക്രിയ എന്നർത്ഥമാകുന്നു:

(i) വിപത്ത് തിരിച്ചറിയൽ, (ii) വിപത്തിന്റെ സ്വഭാവനിവർണ്ണനം, (iii) വെളിപ്പെടുന്നതിന്റെ നിർണ്ണയം, (iv) അപായസാധ്യതയുടെ സ്വഭാവനിവർണ്ണനം;

(യത) "അപായസാധ്യതാ അറിയിപ്പ്" എന്നാൽ അപായസാധ്യതാനിർണ്ണയ തീർപ്പുകളുടെ വിശദീകരണവും അപായസാധ്യതാനിയന്ത്രണ തീരുമാനങ്ങളുടെ അടിസ്ഥാനവും ഉൾപ്പെടെ അപായസാധ്യത നിർണ്ണയിക്കുന്നവരുടെയും അപായസാധ്യത നിയന്ത്രിക്കുന്നവരുടെയും ഉപഭോക്താക്കളുടെയും വ്യവസായത്തിന്റെയും അക്കാഡമിക് സമൂഹത്തിന്റെയും മറ്റ് തൽപ്പരകക്ഷികളുടെയും ഇടയിൽ അപായസാധ്യതയും അപായസാധ്യതയുമായി ബന്ധപ്പെട്ട ഘടകങ്ങളും അപായസാധ്യതാ അവബോധവും സംബന്ധിച്ച് അപായസാധ്യതാവിശകലന പ്രക്രിയയിലുടനീളമുള്ള വിവരത്തിന്റെയും അഭിപ്രായങ്ങളുടെയും പരസ്പരസമ്പർക്ക വിനിമയം എന്നർത്ഥമാകുന്നു;

(യഥ) "അപായസാധ്യതാനിയന്ത്രണം" എന്നാൽ അപായസാധ്യതാ നിർണ്ണയവും ഉപഭോക്താക്കളുടെ ആരോഗ്യസംരക്ഷണത്തിനും ന്യായമായ വ്യാപാരരീതികളുടെ പ്രോത്സാഹനത്തിനും വേണ്ടിയുള്ള പ്രസക്തമായ മറ്റ് ഘടകങ്ങളും പരിഗണിച്ചും ആവശ്യമെങ്കിൽ നിരോധനത്തിനും നിയന്ത്രണത്തിനുമുള്ള യുക്തമായ ഓപ്ഷനുകൾ തിരഞ്ഞെടുത്തും എല്ലാ തൽപ്പരകക്ഷികളുമായി കൂടിയാലോചിച്ച് അപായസാധ്യതാ നിർണ്ണയത്തിൽനിന്നും വേറിട്ട നയപരമായ ഇതരമാർഗങ്ങൾ വിലയിരുത്തുന്നതിനുള്ള പ്രക്രിയ എന്നർത്ഥമാകുന്നു;

(യദ) "വിൽപ്പന", അതിന്റെ വ്യാകരണ സംബന്ധമായ രൂപഭേദങ്ങളോടും സജാതീയ പദങ്ങളോടും കൂടി, എന്നാൽ മനുഷ്യോപഭോഗത്തിനോ ഉപയോഗത്തിനോ അല്ലെങ്കിൽ വിശ്ലേഷണത്തിനോ ആയുള്ള ഏതെങ്കിലും ഭക്ഷ്യപദാർത്ഥത്തിന്റെ വിൽപ്പന, അത് റൊക്കമായോ കടമായോ വിനിമയമായോ ആയാലും, മൊത്തമായോ ചില്ലറയായോ ആയാലും, എന്ന് അർത്ഥമാകുന്നതും, അതിൽ അങ്ങനെയുള്ള ഏതെങ്കിലും പദാർത്ഥത്തിന്റെ വിൽപ്പനയ്ക്കുള്ള ഒരു കരാറോ വിൽപ്പനയ്ക്കുള്ള ഒരു ഓഫറോ, വിൽപ്പനയ്ക്കായി പ്രദർശിപ്പിക്കലോ, വിൽപ്പനയ്ക്കായി കൈവശം വയ്ക്കലോ ഉൾപ്പെടുന്നതും, കൂടാതെ അങ്ങനെയുള്ള ഏതെങ്കിലും പദാർത്ഥം വിൽക്കുന്നതിനുള്ള ഒരു ശ്രമവും ഉൾപ്പെടുന്നതും ആകുന്നു;

(യധ) "സാമ്പിൾ" എന്നാൽ ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടങ്ങളിലെയോ റെഗുലേഷനുകളിലെയോ വ്യവസ്ഥകൾപ്രകാരം എടുക്കപ്പെട്ട ഏതെങ്കിലും ഭക്ഷ്യപദാർത്ഥത്തിന്റെ ഒരു സാമ്പിൾ എന്നർത്ഥമാകുന്നു;

(യന) "റെഗുലേഷനുകളാൽ നിർദേശിക്കപ്പെട്ട" എന്നാൽ ഭക്ഷ്യഅതോറിറ്റിയാൽ ഉണ്ടാക്കപ്പെട്ട റെഗുലേഷനുകളാൽ നിർദ്ദേശിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(യപ) ഏതെങ്കിലും ഭക്ഷ്യപദാർത്ഥത്തെ സംബന്ധിച്ച് "നിലവാരം" എന്നാൽ ഭക്ഷ്യഅതോറിറ്റിയാൽ വിജ്ഞാപനം ചെയ്യപ്പെട്ട നിലവാരങ്ങൾ എന്നർത്ഥമാകുന്നു;

(യഫ) ഒരു യൂണിയൻ പ്രദേശത്തെ സംബന്ധിച്ച് "സംസ്ഥാനസർക്കാർ" എന്നാൽ ഭരണഘടനയുടെ 239-ാം അനുച്ഛേദപ്രകാരം രാഷ്ട്രപതിയാൽ നിയമിക്കപ്പെട്ട ആ യൂണിയൻ പ്രദേശത്തിന്റെ അഡ്മിനിസ്ട്രേറ്റർ എന്നർത്ഥമാകുന്നു;

(യബ) "പദാർത്ഥം" എന്നതിൽ ഖരാവസ്ഥയിലോ ദ്രാവകരൂപത്തിലോ വാതകത്തിന്റെയോ നീരാവിയുടെയോ രൂപത്തിലോ ഉള്ള സ്വാഭാവികമോ കൃത്രിമമോ ആയ ഏതെങ്കിലും സാധനമോ മറ്റ് വസ്തുവോ ഉൾപ്പെടുന്നു;

(യഭ) "നിലവാരം കുറഞ്ഞ" എന്നാൽ ഒരു ഭക്ഷ്യപദാർത്ഥം നിർദേശിക്കപ്പെട്ട നിലവാരങ്ങളിൽ എത്തുന്നില്ലെങ്കിൽ, എന്നാൽ അത് ഭക്ഷ്യപദാർത്ഥത്തെ സുരക്ഷിതമല്ലാത്തതാക്കിത്തീർക്കുന്നത് അല്ലാത്തതുമാണെങ്കിൽ, നിലവാരം കുറഞ്ഞതായി കരുതപ്പെടേണ്ടതാണ്;

(യമ) "ട്രിബ്യൂണൽ" എന്നാൽ 70-ാം വകുപ്പുപ്രകാരം സ്ഥാപിക്കപ്പെട്ട ഭക്ഷ്യസുരക്ഷിതത്വ അപ്പലേറ്റ് ട്രിബ്യൂണൽ എന്നർത്ഥമാകുന്നു;

(യയ) "സുരക്ഷിതമല്ലാത്ത ഭക്ഷ്യം" എന്നാൽ:—

(i) പൂർണ്ണമായോ ഭാഗികമായോ വിഷമയമോ ജീവനാശകമോ ആയ സാധനങ്ങൾ അടങ്ങിയ പദാർത്ഥത്തിനാലോ അതിന്റെ പാക്കേജിനാലോ; അഥവാ

(ii) പൂർണ്ണമായോ ഭാഗികമായോ, മലിനമായതോ ദുർഗന്ധമുള്ളതോ ചീഞ്ഞതോ ദ്രവിച്ചതോ അസുഖം ബാധിച്ചതോ ആയ മൃഗപദാർഥമോ സസ്യപദാർഥമോ അടങ്ങിയിരിക്കുന്ന പദാർഥത്തിനാലോ; അഥവാ

(iii) അതിന്റെ ആരോഗ്യരക്ഷാപരമല്ലാത്ത സംസ്കരണത്താലോ ആ പദാർത്ഥത്തിലെ ദോഷകരമായ സാധനത്തിന്റെ സാന്നിധ്യത്താലോ; അഥവാ

(iv) പൂർണ്ണമായോ ഭാഗികമായോ ഏതെങ്കിലും ഗുണംകുറഞ്ഞതോ വില കുറഞ്ഞതോ ആയ സാധനത്തിന്റെ പകരം ചേർക്കലിനാലോ; അഥവാ

(v) നേരിട്ടോ ഒരു ചേരുവയായോ അനുവദിക്കപ്പെടാത്ത ഒരു സാധനത്തിന്റെ കൂട്ടിച്ചേർക്കലിനാലോ; അഥവാ

(vi) അതിന്റെ ഏതെങ്കിലും ഘടകങ്ങളുടെ പൂർണ്ണമായോ ഭാഗികമായോ ഉള്ള വേർതിരിക്കലിനാലോ; അഥവാ

(vii) പദാർഥത്തെ കേടുവരുത്തുന്നതിനോ പദാർഥത്തെ മറച്ചു വയ്ക്കുന്നതിനോ അതിനെ മെച്ചപ്പെട്ടതെന്നോ അതിന് യഥാർഥത്തിലുള്ളതിനെക്കാൾ കൂടിയ മൂല്യമുണ്ടെന്നോ തോന്നിപ്പിക്കുന്നതിനായി പദാർഥത്തിന് അപ്രകാരം നിറം നൽകുകയോ രുചിയും മണവും നൽകുകയോ പൂശുകയോ പൊടിക്കുകയോ പോളിഷ് ചെയ്യുകയോ ചെയ്യുന്നതിനാലോ; അഥവാ

(viii) അതിലേക്കായി നിർദേശിക്കപ്പെട്ടതല്ലാത്ത നിറം കൊടുക്കുന്ന വസ്തുവിന്റെയോ മറ്റു സംരക്ഷണോപാധികളുടെയോ സാന്നിധ്യത്താലോ; അഥവാ

(ix) വിരകളാലോ പുഴുക്കളാലോ പ്രാണികളാലോ സംക്രമിക്കപ്പെട്ടിട്ടുള്ളതോ ബാധിക്കപ്പെട്ടിട്ടുള്ളതോ ആയ പദാർഥത്താലോ; അഥവാ

(x) ശുചീകരണമില്ലാത്ത അവസ്ഥകളിലുള്ള അവയുടെ തയ്യാറാക്കലിനാലോ പായ്ക്ക് ചെയ്യലിനാലോ സൂക്ഷിക്കലിനാലോ; അഥവാ

(xi) അത് തെറ്റായി മുദ്രകുത്തപ്പെട്ടതിനാലോ അതിന്റെ നിലവാരം കുറഞ്ഞതിനാലോ അതിൽ ബാഹ്യപദാർഥങ്ങൾ അടങ്ങിയിരിക്കുന്നതിനാലോ; അഥവാ

(xii) റെഗുലേഷനുകളാൽ നിർദേശിക്കപ്പെട്ടതിനെക്കാൾ കൂടുതൽ അളവുകളിൽ കീടനാശിനികളും മറ്റ് മാലിന്യങ്ങളും അടങ്ങിയിരിക്കുന്നതിനാലോ,

അതിന്റെ പ്രകൃതത്തെയോ വസ്തുദ്രവ്യത്തെയോ ഗുണത്തെയോ ആരോഗ്യത്തെ ഹാനികരമാകത്തക്കവിധം ബാധിച്ചിട്ടുള്ള ഒരു ഭക്ഷ്യപദാർഥം എന്നർഥമാകുന്നു.

(2) ജമ്മു-കാശ്മീർ സംസ്ഥാനത്തിൽ പ്രാബല്യത്തിലില്ലാത്ത ഒരു നിയമത്തെ ക്കുറിച്ചുള്ള ഈ ആക്റ്റിലെ ഏതെങ്കിലും പരാമർശത്തിന്*, ആ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം, ആ സംസ്ഥാനത്തിൽ പ്രാബല്യത്തിലുള്ള തൽസ്ഥാനീയ നിയമം, ഏതെങ്കിലുമുണ്ടെങ്കിൽ, അതിനെക്കുറിച്ചുള്ള ഒരു പരാമർശമായി അർഥം കൽപ്പിക്കേണ്ടതാണ്.

## അധ്യായം II

## ഭാരത ഭക്ഷ്യസുരക്ഷിതത്വവും നിലവാരങ്ങളും അതോറിറ്റി

ഭാരത ഭക്ഷ്യസുരക്ഷിതത്വവും നിലവാരങ്ങളും അതോറിറ്റിയുടെ സ്ഥാപിക്കൽ.

4. (1) കേന്ദ്രസർക്കാർ, ഈ ആക്റ്റുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിനും അതിനെ ഏൽപ്പിച്ച ചുമതലകൾ നിർവഹിക്കുന്നതിനും വിജ്ഞാപനംവഴി, ഭാരത ഭക്ഷ്യസുരക്ഷിതത്വവും നിലവാരങ്ങളും അതോറിറ്റി എന്നറിയപ്പെടുന്ന ഒരു നികായം സ്ഥാപിക്കേണ്ടതാണ്.

(2) ഭക്ഷ്യ അതോറിറ്റി ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടും കൂടിയതും സ്ഥാവരവും ജംഗമവുമായ വസ്തു ആർജ്ജിക്കുകയും കൈവശം വയ്ക്കുകയും കൈയൊഴിയുകയും ചെയ്യുന്നതിനും കരാറിൽ ഏർപ്പെടുത്തുന്നതിനുമുള്ള അധികാരത്തോടുകൂടിയതുമായ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിനാൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

---

* 2019 ഒക്ടോബർ 30-ാം തീയതിയിലെ എസ്.ഒ. 3912(ഇ) നമ്പർ വിജ്ഞാപനപ്രകാരം ഈ ആക്റ്റ് ജമ്മു-കാശ്മീർ യൂണിയൻ പ്രദേശത്തിനും ലഡാക്ക് യൂണിയൻ പ്രദേശത്തിനും ബാധകമാകുന്നു.

(3) ഭക്ഷ്യ അതോറിറ്റിയുടെ ഹെഡ് ആഫീസ് ഡൽഹിയിൽ ആയിരിക്കുന്നതാണ്.

(4) ഭക്ഷ്യ അതോറിറ്റിക്ക് അതിന്റെ ആഫീസുകൾ ഭാരതത്തിലെ മറ്റേതെങ്കിലും സ്ഥലത്ത് സ്ഥാപിക്കാവുന്നതാണ്.

ഭക്ഷ്യ അതോറിറ്റിയുടെ ഘടനയും അതിന്റെ ചെയർപേഴ്സന്റെയും മറ്റ് അംഗങ്ങളുടെയും നിയമനത്തിനുവേണ്ട യോഗ്യതകളും.

5. (1) ഭക്ഷ്യ അതോറിറ്റി ഒരു ചെയർപേഴ്സണും താഴെപ്പറയുന്ന ഇരുപത്തിരണ്ട് അംഗങ്ങളും അടങ്ങിയതായിരിക്കേണ്ടതും അതിൽ മൂന്നിലൊന്ന് വനിതകൾ ആയിരിക്കേണ്ടതുമാണ്, അതായത്:—

(ക) (i) കൃഷി,

(ii) വാണിജ്യം,

(iii) ഉപഭോക്തൃകാര്യങ്ങൾ,

(iv) ഭക്ഷ്യസംസ്കരണം,

(v) ആരോഗ്യം,

(vi) നിയമനിർമ്മാണ കാര്യങ്ങൾ,

(vii) ചെറുകിട വ്യവസായങ്ങൾ,

എന്നിവ കൈകാര്യം ചെയ്യുന്ന കേന്ദ്രസർക്കാരിന്റെ മന്ത്രാലയങ്ങളെയോ വകുപ്പുകളെയോ യഥാക്രമം പ്രതിനിധീകരിക്കുന്നതിന് കേന്ദ്രസർക്കാരിനാൽ നിയമിക്കപ്പെടേണ്ട ഭാരതസർക്കാരിന്റെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഏഴ് അംഗങ്ങൾ, അവർ എക്സ് ഒഫിഷ്യോ അംഗങ്ങളായിരിക്കുന്നതാണ്;

(ഖ) ഭക്ഷ്യവ്യവസായത്തിൽനിന്നുമുള്ള രണ്ട് പ്രതിനിധികൾ, അവരിൽ ഒരാൾ ചെറുകിട വ്യവസായങ്ങളിൽനിന്നുമായിരിക്കേണ്ടതാണ്;

(ഗ) ഉപഭോക്തൃ സംഘടനകളിൽനിന്നും രണ്ട് പ്രതിനിധികൾ;

(ഘ) ശ്രേഷ്ഠരായ മൂന്ന് ഭക്ഷ്യ സാങ്കേതികശാസ്ത്രജ്ഞർ അഥവാ ശാസ്ത്രജ്ഞർ;

(ങ) സംസ്ഥാനങ്ങളെയും യൂണിയൻ പ്രദേശങ്ങളെയും പ്രതിനിധീകരിക്കുന്നതിന് ഒന്നാം പട്ടികയിൽ നിർദേശിക്കപ്പെട്ടപ്രകാരമുള്ള മേഖലകളിൽനിന്നും അനുക്രമമായി ഒരാൾ വീതം ഓരോ മൂന്നു വർഷങ്ങളിലും ഊഴമനുസരിച്ച് നിയമിക്കപ്പെടേണ്ട അഞ്ച് അംഗങ്ങൾ;

(ച) കർഷകരുടെ സംഘടനകളെ പ്രതിനിധീകരിക്കുന്നതിന് രണ്ട് ആളുകൾ;

(ഛ) ചില്ലറവ്യാപാരികളുടെ സംഘടനകളെ പ്രതിനിധീകരിക്കുന്നതിന് ഒരാൾ.

(2) കാര്യക്ഷമതയുടെ ഏറ്റവും ഉയർന്ന നിലവാരങ്ങളും പ്രസക്തമായ വൈദഗ്ധ്യത്തിന്റെ വിശാലപരിധിയും ഉറപ്പാക്കത്തക്ക അങ്ങനെയുള്ള ഒരു രീതിയിൽ ഭക്ഷ്യ അതോറിറ്റിയുടെ ചെയർപേഴ്സണെയും മറ്റ് അംഗങ്ങളെയും നിയമിക്കേണ്ടതും രാജ്യത്തിനുള്ളിലെ സാധ്യമായ ഏറ്റവും വിശാലമായ ഭൂമിശാസ്ത്രപരമായ പങ്കിടൽ അവർ പ്രതിനിധാനം ചെയ്യേണ്ടതുമാണ്.

(3) കേന്ദ്രസർക്കാർ, ഭക്ഷ്യശാസ്ത്രത്തിന്റെ മേഖലയിൽ ശ്രേഷ്ഠരായ ആളുകൾക്കിടയിൽനിന്നും അല്ലെങ്കിൽ ഭാരതസർക്കാരിന്റെ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത സ്ഥാനം വഹിക്കുന്നതോ വഹിച്ചിരുന്നതോ ആയതും വിഷയവുമായി ബന്ധപ്പെട്ട ഭരണനിർവഹണത്തിലുള്ളതും ആയ ആളുകൾക്കിടയിൽനിന്നും ചെയർപേഴ്സണെ നിയമിക്കേണ്ടതുമാണ്.

[1][(4) ഭക്ഷ്യ അതോറിറ്റിയുടെ ചെയർപേഴ്സണെയും എക്സ് ഒഫിഷ്യോ അംഗങ്ങളല്ലാത്ത പാർട്ട്ടൈം അംഗങ്ങൾ ഉൾപ്പെടെയുള്ള അംഗങ്ങളെയും സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശകളിൻമേൽ കേന്ദ്രസർക്കാരിന് നിയമിക്കാവുന്നതാണ്.

(5) ഭക്ഷ്യ അതോറിറ്റിയുടെ ചെയർപേഴ്സൺ മറ്റേതെങ്കിലും ഉദ്യോഗം വഹിക്കുവാൻ പാടുള്ളതല്ല.]

---

1. 2008-ലെ 13-ാം ആക്റ്റ്, 3-ാം വകുപ്പുപ്രകാരം (4), (5) എന്നീ ഉപവകുപ്പുകൾക്ക് പകരം ചേർത്തത് (7-2-2008 മുതൽ പ്രാബല്യം).

ഭക്ഷ്യ അതോറിറ്റിയുടെ ചെയർപേഴ്സണെയും അംഗങ്ങളെയും തിരഞ്ഞെടുക്കുന്നതിനു വേണ്ടിയുള്ള സെലക്ഷൻ കമ്മിറ്റി.

6. (1) ഭക്ഷ്യ അതോറിറ്റിയുടെ ചെയർപേഴ്സണെയും എക്സ് ഒഫിഷ്യോ അംഗങ്ങളല്ലാത്ത അംഗങ്ങളെയും തിരഞ്ഞെടുക്കുന്ന ആവശ്യത്തിലേക്കായി കേന്ദ്രസർക്കാർ—

(ക) ക്യാബിനറ്റ് സെക്രട്ടറി — ചെയർപേഴ്സൺ,

(ഖ) കൺവീനറായി ഈ ആക്റ്റിന്റെ ഭരണനിർവഹണത്തിന് ഉത്തരവാദിത്വമുള്ള മന്ത്രാലയത്തിന്റെയോ വകുപ്പിന്റെയോ ചുമതല വഹിക്കുന്ന സെക്രട്ടറി— അംഗം,

(ഗ) കേന്ദ്രസർക്കാരിന്റെ ആരോഗ്യത്തിന്റെയും നിയമനിർമ്മാണത്തിന്റെയും ഉദ്യോഗസ്ഥകാര്യത്തിന്റെയും മന്ത്രാലയങ്ങളുടെയോ വകുപ്പുകളുടെയോ ചുമതല വഹിക്കുന്ന സെക്രട്ടറി—അംഗങ്ങൾ,

(ഘ) പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡിന്റെ ചെയർമാൻ —അംഗം,

(ങ) കേന്ദ്രസർക്കാരിനാൽ നാമനിർദേശം ചെയ്യപ്പെടേണ്ട ഒരു ശ്രേഷ്ഠനായ ഭക്ഷ്യസാങ്കേതിക ശാസ്ത്രജ്ഞൻ—അംഗം,

എന്നിവർ അടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

*വിശദീകരണം*.—കേന്ദ്രസർക്കാർ, (ങ) ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്കായി, ഏതെങ്കിലും ദേശീയ ഗവേഷണ അഥവാ സാങ്കേതിക സ്ഥാപനത്തിന്റെ ഡയറക്ടറുടെയോ തലവന്റെയോ, എന്ത് പേരിനാൽ വിളിക്കപ്പെട്ടാലും, തസ്തിക വഹിക്കുന്ന ആളുകൾക്കിടയിൽനിന്നും ഒരാളെ നാമനിർദേശം ചെയ്യേണ്ടതാണ്.

(2) ഭക്ഷ്യ അതോറിറ്റിയുടെ ചെയർപേഴ്സന്റെയോ ഒരു അംഗത്തിന്റെയോ മരണത്തിന്റെയോ രാജിവയ്ക്കലിന്റെയോ നീക്കംചെയ്യലിന്റെയോ കാരണത്താൽ സംഭവിച്ച ഏതെങ്കിലും ഒഴിവിന്റെ തീയതി മുതൽ രണ്ടു മാസത്തിനകവും ആ അതോറിറ്റിയുടെ ചെയർപേഴ്സന്റെയോ ഏതെങ്കിലും അംഗത്തിന്റെയോ വിരമിക്കലിനോ ഔദ്യോഗിക കാലാവധി പൂർത്തിയാക്കുന്നതിന് മൂന്നുമാസം മുൻപോ ആ ഒഴിവ് നികത്തുന്നതിന് കേന്ദ്രസർക്കാർ സെലക്ഷൻ കമ്മിറ്റിക്ക് ഒരു റഫറൻസ് നൽകേണ്ടതാണ്.

(3) സെലക്ഷൻ കമ്മിറ്റി ഭക്ഷ്യ അതോറിറ്റിയുടെ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും തിരഞ്ഞെടുക്കൽ അതിന് റഫറൻസ് നൽകിയ തീയതി മുതൽ രണ്ടു മാസത്തിനകം പൂർത്തിയാക്കേണ്ടതാണ്.

(4) സെലക്ഷൻ കമ്മിറ്റി അതിന് റഫർ ചെയ്ത ഓരോ ഒഴിവിനുവേണ്ടിയും രണ്ടുപേരുകൾ ഉള്ള ഒരു പാനൽ ശിപാർശ ചെയ്യേണ്ടതാണ്.

(5) ഭക്ഷ്യ അതോറിറ്റിയുടെ ചെയർപേഴ്സണായോ മറ്റ് അംഗമായോ നിയമിക്കുന്നതിനായി ഏതെങ്കിലും ആളെ ശിപാർശ ചെയ്യുന്നതിനുമുൻപ് സെലക്ഷൻ കമ്മിറ്റി, ഒരു അംഗമെന്നനിലയിലുള്ള അയാളുടെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചേക്കാവുന്ന ഏതെങ്കിലും സാമ്പത്തികമായ താൽപര്യമോ മറ്റ് താൽപ്പര്യമോ അങ്ങനെയുള്ള ആളിന് ഇല്ലായെന്ന് സ്വയം ബോധ്യപ്പെടേണ്ടതാണ്.

(6) സെലക്ഷൻ കമ്മിറ്റിയിലെ ഏതെങ്കിലും ഒഴിവിന്റെ കാരണത്താൽമാത്രം ഭക്ഷ്യ അതോറിറ്റിയുടെ ചെയർപേഴ്സന്റെയോ മറ്റ് അംഗത്തിന്റെയോ യാതൊരു നിയമനവും അസാധുവാകുന്നതല്ല.

ഭക്ഷ്യ അതോറിറ്റിയുടെ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധിയും ശമ്പളവും ബത്തകളും മറ്റു സേവനോപാധികളും.

7. (1) ചെയർപേഴ്സണും എക്സ് ഒഫിഷ്യോ അംഗങ്ങൾ അല്ലാത്ത അംഗങ്ങളും അവർ ഉദ്യോഗത്തിൽ പ്രവേശിച്ച തീയതി മുതൽ മൂന്ന് വർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതും വീണ്ടും ഒരു മൂന്ന് വർഷക്കാലത്തേക്ക് പുനർനിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതുമാണ്:

[1][എന്നാൽ ചെയർപേഴ്സൺ അദ്ദേഹത്തിന് അറുപത്തിയഞ്ച് വയസ്സ് തികഞ്ഞതിനുശേഷം ആ നിലയിൽ ഉദ്യോഗം വഹിക്കുവാൻ പാടുള്ളതല്ല.]

(2) ചെയർപേഴ്സണും എക്സ് ഒഫിഷ്യോ അംഗങ്ങളല്ലാത്ത അംഗങ്ങൾക്കും നൽകേണ്ട ശമ്പളവും ബത്തകളും അവരുടെ സേവനത്തിന്റെ മറ്റ് നിബന്ധനകളും ഉപാധികളും കേന്ദ്രസർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്നപ്രകാരമായിരിക്കേണ്ടതാണ്.

(3) ചെയർപേഴ്സണും ഓരോ അംഗവും ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനുമുൻപ്, കേന്ദ്രസർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മാതൃകയിലും അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള അധികാരസ്ഥാനം മുൻപാകെയും ഔദ്യോഗിക ശപഥവും രഹസ്യപാലന ശപഥവും ചെയ്യേണ്ടതും ഒപ്പുവയ്ക്കേണ്ടതുമാണ്.

---

1. 2008-ലെ 13-ാം ആക്റ്റ്, 4-ാം വകുപ്പുപ്രകാരം പരിമിതിവ്യവസ്ഥയ്ക്കു പകരം ചേർത്തത് (7-2-2008 മുതൽ പ്രാബല്യം).

(4) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും—

(ക) ചെയർപേഴ്സണോ ഏതെങ്കിലും അംഗത്തിനോ—കേന്ദ്രസർക്കാരിന് ലിഖിതമായി മൂന്നുമാസത്തിൽ കുറയാതെയുള്ള ഒരു നോട്ടീസ് നൽകി അദ്ദേഹത്തിന്റെ ഉദ്യോഗം ത്യജിക്കുകയോ; അല്ലെങ്കിൽ

(ഖ) ചെയർപേഴ്സണോ ഏതെങ്കിലും അംഗത്തെയോ 8-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽനിന്നും നീക്കം ചെയ്യുകയോ,

ചെയ്യാവുന്നതാണ്.

(5) ആ നിലയിൽ ഉദ്യോഗം വഹിക്കുന്നത് അവസാനിപ്പിക്കുന്ന ചെയർപേഴ്സണോ ഏതെങ്കിലും അംഗമോ ഭക്ഷ്യ അതോറിറ്റിയുടെയോ ഏതെങ്കിലും സംസ്ഥാന അതോറിറ്റിയുടെയോ മുൻപാകെ ഏതെങ്കിലും രീതിയിൽ ഏതെങ്കിലും ആളെ പ്രതിനിധാനം ചെയ്യുവാൻ പാടുള്ളതല്ല.

ഭക്ഷ്യ അതോറിറ്റിയുടെ ചെയർപേഴ്സണെയും അംഗങ്ങളെയും നീക്കം ചെയ്യൽ.

8. (1) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ എന്തുതന്നെയടങ്ങിയിരുന്നാലും, ചെയർപേഴ്സണോ, അതതുസംഗതിപോലെ, അങ്ങനെയുള്ള മറ്റംഗമോ,—

(ക) ഒരു നിർധനനായി വിധിക്കപ്പെട്ടിട്ടുണ്ടെങ്കിലോ; അഥവാ

(ഖ) കേന്ദ്രസർക്കാരിന്റെ അഭിപ്രായത്തിൽ സാൻമാർഗികാധഃപതനം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലോ; അഥവാ

(ഗ) ഒരു അംഗമായി പ്രവർത്തിക്കുന്നതിന് ശാരീരികമായോ മാനസികമായോ കഴിവില്ലാതായിട്ടുണ്ടെങ്കിലോ; അഥവാ

(ഘ) ഒരു അംഗമായുള്ള അയാളുടെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചേക്കാവുന്നവിധത്തിൽ അങ്ങനെയുള്ള സാമ്പത്തികമായ താൽപര്യങ്ങളോ മറ്റു താൽപര്യങ്ങളോ ആർജ്ജിച്ചിട്ടുണ്ടെങ്കിലോ; അഥവാ

(ങ) ഉദ്യോഗത്തിലുള്ള അയാളുടെ തുടർച്ച പൊതുതാൽപ്പര്യത്തിന് ഹാനികരമാകുന്നവിധം അയാളുടെ പദവി അപ്രകാരം ദുരുപയോഗപ്പെടുത്തി യിട്ടുണ്ടെങ്കിലോ,

കേന്ദ്രസർക്കാരിന്, ഉത്തരവുമൂലം, ചെയർപേഴ്സണെയോ മറ്റേതെങ്കിലും അംഗത്തെയോ നീക്കം ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിലെ (ഘ)യും (ങ)യും ഖണ്ഡങ്ങൾപ്രകാരം യാതൊരു അംഗത്തെയും ആ കാര്യത്തിൽ അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകിയിട്ടില്ലാത്തപക്ഷം നീക്കം ചെയ്യുവാൻ പാടുള്ളതല്ല.

ഭക്ഷ്യ അതോറിറ്റിയിലെ ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും.

9. (1) ഭക്ഷ്യ അതോറിറ്റിയിൽ കേന്ദ്രസർക്കാരിനാൽ നിയമിക്കപ്പെടേണ്ട ഭാരത സർക്കാരിന്റെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ഉണ്ടായിരിക്കേണ്ടതും അദ്ദേഹം അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ആയിരിക്കേണ്ടതുമാണ്.

(2) ഭക്ഷ്യ അതോറിറ്റിക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരത്തോടുകൂടി അതിന്റെ ചുമതലകൾ നിർവഹിക്കുന്നതിന് ഭക്ഷ്യ അതോറിറ്റിക്ക് ആവശ്യമുള്ള മറ്റുദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും എണ്ണവും പ്രകൃതവും വിഭാഗങ്ങളും നിശ്ചയിക്കാവുന്നതാണ്.

(3) ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്കും ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും നൽകേണ്ട ശമ്പളവും ബത്തകളും അവരുടെ മറ്റു സേവനോപാധികളും കേന്ദ്രസർക്കാരിന്റെ അംഗീകാരത്തോടുകൂടി ഭക്ഷ്യ അതോറിറ്റി റെഗുലേഷനുകളാൽ നിർദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ ചുമതലകൾ.

10. (1) ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ഭക്ഷ്യ അതോറിറ്റിയുടെ നിയമാനുസൃത പ്രതിനിധി ആയിരിക്കുന്നതും—

(ക) ഭക്ഷ്യ അതോറിറ്റിയുടെ ദൈനംദിന ഭരണനിർവഹണത്തിനും;

(ഖ) കേന്ദ്ര ഉപദേശകസമിതിയുമായി ആലോചിച്ച് ഭക്ഷ്യ അതോറിറ്റിയുടെ പ്രവർത്തനപരിപാടികൾക്കുവേണ്ടി നിർദേശം തയ്യാറാക്കുന്നതിനും;

(ഗ) ഭക്ഷ്യ അതോറിറ്റി സ്വീകരിച്ചിട്ടുള്ള പ്രവർത്തനപരിപാടികളും തീരുമാനങ്ങളും നടപ്പിലാക്കുന്നതിനും;

(ഘ) ശാസ്ത്രീയസമിതിക്കും ശാസ്ത്രീയപാനലിനുംവേണ്ടി സമുചിതമായ ശാസ്ത്രീയവും സാങ്കേതികവും ഭരണപരവുമായ പിന്തുണയ്ക്കുള്ള വ്യവസ്ഥ ഉറപ്പുവരുത്തുന്നതിനും;

(ങ) ഭക്ഷ്യ അതോറിറ്റി അതിന്റെ കർത്തവ്യങ്ങൾ നിർവഹിക്കുന്നത് അതിന്റെ ഉപയോക്താക്കളുടെ ആവശ്യകതകൾക്ക് പ്രത്യേകിച്ച്, നൽകുന്ന സേവനത്തിന്റെ പര്യാപ്തതയും എടുക്കുന്ന സമയവും സംബന്ധിച്ച്, അനുസൃതമാണെന്ന് ഉറപ്പുവരുത്തുന്നതിനും;

(ച) ഭക്ഷ്യ അതോറിറ്റിയുടെ വരവ്-ചെലവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിനും ബഡ്ജറ്റിന്റെ നടത്തിപ്പിനും;

(ഛ) കേന്ദ്രസർക്കാരുമായുള്ള സമ്പർക്കം പോഷിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും അതിന്റെ പ്രസക്തമായ സമിതികളുമായുള്ള പതിവ് സംവാദം ഉറപ്പുവരുത്തുന്നതിനും,

ഉത്തരവാദിയായിരിക്കുന്നതുമാണ്.

(2) ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, ഭക്ഷ്യ അതോറിറ്റിയുടെ അംഗീകാരത്തിന് വേണ്ടി ഓരോ വർഷവും—

(ക) ഭക്ഷ്യ അതോറിറ്റിയുടെ മുൻവർഷത്തെ എല്ലാ പ്രവർത്തനങ്ങളും ഉൾപ്പെടുന്ന ഒരു പൊതു റിപ്പോർട്ട്;

(ഖ) പ്രവർത്തന പരിപാടികൾ;

(ഗ) മുൻവർഷത്തെ വാർഷിക കണക്കുകൾ;

(ഘ) വരുംവർഷത്തെ ബഡ്ജറ്റ്,

എന്നിവ സമർപ്പിക്കേണ്ടതാണ്.

(3) ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, ഭക്ഷ്യ അതോറിറ്റിയുടെ സ്വീകരിക്കലിനെത്തുടർന്ന്, പൊതുറിപ്പോർട്ടും കാര്യപരിപാടികളും കേന്ദ്രസർക്കാരിനും സംസ്ഥാന സർക്കാരുകൾക്കും അയയ്ക്കേണ്ടതും അവ പ്രസിദ്ധീകരിപ്പിക്കേണ്ടതുമാണ്.

(4) ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, ഭക്ഷ്യ അതോറിറ്റിയുടെ എല്ലാ ധനവിനിയോഗങ്ങളും അംഗീകരിക്കേണ്ടതും അതോറിറ്റിയുടെ പ്രവർത്തനങ്ങളിൻമേൽ കേന്ദ്രസർക്കാരിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(5) ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, അങ്ങനെയുള്ള പദാർത്ഥങ്ങളുടെ ഭക്ഷ്യസുരക്ഷിതത്വവുമായി ബന്ധപ്പെട്ട സംഗതികൾ കൈകാര്യം ചെയ്യുമ്പോൾ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ അധികാരങ്ങൾ വിനിയോഗിക്കേണ്ടതാണ്.

(6) ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്ക്, ഭക്ഷ്യ അതോറിറ്റിയുടെ ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും മേൽ ഭരണപരമായ നിയന്ത്രണം ഉണ്ടായിരിക്കുന്നതാണ്.

കേന്ദ്ര ഉപദേശകസമിതി.

11. (1) ഭക്ഷ്യ അതോറിറ്റി, വിജ്ഞാപനംവഴി, കേന്ദ്ര ഉപദേശകസമിതി എന്നറിയപ്പെടുന്ന ഒരു സമിതി സ്ഥാപിക്കേണ്ടതാണ്.

(2) കേന്ദ്ര ഉപദേശകസമിതിയിൽ, ഭക്ഷ്യവ്യവസായത്തിന്റെയും കൃഷിയുടെയും ഉപഭോക്താക്കളുടെയും പ്രസക്തമായ ഗവേഷണനികായങ്ങളുടെയും ഭക്ഷ്യപരീക്ഷണശാലകളുടെയും താൽപ്പര്യങ്ങൾ പ്രതിനിധീകരിക്കുവാൻ രണ്ടംഗങ്ങൾ വീതവും എല്ലാ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരും അടങ്ങിയിരിക്കേണ്ടതും ശാസ്ത്രീയസമിതിയുടെ ചെയർപേഴ്സൺ എക്സ് ഒഫിഷ്യോ അംഗം ആയിരിക്കേണ്ടതുമാണ്.

(3) കേന്ദ്രസർക്കാരിന്റെ കൃഷി, മൃഗസംരക്ഷണവും കന്നുകാലി വളർത്തലും, ബയോ-ടെക്നോളജി, വാണിജ്യവും വ്യവസായവും, ഉപഭോക്തൃകാര്യം, പരിസ്ഥിതിയും വനവും, ഭക്ഷ്യസംസ്കരണവ്യവസായങ്ങളും, ആരോഗ്യം, പഞ്ചായത്ത്‌രാജ്, ചെറുകിട വ്യവസായങ്ങൾ, ഭക്ഷ്യവും പൊതുവിതരണവും എന്നിവയുമായി ബന്ധപ്പെട്ട കേന്ദ്രസർക്കാരിന്റെ മന്ത്രാലയങ്ങൾ അല്ലെങ്കിൽ വകുപ്പുകൾ, സർക്കാർ ഇൻസ്റ്റിറ്റ്യൂട്ടുകൾ അഥവാ സംഘടനകൾ, സർക്കാർ അംഗീകൃത കർഷക സംഘടന എന്നിവയുടെ പ്രതിനിധികൾ കേന്ദ്ര ഉപദേശകസമിതിയുടെ ചർച്ചകളിൽ ക്ഷണിതാക്കളായിരിക്കുന്നതാണ്.

(4) ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, കേന്ദ്ര ഉപദേശകസമിതിയുടെ എക്സ് ഒഫീഷ്യോ ചെയർപേഴ്സൺ ആയിരിക്കുന്നതാണ്.

(5) കേന്ദ്ര ഉപദേശകസമിതി, അതിന്റെ ബിസിനസ്സ് നടത്തിപ്പ് ഉൾപ്പെടെ റെഗുലേഷനുകളാൽ നിർദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള നടപടിക്രമങ്ങളുടെ ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

12. (1) ഭക്ഷ്യ അതോറിറ്റിയും എൻഫോഴ്സ്മെന്റ് ഏജൻസികളും ഭക്ഷ്യമേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളും തമ്മിൽ അടുത്ത സഹകരണം കേന്ദ്ര ഉപദേശകസമിതി ഉറപ്പാക്കേണ്ടതാണ്. കേന്ദ്ര ഉപദേശക സമിതിയുടെ ചുമതലകൾ.

(2) കേന്ദ്ര ഉപദേശകസമിതി, ഭക്ഷ്യ അതോറിറ്റിയെ,—

(ക) ഈ വകുപ്പിൻകീഴിലുള്ള അതിന്റെ കർത്തവ്യങ്ങളുടെ നിർവഹണത്തിൽ, പ്രത്യേകിച്ച് ഭക്ഷ്യ അതോറിറ്റിയുടെ പ്രവർത്തനപരിപാടിക്കുവേണ്ടി ഒരു നിർദേശം തയ്യാറാക്കുന്നതിലും,

(ഖ) പ്രവർത്തനങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതിലും,

(ഗ) ലീനമായ അപായസാധ്യതകൾ തിരിച്ചറിയുന്നതിലും,

(ഘ) അറിവ് സമാഹരിക്കുന്നതിലും,

(ങ) റെഗുലേഷനുകളാൽ നിർദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റു ചുമതലകളിൻമേലും,

ഉപദേശിക്കേണ്ടതാണ്.

(3) കേന്ദ്ര ഉപദേശകസമിതി, കേന്ദ്ര ഉപദേശകസമിതിയുടെ ചെയർപേഴ്സന്റെ ക്ഷണപ്രകാരമോ ഏറ്റവും കുറഞ്ഞത് അതിന്റെ മൂന്നിലൊന്ന് അംഗങ്ങളുടെ അപേക്ഷയിൻമേലോ വർഷത്തിൽ മൂന്നു പ്രാവശ്യത്തിൽ കുറയാതെ ക്രമമായി യോഗം ചേരേണ്ടതാണ്.

13. (1) ഭക്ഷ്യ അതോറിറ്റി സ്വതന്ത്രരായ ശാസ്ത്രീയ വിദഗ്ധർ അടങ്ങിയ ശാസ്ത്രീയ പാനലുകൾ ഏർപ്പെടുത്തേണ്ടതാണ്. ശാസ്ത്രീയ പാനലുകൾ.

(2) ശാസ്ത്രീയപാനൽ പ്രസക്തമായ വ്യവസായ പ്രതിനിധികളെയും ഉപഭോക്തൃ പ്രതിനിധികളെയും അതിന്റെ ചർച്ചകളിൽ ക്ഷണിക്കേണ്ടതാണ്.

(3) ഭക്ഷ്യ അതോറിറ്റിക്ക് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗംവരാതെ,—

(ക) ഭക്ഷ്യവർധികളും സ്വാദനങ്ങളും സംസ്കരണ സഹായികളും ഭക്ഷ്യവുമായി സമ്പർക്കത്തിലിരിക്കുന്ന പദാർഥങ്ങളും;

(ഖ) കീടനാശിനികളും ആന്റിബയോട്ടിക് അവശിഷ്ടങ്ങളും;

(ഗ) ജനിതകപരമായി രൂപഭേദം വരുത്തിയ ജീവികളും ഭക്ഷ്യങ്ങളും;

(ഘ) പ്രത്യേകധർമ്മം നിർവഹിക്കുന്ന ഭക്ഷ്യങ്ങളും ന്യൂട്രാസ്യൂട്ടിക്കലുകളും പഥ്യാഹാര ഉൽപ്പന്നങ്ങളും അതുപോലെയുള്ള മറ്റുൽപ്പന്നങ്ങളും;

(ങ) ജൈവ വിപത്തുകൾ;

(ച) ഭക്ഷ്യശൃംഖലയിലെ മാലിന്യങ്ങൾ;

(ഛ) ലേബൽ ചെയ്യൽ;

(ജ) മാതൃക തിരഞ്ഞെടുക്കലിന്റെയും വിശ്ലേഷണത്തിന്റെയും സമ്പ്രദായം,

എന്നിവയിൻമേലുള്ള പാനലുകൾക്ക് പുറമേ ആവശ്യമെന്ന് അത് കരുതുന്നത്ര ശാസ്ത്രീയപാനലുകൾ ഏർപ്പെടുത്താവുന്നതാണ്.

(4) ഭക്ഷ്യ അതോറിറ്റിക്ക്, അതതുസംഗതിപോലെ, പുതിയ അംഗങ്ങളെ ചേർത്തോ നിലവിലുള്ള അംഗങ്ങളെ ഒഴിവാക്കിയോ പാനലിന്റെ പേരിനു മാറ്റം വരുത്തിയോ, കാലാകാലങ്ങളിൽ, ശാസ്ത്രീയ പാനലുകൾ പുനർരൂപീകരിക്കാവുന്നതാണ്.

ശാസ്ത്രീയ സമിതി.

14. (1) ഭക്ഷ്യ അതോറിറ്റി, ശാസ്ത്രീയ പാനലുകളിലെ ചെയർപേഴ്സൺമാരും ഏതെങ്കിലും ശാസ്ത്രീയ പാനലുകളിൽപ്പെടാത്തതോ അഫിലിയേറ്റ് ചെയ്യാത്തതോ ആയ ആറ് സ്വതന്ത്ര ശാസ്ത്രീയ വിദഗ്ധരും അടങ്ങിയതായ ശാസ്ത്രീയസമിതി രൂപീകരിക്കേണ്ടതാണ്.

(2) ഭക്ഷ്യ അതോറിറ്റിക്ക് ശാസ്ത്രീയ അഭിപ്രായങ്ങൾ നൽകുന്നതിന് ശാസ്ത്രീയ സമിതിക്ക് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതും ആവശ്യമുള്ളിടത്ത് പൊതു ഹിയറിംഗുകൾ സംഘടിപ്പിക്കുന്നതിനുള്ള അധികാരങ്ങളുണ്ടായിരിക്കുകയും ചെയ്യുന്നതാണ്.

(3) ശാസ്ത്രീയസമിതിക്ക്, ശാസ്ത്രീയ അഭിപ്രായനടപടിക്രമത്തിന്റെ സ്ഥിരത ഉറപ്പു വരുത്തുവാൻ ആവശ്യമായ പൊതു ഏകോപനത്തിനും പ്രത്യേകിച്ച്, ശാസ്ത്രീയ പാനലുകളുടെ പ്രവർത്തന നടപടിക്രമങ്ങളുടെ സ്വീകരിക്കലും പ്രവർത്തന സമ്പ്രദായങ്ങളുടെ സംയോജനവും സംബന്ധിച്ചും ഉത്തരവാദിത്വമുണ്ടായിരിക്കുന്നതാണ്.

(4) ശാസ്ത്രീയസമിതി, ഒന്നിലധികം ശാസ്ത്രീയ പാനലുകളുടെ ക്ഷമതയ്ക്കുള്ളിൽ വരുന്ന വിവിധ വിഭാഗങ്ങളുടെ പ്രശ്നങ്ങളിൻമേലും ഏതെങ്കിലും ശാസ്ത്രീയ പാനലുകളുടെ ക്ഷമതയ്ക്കുള്ളിൽ വരാത്ത പ്രശ്നങ്ങളിൻമേലും അഭിപ്രായങ്ങൾ നൽകേണ്ടതാണ്.

(5) ശാസ്ത്രീയസമിതി എവിടെയെങ്കിലും ആവശ്യമുള്ളിടത്ത്, പ്രത്യേകിച്ച് ഏതെങ്കിലും ശാസ്ത്രീയ പാനലിന്റെ ക്ഷമതയ്ക്കുള്ളിൽ വരാത്ത വിഷയങ്ങളുടെ സംഗതിയിൽ, പ്രവർത്തനഗ്രൂപ്പുകൾ സജ്ജീകരിക്കേണ്ടതും അങ്ങനെയുള്ള സംഗതികളിൽ ശാസ്ത്രീയ അഭിപ്രായങ്ങൾ രൂപീകരിക്കുമ്പോൾ ആ പ്രവർത്തന ഗ്രൂപ്പുകളുടെ പ്രാഗൽഭ്യം പരിഗണിക്കേണ്ടതുമാണ്.

ശാസ്ത്രീയ സമിതിക്കും ശാസ്ത്രീയ പാനലിനും വേണ്ടിയുള്ള നടപടിക്രമം.

15. (1) ശാസ്ത്രീയ പാനലിൽ അംഗങ്ങളല്ലാത്ത ശാസ്ത്രീയസമിതിയിലെ അംഗങ്ങളെയും ശാസ്ത്രീയ പാനലിലെ അംഗങ്ങളെയും മൂന്ന് വർഷക്കാലയളവിലേക്ക് ഭക്ഷ്യ അതോറിറ്റി നിയമിക്കേണ്ടതും അങ്ങനെയുള്ള കാലയളവിലേക്ക് അത് പുതുക്കേണ്ടതും പ്രസക്തമായ മുഖ്യ ശാസ്ത്രീയ പ്രസിദ്ധീകരണങ്ങളിലും ഭക്ഷ്യ അതോറിറ്റിയുടെ വെബ്സൈറ്റിലും താൽപ്പര്യപ്രകടനം ആവശ്യപ്പെടുന്നതിനുവേണ്ടി ഒഴിവ് സംബന്ധിച്ച നോട്ടീസ് പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

(2) ശാസ്ത്രീയസമിതിയും ശാസ്ത്രീയപാനലും, ഓരോന്നും, അവരുടെ അംഗങ്ങൾക്കിടയിൽനിന്നും ഒരു ചെയർപേഴ്സനെ തിരഞ്ഞെടുക്കേണ്ടതാണ്.

(3) ശാസ്ത്രീയസമിതിയും ശാസ്ത്രീയപാനലും അവരുടെ അംഗങ്ങളുടെ ഭൂരിപക്ഷം മുഖേന പ്രവർത്തിക്കേണ്ടതും അംഗങ്ങളുടെ വീക്ഷണങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്.

(4) ശാസ്ത്രീയസമിതിയുടെയും ശാസ്ത്രീയ പാനലിന്റെയും പ്രവർത്തനത്തിന്റെയും സഹകരണത്തിന്റെയും നടപടിക്രമം റെഗുലേഷനുകളാൽ നിർദേശിക്കപ്പെടേണ്ടതാണ്.

(5) ഈ നടപടിക്രമങ്ങൾ, പ്രത്യേകിച്ചും—

(ക) ഒരു ശാസ്ത്രീയസമിതിയിലോ ശാസ്ത്രീയ പാനലിലോ ഒരംഗത്തിന് ക്രമാനുഗതമായി സേവനം അനുഷ്ഠിക്കുവാൻ കഴിയുന്ന അവസരങ്ങളുടെ എണ്ണവും;

(ഖ) ഓരോ ശാസ്ത്രീയ പാനലിലെയും അംഗങ്ങളുടെ എണ്ണവും;

(ഗ) ശാസ്ത്രീയസമിതിയിലെയും ശാസ്ത്രീയ പാനലിലെയും അംഗങ്ങളുടെ ചെലവുകൾ മടക്കിക്കൊടുക്കുന്നതിനുള്ള നടപടിക്രമവും;

(ഘ) ശാസ്ത്രീയസമിതിക്കും ശാസ്ത്രീയ പാനലിനും ശാസ്ത്രീയ അഭിപ്രായങ്ങൾക്കുവേണ്ടിയുള്ള ജോലികളും ആവശ്യപ്പെടലുകളും ഏൽപ്പിച്ചുകൊടുക്കുന്ന രീതിയും;

(ങ) ശാസ്ത്രീയസമിതിയിലെയും ശാസ്ത്രീയ പാനലിലെയും പ്രവർത്തന ഗ്രൂപ്പുകളുടെ രൂപീകരിക്കലും സംഘടിപ്പിക്കലും ആ പ്രവർത്തന ഗ്രൂപ്പുകളിൽ പുറമേനിന്നുള്ള വിദഗ്ധരെ ഉൾപ്പെടുത്തുന്നതിന്റെ സാധ്യതയും;

(ച) ശാസ്ത്രീയസമിതിയുടെയും ശാസ്ത്രീയ പാനലിന്റെയും യോഗങ്ങളിൽ നിരീക്ഷകർ ക്ഷണിക്കപ്പെടുന്നതിനുള്ള സാധ്യതയും;

(ഛ) പൊതു ഹിയറിംഗുകൾ സംഘടിപ്പിക്കുന്നതിനുള്ള സാധ്യതയും;

(ജ) യോഗത്തിനുവേണ്ട ക്വാറവും യോഗ നോട്ടീസും യോഗത്തിന്റെ അജണ്ടയും അങ്ങനെയുള്ള മറ്റു സംഗതികളും,

സംബന്ധിച്ചുള്ളതാകേണ്ടതാണ്.

16. (1) സുരക്ഷിതവും ആരോഗ്യദായിയുമായ ഭക്ഷ്യം ഉറപ്പാക്കുന്നതിനുവേണ്ടി ഭക്ഷ്യത്തിന്റെ നിർമ്മാണവും സംസ്കരണവും വിതരണവും വിൽപ്പനയും ഇറക്കുമതിയും നിയന്ത്രിക്കുന്നതും നിരീക്ഷിക്കുന്നതും ഭക്ഷ്യ അതോറിറ്റിയുടെ കർത്തവ്യമായിരിക്കുന്നതാണ്. ഭക്ഷ്യ അതോറിറ്റിയുടെ കർത്തവ്യങ്ങളും ചുമതലകളും.

(2) ഭക്ഷ്യ അതോറിറ്റിക്ക് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗംവരാതെ, റെഗുലേഷനുകളാൽ—

(ക) ഭക്ഷ്യപദാർഥങ്ങളുടെ ബന്ധപ്പെട്ട ഗുണനിലവാരങ്ങളും മാർഗനിർദേശങ്ങളും ഈ ആക്റ്റിൻകീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ട വിവിധ ഗുണനിലവാരങ്ങൾ നടപ്പാക്കുന്നതിനുംവേ ി ഉചിതമായ സംവിധാനം നിർദേശിക്കുന്നതിനും;

(ഖ) ഭക്ഷ്യവർധികളുടെയും വിളമാലിന്യങ്ങളുടെയും കീടനാശിനി അവക്ഷിപ്തങ്ങളുടെയും മൃഗചികിൽസാമരുന്നുകളുടെ അവക്ഷിപ്തങ്ങളുടെയും ഘനലോഹങ്ങളുടെയും സംസ്കരണ സഹായികളുടെയും മൈക്കോടോക്സിനുകളുടെയും ആന്റിബയോട്ടിക്കുകളുടെയും ഫാർമക്കോളജിപരമായി സജീവ വസ്തുക്കളുടെയും ഉപയോഗത്തിന്റെയും ഭക്ഷ്യത്തിലെ രശ്മി പ്രസരണത്തിന്റെയും പരിധികളും;

(ഗ) ഭക്ഷ്യബിസിനസ്സുകൾക്കുവേണ്ടി ഭക്ഷ്യസുരക്ഷിതത്വ മാനേജ്മെന്റ് സംവിധാനങ്ങൾ സാക്ഷ്യപ്പെടുത്തുന്നതിൽ ഏർപ്പെട്ടിട്ടുള്ള സാക്ഷ്യപ്പെടുത്തൽ നികായങ്ങൾക്ക് അധികാരപത്രം നൽകുന്നതിനുള്ള പ്രവർത്തനരീതിയും മാർഗ നിർദേശങ്ങളും;

(ഘ) ഭാരതത്തിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്ന ഏതെങ്കിലും ഭക്ഷ്യ സാധനവുമായി ബന്ധപ്പെട്ട ഗുണനിയന്ത്രണത്തിന്റെ നടപടിക്രമവും പ്രാവർത്തികമാക്കലും;

(ങ) പരീക്ഷണശാലകൾക്ക് അധികാരപത്രം നൽകുന്നതിനുവേണ്ടിയുള്ള നടപടിക്രമവും മാർഗനിർദേശങ്ങളും അധികാരപത്രം നൽകിയിട്ടുള്ള പരീക്ഷണ ശാലകളുടെ വിജ്ഞാപനവും;

(ച) മാതൃക പരിശോധിക്കലിന്റെ രീതിയും എൻഫോഴ്സ്മെന്റ് അധികാര സ്ഥാനങ്ങളുടെ ഇടയിൽ വിവരത്തിന്റെ വിശകലനവും വിനിമയം ചെയ്യലും;

(ഛ) രാജ്യത്ത് ഈ ആക്റ്റിന്റെ നടപ്പാക്കലിന്റെയും ഭരണനിർവഹണ ത്തിന്റെയും സർവ്വേ നടത്തലും;

(ജ) ആരോഗ്യത്തിന്റെയും പോഷണത്തിന്റെയും പ്രത്യേക പഥ്യാഹാര ഉപയോഗങ്ങളുടെയും അവകാശവാദങ്ങൾ ഉൾപ്പെടെ ഭക്ഷ്യം ലേബൽ ചെയ്യുന്ന തിനുള്ള ഗുണനിലവാരങ്ങളും ഭക്ഷ്യങ്ങൾക്കായുള്ള ഭക്ഷ്യത്തിന്റെ ഇനം തിരിച്ചുള്ള സംവിധാനങ്ങളും;

(ഝ) അപായസാധ്യതാ വിശകലനവും അപായസാധ്യതാ നിർണ്ണയവും അപായസാധ്യതാ അറിയിപ്പും അപായസാധ്യതാ നിയന്ത്രണവും നടത്തേണ്ടത് ഏത് രീതിയിലാണെന്നും ഏത് നടപടിക്രമത്തിന് വിധേയമായാണെന്നും, നിർദേശിക്കാവുന്നതാണ്.

(3) ഭക്ഷ്യഅതോറിറ്റി—

(ക) കേന്ദ്രസർക്കാരിനും സംസ്ഥാനസർക്കാരുകൾക്കും ഭക്ഷ്യസുരക്ഷിതത്വ ത്തിൻമേലോ പോഷണത്തിൻമേലോ നേരിട്ടോ നേരിട്ടല്ലാതെയോ ബന്ധമുള്ള പ്രദേശങ്ങളിൽ നയവും ചട്ടങ്ങളും രൂപീകരിക്കുന്ന സംഗതികളിൽ ശാസ്ത്രീയ ഉപദേശവും സാങ്കേതിക പിന്തുണയും നൽകേണ്ടതും;

(ഖ) പ്രസക്തമായ ശാസ്ത്രീയവും സാങ്കേതികവുമായ വിവരങ്ങളുടെ, പ്രത്യേകിച്ച്—

(i) ഭക്ഷ്യഉപഭോഗവും ഭക്ഷ്യഉപഭോഗവുമായി ബന്ധപ്പെട്ട അപായ സാധ്യതകൾ വ്യക്തികൾക്ക് വെളിപ്പെടുത്തിക്കൊടുക്കലും;

(ii) ജൈവപരമായ അപായസാധ്യതയുടെ സംഭവിക്കലും വ്യാപ്തിയും;

(iii) ഭക്ഷ്യത്തിലെ മാലിന്യങ്ങളും;

(iv) വിവിധ മാലിന്യങ്ങളുടെ അവക്ഷിപ്തങ്ങളും;

(v) ആവിർഭവിക്കുന്ന അപായസാധ്യതകളുടെ തിരിച്ചറിയലും;

(vi) ദ്രുതഗതിയിലുള്ള ജാഗ്രതാസംവിധാനത്തിന്റെ അവതരണവും,

സംബന്ധിച്ച് പരിശോധിക്കേണ്ടതും ശേഖരിക്കേണ്ടതും ക്രമപ്പെടുത്തേണ്ടതും വിശകലനം ചെയ്യേണ്ടതും സംഗ്രഹിക്കേണ്ടതും;

(ഗ) അപായസാധ്യതാ നിർണ്ണയ മാർഗസംഹിതകളുടെ വികസനം പ്രോൽസാഹിപ്പിക്കേണ്ടതും ഏകോപിപ്പിക്കേണ്ടതും അതിനുവേണ്ടി മാർഗനിർദേശങ്ങൾ നൽകേ തും ആരോഗ്യവും ഭക്ഷ്യത്തിന്റെ പോഷണപരമായ അപായസാധ്യതകളും നിരീക്ഷിക്കുകയും മാർഗദർശനം ചെയ്യുകയും ചെയ്യേണ്ടതും കേന്ദ്രസർക്കാരിനും സംസ്ഥാനസർക്കാരുകൾക്കും ഭക്ഷ്യസുരക്ഷാ കമ്മീഷണർമാർക്കും അതിൻമേൽ സന്ദേശങ്ങൾ അയയ്ക്കേ തും;

(ഘ) ഭക്ഷ്യസുരക്ഷിതത്വം സംബന്ധിച്ച് പ്രതിസന്ധി കൈകാര്യം ചെയ്യലിന്റെ നടപടിക്രമങ്ങൾ നടപ്പിലാക്കുന്നതിൽ കേന്ദ്രസർക്കാരിനും സംസ്ഥാനസർക്കാരുകൾക്കും ശാസ്ത്രീയവും സാങ്കേതികവുമായ ഉപദേശവും സഹായവും നൽകേ തും പ്രതിസന്ധി കൈകാര്യം ചെയ്യലിനും പ്രവർത്തനത്തിനുമായി ഒരു പൊതുപദ്ധതി തയ്യാറാക്കുകയും ഇതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ രൂപീകരിച്ച ക്രൈസിസ് യൂണിറ്റുമായി അടുത്ത് സഹകരിച്ച് പ്രവർത്തിക്കേണ്ടതും;

(ങ) പ്രവർത്തനങ്ങളുടെ ഏകീകരണം, വിവരവിനിമയം, കൂട്ടായ പദ്ധതികളുടെ വികസനവും നടപ്പാക്കലും, ഭക്ഷ്യഅതോറിറ്റിയുടെ ഉത്തരവാദിത്വത്തിലുള്ള മേഖലകളിലെ 'വൈദഗ്ധ്യത്തിന്റെയും ഉത്തമമായ വഴക്കങ്ങളുടെയും വിനിമയം എന്നിവ വഴി ശാസ്ത്രീയമായ ഒരു സഹകരണ ചട്ടക്കൂട് സുകരമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി സംഘടനകളുടെ ഒരു ശൃംഖലാ സംവിധാനം സ്ഥാപിക്കേണ്ടതും;

(ച) അന്തർദേശീയ സംഘടനകളുമായുള്ള സഹകരണം മെച്ചപ്പെടുത്തുന്നതിനു വേ ി കേന്ദ്രസർക്കാരിനും സംസ്ഥാനസർക്കാരുകൾക്കും ശാസ്ത്രീയവും സാങ്കേതികവുമായ സഹായം നൽകേണ്ടതും;

(ഛ) പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും തൽപ്പരകക്ഷികൾക്കും പഞ്ചായത്തുകളിലെ എല്ലാ തലങ്ങൾക്കും ദ്രുതഗതിയിലുള്ളതും വിശ്വാസയോഗ്യവും വസ്തുനിഷ്ഠവും സമഗ്രവുമായ വിവരങ്ങൾ ഉചിതമായ രീതികളിലൂടെയും മാർഗങ്ങളിലൂടെയും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ അങ്ങനെയുള്ള എല്ലാ നടപടികളും എടുക്കേണ്ടതും;

(ജ) ഭക്ഷ്യബിസിനസ്സ് പ്രവർത്തകരായോ ജീവനക്കാരായോ മറ്റുപ്രകാരത്തിലോ ഭക്ഷ്യബിസിനസ്സിലുള്ളതോ ഭക്ഷ്യബിസിനസ്സിൽ ഉൾപ്പെടുവാൻ ഉദ്ദേശിക്കുന്നതോ ആയ ആളുകൾക്കുവേണ്ടി അവരുടെ പ്രദേശത്തിനുള്ളിലോ പുറത്തോ ഭക്ഷ്യസുരക്ഷിതത്വത്തിലും ഗുണനിലവാരങ്ങളിലും പരിശീലന പരിപാടികൾ ഏർപ്പെടുത്തേണ്ടതും;

(ഝ) ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുവാൻ കേന്ദ്രസർക്കാർ അതിനെ ഏൽപ്പിച്ചിട്ടുള്ള മറ്റേതെങ്കിലും കർത്തവ്യം ഏറ്റെടുക്കേണ്ടതും;

(ഞ) ഭക്ഷ്യത്തിന്റെ അന്തർദേശീയ സാങ്കേതിക ഗുണനിലവാരങ്ങളുടെയും ശുചീകരണത്തിന്റെയും സസ്യസംബന്ധിയായ ശുചീകരണത്തിന്റെയും ഗുണനിലവാരങ്ങളുടെയും വികസനത്തിന് സഹായിക്കേണ്ടതും;

(ട) പ്രസക്തവും ഉചിതവുമായിട്ടുള്ളിടത്ത് നിർദിഷ്ട ഭക്ഷ്യസംബന്ധമായ നടപടികളുടെ സമാനതകളുടെ അംഗീകാരത്തിൻമേൽ കരാറിന്റെ വികസനത്തിന് സഹായിക്കേണ്ടതും;

(ഠ) അന്തർദേശീയ സർക്കാർ സംഘടനകളാലും സർക്കാരിതര സംഘടനകളാലും ഏറ്റെടുക്കപ്പെട്ട ഭക്ഷ്യഗുണനിലവാരങ്ങളിൻമേലുള്ള പ്രവർത്തനത്തിന്റെ ഏകോപനം പ്രോൽസാഹിപ്പിക്കേണ്ടതും;

(ഡ) രാജ്യത്ത് സ്വീകരിക്കപ്പെട്ട സംരക്ഷണതലത്തിൽ കുറവുവരുത്തിയിട്ടില്ലെന്ന് ഉറപ്പുവരുത്തുന്നവേളയിൽ അന്തർദേശീയ സാങ്കേതികനിലവാരങ്ങൾക്കും ആഭ്യന്തര ഭക്ഷ്യഗുണനിലവാരങ്ങൾക്കുമിടയിൽ സ്ഥിരത പ്രോൽസാഹിപ്പിക്കേണ്ടതും;

(ഢ) ഭക്ഷ്യസുരക്ഷിതത്വത്തെയും ഭക്ഷ്യഗുണനിലവാരങ്ങളെയും സംബന്ധിച്ച പൊതുവായ അവബോധം പ്രോൽസാഹിപ്പിക്കേണ്ടതും,

ആകുന്നു.

(4) ഭക്ഷ്യ അതോറിറ്റി—

(ക) ശാസ്ത്രീയ സമിതിയുടെയും ശാസ്ത്രീയ പാനലിന്റെയും അഭിപ്രായങ്ങൾ സ്വീകരിച്ചതിനുശേഷം ഉടനടിയും;

(ഖ) ഭക്ഷ്യ അതോറിറ്റിയുടെ അംഗങ്ങളും ചീഫ് എക്സിക്യൂട്ടീവ് ആഫീസറും ഉപദേശകസമിതിയുടെ അംഗങ്ങളും ശാസ്ത്രീയ സമിതിയുടെയും ശാസ്ത്രീയ പാനലിന്റെയും അംഗങ്ങളും നടത്തിയ താൽപ്പര്യങ്ങളുടെ വാർഷിക പ്രഖ്യാപനങ്ങളും അതുപോലെതന്നെ യോഗങ്ങളുടെ അജണ്ടകളിലെ ഇനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ താൽപ്പര്യങ്ങളുടെ പ്രഖ്യാപനങ്ങൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവയും;

(ഗ) അതിന്റെ ശാസ്ത്രീയ പഠനങ്ങളുടെ ഫലങ്ങളും;

(ഘ) അതിന്റെ പ്രവർത്തനങ്ങളുടെ വാർഷിക റിപ്പോർട്ടും,

കൂടുതൽ കാലതാമസമില്ലാതെ പരസ്യമാക്കേണ്ടതാണ്.

(5) ഭക്ഷ്യ അതോറിറ്റിക്ക്, ഭക്ഷ്യസുരക്ഷിതത്വവും ഗുണനിലവാരങ്ങളുമായി ബന്ധപ്പെട്ട സംഗതികളിൽ അപ്രകാരമുള്ള നിർദേശങ്ങൾ, കാലാകാലങ്ങളിൽ, ഭക്ഷ്യ സുരക്ഷാ കമ്മീഷണർക്ക് നൽകാവുന്നതും ഈ ആക്റ്റിൻകീഴിൽ അദ്ദേഹത്തിന്റെ അധികാരങ്ങൾ വിനിയോഗിക്കുമ്പോൾ അപ്രകാരമുള്ള നിർദേശങ്ങൾ പാലിക്കുവാൻ അദ്ദേഹം ബാധ്യസ്ഥനാകുന്നതുമാണ്.

(6) ഭക്ഷ്യ അതോറിറ്റി, പൊതുജനാരോഗ്യം സംരക്ഷിക്കുവാൻ സാഹചര്യങ്ങൾ അപ്രകാരം ആവശ്യപ്പെടുന്നുവെങ്കിൽ, പരസ്യമാക്കേണ്ടതായ വിവരമൊഴികെ, രഹസ്യമായി കൈകാര്യം ചെയ്യുവാൻ അഭ്യർഥിക്കപ്പെട്ടതും അംഗീകരിക്കപ്പെട്ടതുമായ അതിന് ലഭിച്ചിട്ടുള്ള രഹസ്യവിവരം, മൂന്നാം കക്ഷികളോട് വെളിപ്പെടുത്തുകയോ വെളിപ്പെടുത്തുവാൻ ഇടയാക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

17. (1) ഭക്ഷ്യ അതോറിറ്റി, ചെയർപേഴ്സൺ നിർദേശിക്കാവുന്ന അങ്ങനെയുള്ള സമയത്ത് ഹെഡ് ആഫീസിലോ അതിന്റെ ഏതെങ്കിലും ആഫീസിലോ യോഗം ചേരേണ്ടതും അതിന്റെ യോഗങ്ങളിൽ (അതിന്റെ യോഗങ്ങളിലെ കോറം ഉൾപ്പെടെ) ബിസിനസ് നടത്തൽ സംബന്ധിച്ച് റെഗുലേഷനുകളാൽ നിർദേശിച്ചേക്കാവുന്ന അങ്ങനെയുള്ള നടപടിക്രമങ്ങളുടെ ചട്ടങ്ങൾ പാലിക്കേണ്ടതുമാണ്. ഭക്ഷ്യ അതോറിറ്റിയുടെ നടപടിക്രമങ്ങൾ.

(2) ചെയർപേഴ്സണ് ഭക്ഷ്യ അതോറിറ്റിയുടെ ഒരു യോഗത്തിൽ പങ്കെടുക്കുവാൻ കഴിയാതെ വരുമ്പോൾ ചെയർപേഴ്സൺ ഇതിലേക്കായി നാമനിർദേശം ചെയ്യുന്ന മറ്റേതെങ്കിലും അംഗവും അങ്ങനെയുള്ള നാമനിർദേശത്തിന്റെ അഭാവത്തിലോ ചെയർപേഴ്സൺ ഇല്ലാതിരിക്കുന്നിടത്തോ ഹാജരുള്ള അംഗങ്ങൾ അവർക്കിടയിൽനിന്നും തിരഞ്ഞെടുക്കുന്ന ഏതെങ്കിലും അംഗവും യോഗത്തിൽ ആധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(3) ഭക്ഷ്യ അതോറിറ്റിയുടെ ഏതെങ്കിലും യോഗം മുൻപാകെവരുന്ന എല്ലാ ചോദ്യങ്ങളും, ഹാജരായിട്ടുള്ളതും വോട്ടുചെയ്യുന്നതുമായ അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടുകളാൽ തീരുമാനിക്കപ്പെടേണ്ടതും വോട്ടുകൾ തുല്യമാകുന്ന സന്ദർഭത്തിൽ ചെയർപേഴ്സണോ യോഗത്തിൽ ആധ്യക്ഷ്യം വഹിക്കുന്ന ആൾക്കോ ഒരു സെക്കന്റ് വോട്ടോ കാസ്റ്റിംഗ് വോട്ടോ ചെയ്യുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

(4) ഭക്ഷ്യ അതോറിറ്റിയുടെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും ചീഫ് എക്സിക്യൂട്ടീവ് ആഫീസറിനാൽ പ്രമാണീകരിക്കപ്പെടേണ്ടതാണ്.

(5) ഭക്ഷ്യ അതോറിറ്റിയുടെ യോഗങ്ങളിൽ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ പങ്കെടുക്കേണ്ടതാണ്, എന്നാൽ വോട്ട് ചെയ്യുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതല്ല.

(6) ഭക്ഷ്യ അതോറിറ്റിക്ക് ശാസ്ത്രീയ സമിതിയുടെ ചെയർപേഴ്സണെ അതിന്റെ യോഗങ്ങളിൽ പങ്കെടുക്കുവാൻ ക്ഷണിക്കാവുന്നതാണ്, എന്നാൽ വോട്ട് ചെയ്യുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതല്ല.

(7) ഭക്ഷ്യ അതോറിറ്റിയുടെ യാതൊരു കൃത്യമോ നടപടികളോ, ഭക്ഷ്യ അതോറിറ്റിയുടെ രൂപീകരണത്തിൽ ഏതെങ്കിലും ഒഴിവ് നിലനിൽക്കുന്നുവെന്നോ ന്യൂനത ഉണ്ടെന്നോ ഉള്ള കാരണത്തിൻമേൽ മാത്രം, ചോദ്യം ചെയ്യപ്പെടുന്നതിനോ അസാധുവാക്കപ്പെടുന്നതിനോ പാടുള്ളതല്ല.

## അധ്യായം III

## ഭക്ഷ്യസുരക്ഷിതത്വത്തിന്റെ പൊതുവായ തത്ത്വങ്ങൾ

ആക്റ്റിന്റെ കാര്യനിർവഹണത്തിൽ അനുവർത്തിക്കേണ്ടതായ പൊതുതത്ത്വങ്ങൾ.

18. (1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുമ്പോൾ, കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരുകളും ഭക്ഷ്യഅതോറിറ്റിയും മറ്റ് ഏജൻസികളും, അതതുസംഗതിപോലെ, താഴെപ്പറയുന്ന തത്ത്വങ്ങളാൽ മാർഗദർശനം ചെയ്യപ്പെടേണ്ടതാണ്, അതായത്:—

(ക) ഭക്ഷ്യസുരക്ഷിതത്വ ഗുണനിലവാരങ്ങളും രീതികളും പരിഗണിച്ചുകൊണ്ട് എല്ലാതരത്തിലുമുള്ള ഭക്ഷ്യവ്യാപാരത്തിലെ ന്യായമായ രീതികൾ ഉൾപ്പെടെ മനുഷ്യജീവനും ആരോഗ്യത്തിനും ഉചിതമായ തലത്തിലുള്ള സംരക്ഷണവും ഉപഭോക്തൃ താൽപര്യസംരക്ഷണവും നേടുന്നതിനായി ഉദ്യമിക്കുക;

(ഖ) റെഗുലേഷനുകളുടെ പൊതുലക്ഷ്യങ്ങൾ നേടുന്നതിനായി, അപായസാധ്യതാനിർണ്ണയത്തിന്റെ ഫലങ്ങളും ഭക്ഷ്യഅതോറിറ്റിയുടെ അഭിപ്രായത്തിൽ പ്രസക്തമായ മറ്റ് ഘടകങ്ങളും കണക്കിലെടുക്കുന്നത് ഉൾപ്പെടുന്ന അപായസാധ്യതാനിയന്ത്രണ ഉപാധികൾ പ്രസക്തമായിട്ടുള്ളിടത്ത് നടപ്പിലാക്കുക;

(ഗ) ഏതെങ്കിലും പ്രത്യേക സാഹചര്യങ്ങളിൽ, ലഭ്യമായ വിവരനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൻമേൽ, ആരോഗ്യത്തിനുള്ള ദോഷഫലങ്ങളുടെ സാധ്യത തിരിച്ചറിഞ്ഞുവെന്നാലും ശാസ്ത്രീയ അനിശ്ചിതത്വം നിലനിൽക്കുന്നിടത്ത്, കൂടുതൽ സമഗ്രമായ അപായനിർണ്ണയത്തിനുവേണ്ടിയുള്ള കൂടുതൽ ശാസ്ത്രീയവിവരം നിലനിൽക്കവെ അനുയോജ്യമായ തലത്തിലുള്ള ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുന്നതിനാവശ്യമായ താൽക്കാലിക അപായസാധ്യതാനിയന്ത്രണ നടപടികൾ സ്വീകരിക്കാവുന്നതാണ്;

(ഘ) സാങ്കേതികവും സാമ്പത്തികവുമായ സാധ്യതകൾക്കും പരിഗണനയിലിരിക്കുന്ന സംഗതിക്ക് ന്യായവും ഉചിതവുമാണെന്ന് കരുതുന്ന മറ്റ് ഘടകങ്ങൾക്കും പരിഗണന നൽകിക്കൊണ്ട് (ഗ) ഖണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ ആനുപാതികമായിരിക്കേണ്ടതും ആരോഗ്യ സംരക്ഷണത്തിന്റെ ഉചിതമായ തലം നേടുന്നതിനായി ആവശ്യമുള്ളതിനെക്കാൾ വ്യാപാരത്തെ ഒട്ടും കൂടുതൽ നിയന്ത്രിക്കുന്നതാകാൻ പാടില്ലാത്തതുമാണ്;

(ങ) തിരിച്ചറിഞ്ഞുകൊണ്ടിരിക്കുന്ന ജീവനോ ആരോഗ്യത്തിനോ ഉള്ള അപായസാധ്യതയുടെ സ്വഭാവത്തെയും ശാസ്ത്രീയ അനിശ്ചിതത്വം സ്പഷ്ടീകരിക്കുന്നതിനാവശ്യമായ ശാസ്ത്രീയവിവരത്തിന്റെ തരത്തെയും ആശ്രയിച്ചുകൊണ്ട് ന്യായമായ ഒരു കാലാവധിക്കുള്ളിൽ സ്വീകരിച്ച നടപടികൾ പുനരവലോകനം ചെയ്യേണ്ടതും കൂടുതൽ സമഗ്രമായ ഒരു അപായസാധ്യതാനിർണ്ണയം നടത്തേണ്ടതുമാണ്;

(ച) ഒരു ഭക്ഷ്യം മനുഷ്യാരോഗ്യത്തിന് അപായസാധ്യത ഉണ്ടാക്കിയേക്കാമെന്ന് സംശയിക്കുന്നതിന് ന്യായമായ കാരണങ്ങളുള്ളിടത്ത് ആ അപായസാധ്യതയുടെ സ്വഭാവം, ഗൗരവം, വ്യാപ്തി എന്നിവയെ ആശ്രയിച്ച് ഭക്ഷ്യ അതോറിറ്റിയും ഭക്ഷ്യസുരക്ഷാ കമ്മീഷണറും ആരോഗ്യത്തിനുള്ള അപായസാധ്യതയുടെ സ്വഭാവം, ഭക്ഷ്യം അല്ലെങ്കിൽ ഭക്ഷ്യത്തിന്റെ തരം, അതുണ്ടാക്കാവുന്ന അപായസാധ്യത എന്നിവ പൂർണ്ണമായ വ്യാപ്തിയിൽ തിരിച്ചറിഞ്ഞുകൊണ്ട് അപായസാധ്യത തടയുന്നതിനോ കുറയ്ക്കുന്നതിനോ ഇല്ലാതാക്കുന്നതിനോ എടുത്തതോ എടുക്കുവാനുള്ളതോ ആയ നടപടികൾ പൊതുജനത്തെ അറിയിക്കുന്നതിന് ഉചിതമായ നടപടികൾ എടുക്കേണ്ടതാണ്;

(ഛ) ഭക്ഷ്യസുരക്ഷിതത്വ ആവശ്യകതകൾ പാലിക്കുന്നതിൽ പരാജയപ്പെടുന്ന ഏതെങ്കിലും ഭക്ഷ്യം അതേ വിഭാഗത്തിലോ വിവരണത്തിലോ ഉള്ള ഭക്ഷ്യത്തിന്റെ ഒരു ബാച്ചിന്റെയോ ലോട്ടിന്റെയോ കൺസൈൻമെന്റിന്റെയോ ഭാഗമായിരിക്കുന്നിടത്ത്, വിപരീതമായി തെളിയിക്കപ്പെടുന്നതുവരെ, ആ ബാച്ചിലോ ലോട്ടിലോ കൺസൈൻമെന്റിലോ ഉള്ള എല്ലാ ഭക്ഷ്യവും ആ ആവശ്യകതകൾ പാലിക്കുന്നതിൽ പരാജയപ്പെട്ടുവെന്ന് അനുമാനിക്കാവുന്നതാണ്.

(2) ഭക്ഷ്യ അതോറിറ്റി, ഈ ആക്റ്റിൻകീഴിൽ റെഗുലേഷനുകൾ ഉണ്ടാക്കുമ്പോഴോ അല്ലെങ്കിൽ ഗുണനിലവാരങ്ങൾ നിർദേശിക്കുമ്പോഴോ—

(ക) (i) കാർഷിക രീതികളും കൈകാര്യം ചെയ്യലും സംഭരണവും പരിവഹരണോപാധികളും ഉൾപ്പെടെ രാജ്യത്ത് നിലവിലുള്ള രീതികളും ഉപാധികളും;

(ii) അന്താരാഷ്ട്ര ഗുണനിലവാരങ്ങളോ രീതികളോ നിലവിലുള്ളിടത്തോ അല്ലെങ്കിൽ അവ രൂപീകൃതമായിക്കൊണ്ടിരിക്കുന്ന പ്രക്രിയയിലായിരിക്കുന്നിടത്തോ അന്താരാഷ്ട്ര ഗുണനിലവാരങ്ങളും രീതികളും,

നിലവിലുള്ള അങ്ങനെയുള്ള രീതികളും ഉപാധികളും അല്ലെങ്കിൽ അന്താരാഷ്ട്ര ഗുണനിലവാരങ്ങളോ രീതികളോ അല്ലെങ്കിൽ അവയുടെ ഏതെങ്കിലും പ്രത്യേക ഭാഗമോ കണക്കിലെടുക്കുന്നത് അങ്ങനെയുള്ള റെഗുലേഷനുകളുടെ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള ഫലപ്രദമോ ഉചിതമോ ആയ ഒരു മാർഗമായിരിക്കുകയില്ലെന്ന് അഭിപ്രായമില്ലാത്തപക്ഷമോ അല്ലെങ്കിൽ ശാസ്ത്രീയമായ ഒരു ന്യായീകരണം ഉണ്ടായിരിക്കുന്നിടത്തോ അല്ലെങ്കിൽ രാജ്യത്ത് ഉചിതമായതാണെന്ന് തീരുമാനിച്ച ഒന്നിൽനിന്നും വ്യത്യസ്തമായ ഒരു സംരക്ഷണതലത്തിൽ അവ പരിണമിക്കുന്നിടത്തോ കണക്കിലെടുക്കേണ്ടതാണ്;

(ഖ) അപായസാധ്യതാവിശകലനം സാഹചര്യങ്ങൾക്കോ സംഗതിയുടെ സ്വഭാവത്തിനോ ഉചിതമല്ലെന്ന് അഭിപ്രായമുള്ളിടത്തൊഴികെ അങ്ങനെയുള്ള വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യഗുണനിലവാരങ്ങൾ നിശ്ചയിക്കേണ്ടതാണ്;

(ഗ) ലഭ്യമായ ശാസ്ത്രീയ തെളിവിന്റെ അടിസ്ഥാനത്തിലും സ്വതന്ത്രവും വസ്തുനിഷ്ഠവും സുതാര്യവും ആയ രീതിയിലും അപായസാധ്യതാനിർണ്ണയം ഏറ്റെടുക്കേണ്ടതാണ്;

(ഘ) ഭക്ഷ്യസുരക്ഷിതത്വമോ പൊതുജനാരോഗ്യമോ സംബന്ധിച്ച് റെഗുലേഷനുകൾ ഉണ്ടാക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ ഒരു ആവശ്യകതയുണ്ടെന്ന് അഭിപ്രായമുള്ളിടത്ത്, ആ സംഗതിയിൽ പൊതുവായ കൂടിയാലോചന വേണ്ടെന്നുവയ്ക്കാവുന്നതാണ് എന്നതൊഴികെ റെഗുലേഷനുകളുടെ തയ്യാറാക്കലിന്റെയും അവലോകനത്തിന്റെയും പുതുക്കലിന്റെയും വേളയിൽ നേരിട്ടോ എല്ലാ തലത്തിലുമുള്ള പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള പ്രാതിനിധ്യനികായങ്ങൾ മുഖേനയോ ഉള്ള തുറന്നതും സുതാര്യവുമായ പൊതുവായ കൂടിയാലോചന ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്:

എന്നാൽ അങ്ങനെയുള്ള റെഗുലേഷനുകൾക്ക് ആറ് മാസത്തിൽ കൂടുതലല്ലാത്ത പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്;

(ങ) ഉപഭോക്താക്കളുടെ താൽപ്പര്യസംരക്ഷണം ഉറപ്പുവരുത്തേണ്ടതും ഉപഭോക്താക്കൾക്ക് അവർ ഉപയോഗിക്കുന്ന ഭക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് അറിയപ്പെട്ട തിരഞ്ഞെടുക്കലുകൾ നടത്തുന്നതിനായി ഒരു അടിസ്ഥാനം നൽകേണ്ടതുമാണ്;

(ച) (i) ഉപഭോക്താവിനെ വഴിതെറ്റിക്കുന്നതോ അയാൾക്ക് ഹാനിവരുത്തുന്നതോ ആയ വഞ്ചനാപരമോ കബളിപ്പിക്കുന്നതോ അന്യായമോ ആയ വ്യാപാരരീതികളുടെയും;

(ii) സുരക്ഷിതമല്ലാത്തതോ മലിനമായതോ ഗുണനിലവാരം കുറഞ്ഞതോ ആയ ഭക്ഷ്യത്തിന്റെയും,

തടയൽ ഉറപ്പുവരുത്തേണ്ടതാണ്.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾ ഏതെങ്കിലും കർഷകനോ മീൻപിടുത്തക്കാരനോ കാർഷികപ്രവർത്തനങ്ങൾക്കോ വിളകൾക്കോ കന്നുകാലികൾക്കോ ജലസസ്യങ്ങളുടെയോ ജലജന്തുക്കളുടെയോ വളർത്തലിനോ, കൂടാതെ കാർഷികപ്രവർത്തനങ്ങളിൽ ഉപയോഗിക്കുകയോ ഉൽപ്പാദിപ്പിക്കുകയോ ചെയ്യുന്ന വിതരണവസ്തുക്കൾക്കും അല്ലെങ്കിൽ കൃഷിഭൂമിയുടെ തലത്തിൽ ഒരു കർഷകൻ ഉൽപ്പാദിപ്പിക്കുന്ന വിളകളുടെ ഉൽപന്നങ്ങൾക്കും അല്ലെങ്കിൽ ഒരു മീൻപിടുത്തക്കാരന് അയാളുടെ പ്രവർത്തനങ്ങളിലും ബാധകമാകുന്നതല്ല.

## അധ്യായം IV

## ഭക്ഷ്യപദാർഥങ്ങളെ സംബന്ധിച്ച സാമാന്യ വ്യവസ്ഥകൾ

ഭക്ഷ്യവർധിയുടെയോ സംസ്കരണ സഹായിയുടെയോ ഉപയോഗം.

19. ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായല്ലാതെ, യാതൊരു ഭക്ഷ്യപദാർഥത്തിലും ഏതെങ്കിലും ഭക്ഷ്യവർധിയോ സംസ്കരണസഹായിയോ അടങ്ങിയിരിക്കുവാൻ പാടുള്ളതല്ല.

*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി "സംസ്കരണ സഹായി" എന്നാൽ ഉപകരണങ്ങളും പാത്രങ്ങളും ഉൾപ്പെടാത്തതും ഒറ്റയ്ക്ക് ഒരു ഭക്ഷ്യചേരുവയായി ഉപഭോഗം ചെയ്യപ്പെടാത്തതും ട്രീറ്റ്മെന്റിന്റെയോ സംസ്കരണത്തിന്റെയോ സമയത്ത് ഒരു പ്രത്യേക സാങ്കേതിക ആവശ്യം നിറവേറ്റുവാൻ അസംസ്കൃത വസ്തുക്കളുടെയോ ഭക്ഷ്യങ്ങളുടെയോ അതിന്റെ ചേരുവകളുടെയോ സംസ്കരണത്തിൽ ഉപയോഗിക്കപ്പെട്ടതും അന്തിമ ഉൽപ്പന്നത്തിന്റെ അവക്ഷിപ്തങ്ങളുടെയോ വ്യുൽപ്പന്നങ്ങളുടെയോ ഉദ്ദേശപൂർവമല്ലാത്തതും എന്നാൽ ഒഴിവാക്കാനാവാത്തതുമായ സാന്നിധ്യമായി പരിണമിക്കാവുന്നതുമായ സാധനമോ വസ്തുവോ എന്നർഥമാകുന്നു.

മാലിന്യങ്ങൾ, സ്വാഭാവികമായി ഉണ്ടാകുന്ന വിഷപദാർഥങ്ങൾ, ഘനലോഹങ്ങൾ മുതലായവ.

20. യാതൊരു ഭക്ഷ്യപദാർഥത്തിലും റെഗുലേഷനുകളാൽ നിർദേശിക്കാവുന്ന അങ്ങനെയുള്ള അളവുകളിൽ ഏതെങ്കിലും മാലിന്യമോ സ്വാഭാവികമായി ഉണ്ടാകുന്ന വിഷപദാർഥങ്ങളോ വിഷങ്ങളോ ഹോർമോണോ ഘനലോഹങ്ങളോ അടങ്ങിയിരിക്കുവാൻ പാടുള്ളതല്ല.

കീടനാശിനികളും മൃഗചികിത്സാ ഔഷധങ്ങളുടെ അവക്ഷിപ്തങ്ങളും ആന്റിബയോട്ടിക് അവക്ഷിപ്തങ്ങളും മൈക്രോ-ബയോളജിക്കൽ കൗണ്ടുകളും.

21. (1) യാതൊരു ഭക്ഷ്യപദാർഥത്തിലും, റെഗുലേഷനുകളാൽ നിർദേശിക്കാവുന്ന അങ്ങനെയുള്ള അനുവദനീയമായ പരിധികളിൽ കൂടുതലായി പ്രാണിനാശിനികളുടെയോ കീടനാശിനികളുടെയോ അവക്ഷിപ്തങ്ങളും മൃഗചികിൽസാ മരുന്നുകളുടെ അവക്ഷിപ്തങ്ങളും ആന്റിബയോട്ടിക് അവക്ഷിപ്തങ്ങളും ലായകഅവക്ഷിപ്തങ്ങളും ഫാർമക്കോളജിക്കൽ ആക്റ്റീവ് പദാർഥങ്ങളും മൈക്രോ-ബയോളജിക്കൽ കൗണ്ടുകളും, അടങ്ങിയിരിക്കുവാൻ പാടുള്ളതല്ല.

1968-ലെ 46

(2) ഇൻസെക്റ്റിസൈഡ്സ് ആക്റ്റ്, 1968-ൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും അംഗീകരിക്കപ്പെട്ടിട്ടുള്ളതുമായ പുകയ്ക്കാനുപയോഗിക്കുന്ന സുഗന്ധവസ്തുക്കൾ ഒഴികെ യാതൊരു പ്രാണിനാശിനികളും ഭക്ഷ്യപദാർഥത്തിൽ നേരിട്ടുപയോഗിക്കുവാൻ പാടുള്ളതല്ല.

*വിശദീകരണം.*—ഈ ആക്റ്റിലെ ആവശ്യങ്ങൾക്കായി,—(1) "കീടനാശിനി അവക്ഷിപ്തം" എന്നാൽ ഒരു കീടനാശിനിയുടെ ഉപയോഗത്തിന്റെ ഫലമായുള്ള ഭക്ഷ്യത്തിലെ ഏതെങ്കിലും നിർദിഷ്ട പദാർഥം എന്നർഥമാകുന്നതും അതിൽ പരിവർത്തന ഉൽപ്പന്നങ്ങളും മെറ്റബൊളൈറ്റുകളും പ്രതിപ്രവർത്തന ഉൽപ്പന്നങ്ങളും വിഷശാസ്ത്ര സംബന്ധിയായി പ്രാധാന്യമുള്ളതായി കരുതുന്ന മാലിന്യങ്ങളും പോലെയുള്ള ഒരു കീടനാശിനിയുടെ ഏതെങ്കിലും വ്യുൽപ്പന്നങ്ങളും ഉൾപ്പെടുന്നതും കൂടാതെ പരിസരത്തുനിന്നും ഭക്ഷ്യത്തിലേക്കുവരുന്ന അങ്ങനെയുള്ള അവക്ഷിപ്തങ്ങളുംകൂടി ഉൾപ്പെടുന്നതുമാകുന്നു;

(2) "മൃഗചികിൽസാ ഔഷധങ്ങളുടെ അവക്ഷിപ്തങ്ങൾ" എന്നതിൽ ഏതെങ്കിലും മൃഗഉൽപ്പന്നത്തിന്റെ ഏതെങ്കിലും ഭക്ഷ്യയോഗ്യമായ ഭാഗത്തിലുള്ള പ്രധാന മൂലകങ്ങളോ അവയുടെ മെറ്റബൊളൈറ്റുകളോ രണ്ടുമോ ഉൾപ്പെടുന്നതും ബന്ധപ്പെട്ട മൃഗചികിൽസാ ഔഷധങ്ങളുടെ സംയോജിക്കപ്പെട്ട മാലിന്യങ്ങളുടെ അവക്ഷിപ്തങ്ങൾ ഉൾപ്പെടുന്നതുമാകുന്നു.

22. ഈ ആക്റ്റിലും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട റെഗുലേഷനുകളിലും മറ്റുവിധത്തിൽ വ്യവസ്ഥചെയ്തിട്ടുള്ള പ്രകാരമൊഴികെ യാതൊരാളും, ഏതെങ്കിലും നൂതനമായ ഭക്ഷ്യവും ജനിതകപരമായി മാറ്റം വരുത്തിയ ഭക്ഷ്യപദാർഥങ്ങളും രശ്മി പ്രസരണം ചെയ്യാത്ത ഭക്ഷ്യവും ജൈവഭക്ഷ്യങ്ങളും പ്രത്യേക പഥ്യാഹാര ഉപയോഗത്തിനുള്ള ഭക്ഷ്യങ്ങളും ഫങ്ഷണൽ ഭക്ഷ്യങ്ങളും ന്യൂട്രാസ്യൂട്ടിക്കലുകളും ആരോഗ്യ അനുപൂരകങ്ങളും ഉടമസ്ഥാവകാശമുള്ള ഭക്ഷ്യങ്ങളും കേന്ദ്രസർക്കാർ ഇതിനുവേണ്ടി വിജ്ഞാപനം ചെയ്യാവുന്ന അങ്ങനെയുള്ള മറ്റു ഭക്ഷ്യപദാർഥങ്ങളും നിർമ്മിക്കുവാനോ വിതരണം ചെയ്യുവാനോ വിൽക്കുവാനോ ഇറക്കുമതി ചെയ്യുവാനോ പാടുള്ളതല്ല. ജനിതകപരമായി മാറ്റം വരുത്തിയ ഭക്ഷ്യങ്ങൾ, ജൈവ ഭക്ഷ്യങ്ങൾ, ഫങ്ഷണൽ ഭക്ഷ്യങ്ങൾ, ഉടമസ്ഥാവകാശമുള്ള ഭക്ഷ്യങ്ങൾ മുതലായവ.

*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,—(1) "പ്രത്യേക പഥ്യാഹാര ഉപയോഗങ്ങൾക്കുള്ള ഭക്ഷ്യങ്ങളോ ഫങ്ഷണൽ ഭക്ഷ്യങ്ങളോ ന്യൂട്രാസ്യൂട്ടിക്കൽസ് അല്ലെങ്കിൽ ആരോഗ്യ അനുപൂരകങ്ങൾ" എന്നാൽ—

(ക) ഒരു പ്രത്യേക ശാരീരികമോ ശരീരശാസ്ത്രമോ ആയ അവസ്ഥ അല്ലെങ്കിൽ പ്രത്യേക രോഗങ്ങളും അസ്വാസ്ഥ്യങ്ങളും കാരണമായി നിലവിലുള്ള പ്രത്യേക പഥ്യാഹാര ആവശ്യകതകൾ നിറവേറ്റുന്നതിനായി പ്രത്യേകമായി സംസ്കരിച്ചതോ ഉണ്ടാക്കിയതോ ആയതും ആ നിലയിൽ പ്രദർശിപ്പിച്ചിട്ടുള്ളതും, ഇത്തരം ഭക്ഷ്യസാധനങ്ങളുടെ ഘടന താരതമ്യപ്പെടുത്താവുന്ന സ്വഭാവത്തിലുള്ള സാധാരണ ഭക്ഷ്യങ്ങളുടെ, അങ്ങനെയുള്ള സാധാരണ ഭക്ഷ്യങ്ങൾ നിലവിലുെ ങ്കിൽ, ഘടനയിൽനിന്നും സാരവത്തായി വ്യത്യസ്തമായിരിക്കുന്നതുമായ ഭക്ഷ്യങ്ങൾ എന്നർഥമാകുന്നതും അതിൽ താഴെപ്പറയുന്ന ഒന്നോ അതിലധികമോ ചേരുവകൾ അടങ്ങിയിരിക്കാവുന്നതുമാണ്, അതായത്:—

(i) സസ്യങ്ങളോ സസ്യസംബന്ധിയോ പൊടിയുടെയോ കോൺസൺട്രേറ്റിന്റെയോ വെള്ളത്തിലോ ഈതൈൽ ആൽക്കഹോളിലോ ഉള്ള സത്തിന്റെയോ ഹൈഡ്രോആൽക്കഹോളിക് സത്തിന്റെയോ രൂപത്തിലുള്ള ഒറ്റയ്ക്കോ യോജിച്ചതോ ആയ അവയുടെ ഭാഗങ്ങളോ;

(ii) ധാതുക്കളോ വിറ്റാമിനുകളോ പ്രോട്ടീനുകളോ ലോഹങ്ങളോ അവയുടെ സംയുക്തങ്ങളോ അമിനോആസിഡുകളോ (ഭാരതീയർക്കുവേണ്ടി ശിപാർശ ചെയ്തിട്ടുള്ള ദിവസേനയുള്ള അലവൻസിൽ കവിയാതെയുള്ള തോതിൽ) എൻസൈമുകളോ (അനുവദനീയമായ പരിധികൾക്കുള്ളിൽ);

(iii) മൃഗങ്ങളിൽനിന്നും ഉത്ഭവിക്കുന്ന പദാർഥങ്ങൾ;

(iv) ഉള്ളിൽ കഴിക്കുന്ന മൊത്തം പഥ്യാഹാരം വർധിപ്പിച്ചുകൊണ്ട് പഥ്യാഹാരത്തിന്റെ അനുപൂരകമാകുവാൻ മനുഷ്യൻ ഉപയോഗിക്കുന്ന ഒരു പഥ്യാഹാര പദാർഥം;

(ഖ) (i) "പ്രത്യേക പഥ്യാഹാരപരമായ ഉപയോഗങ്ങൾക്കുവേണ്ടിയുള്ള ഭക്ഷ്യമോ ഫങ്ഷണൽ ഭക്ഷ്യങ്ങളോ അഥവാ ന്യൂട്രാസ്യൂട്ടിക്കലുകളോ ആരോഗ്യ അനുപൂരകങ്ങൾ അല്ലെങ്കിൽ സദൃശമായ അങ്ങനെയുള്ള ഭക്ഷ്യങ്ങൾ" എന്ന് ലേബൽ ചെയ്തിട്ടുള്ളതും പതിവ് ഭക്ഷ്യമായി ഉപയോഗിക്കുന്നതിന് പ്രതിനിധാനം ചെയ്തിട്ടില്ലാത്തതും അതിൽനിന്നും പൊടികൾ, തരികൾ, ഗുളികകൾ, ക്യാപ്സ്യൂളുകൾ, ദ്രാവകങ്ങൾ, ജെല്ലി എന്നീ രൂപങ്ങളിലും മറ്റ് അളവു രൂപങ്ങളിലും എന്നാൽ കുടൽവഴി കടന്നുപോകുന്ന രൂപത്തിലുള്ളതുമായ അങ്ങനെയുള്ള ഉൽപ്പന്നങ്ങൾ രൂപപ്പെടുത്താവുന്നതും വായിലൂടെ കഴിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതുമായ ഒരു ഉൽപ്പന്നം,

എന്നർഥമാകുന്നതും;

(ii) അങ്ങനെയുള്ള ഉൽപ്പന്നത്തിൽ, 1940-ലെ ഔഷധങ്ങളും സൗന്ദര്യ വർദ്ധക വസ്തുക്കളും ആക്റ്റിലെ 3-ാം വകുപ്പിന്റെ (ഖ) ഖണ്ഡത്തിൽ നിർവചിക്കപ്പെട്ട പ്രകാരമുള്ള ഒരു ഔഷധവും (ക)-യും (ജ)-യും ഖണ്ഡങ്ങളിലും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലും നിർവചിക്കപ്പെട്ട പ്രകാരമുള്ള ആയുർവേദ ഔഷധങ്ങളും സിദ്ധ ഔഷധങ്ങളും യുനാനി ഔഷധങ്ങളും ഉൾപ്പെടുന്നതല്ല; 1940-ലെ 23

(iii) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട റെഗുലേഷനുകളാൽ അനുവദിക്കപ്പെടാവുന്ന ഏതെങ്കിലും പ്രത്യേക രോഗത്തിന്റെയോ അസ്വാസ്ഥ്യത്തിന്റെയോ അവസ്ഥയുടെയോ (ചില ആരോഗ്യ ആനുകൂല്യത്തിനോ അങ്ങനെയുള്ള പ്രോത്സാഹന അവകാശവാദങ്ങളോ ഒഴികെയുള്ള) ശമനം വരുത്തുന്നുവെന്നോ കാഠിന്യം കുറയ്ക്കുമെന്നോ അവകാശവാദം ഉന്നയിക്കുന്നതല്ല;

1985-ലെ 61

(iv) 1985-ലെ നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്റ്റിന്റെ പട്ടികയിലും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലും നിർവചിക്കപ്പെട്ട പ്രകാരമുള്ള ഒരു നാർക്കോട്ടിക് ഡ്രഗ് അഥവാ ഒരു സൈക്കോട്രോപിക് സബ്സ്റ്റൻസ്, ഔഷധങ്ങളും സൗന്ദര്യവർദ്ധക വസ്തുക്കളും ചട്ടങ്ങൾ, 1945-ലെ ഇ-യും ഇ ഇഎ-ഉം പട്ടികകളിൽ ലിസ്റ്റുചെയ്യപ്പെട്ട പദാർഥങ്ങൾ എന്നിവ ഉൾപ്പെടുന്നതല്ല.

(2) "ജനിതകപരമായി എൻജിനീയറിങ് ചെയ്തതോ മാറ്റം വരുത്തിയതോ ആയ ഭക്ഷ്യം" എന്നാൽ ആധുനിക ബയോടെക്നോളജി മുഖേന ലഭിച്ച ജനിതകപരമായി മാറ്റം വരുത്തിയതോ എൻജിനീയറിങ് ചെയ്തതോ ആയ ജീവികൾ ഉൾപ്പെട്ടതോ അടങ്ങിയിട്ടുള്ളതോ ആയ ഭക്ഷ്യവും ഭക്ഷ്യഘടകങ്ങളും അല്ലെങ്കിൽ ആധുനിക ബയോടെക്നോളജി മുഖേന ലഭിച്ച ജനിതകപരമായി മാറ്റം വരുത്തിയതോ എൻജിനീയറിങ് ചെയ്തതോ ആയ ജീവികളിൽനിന്നും ഉൽപ്പാദിപ്പിച്ചിട്ടുള്ളതും എന്നാൽ അവ അടങ്ങിയിട്ടില്ലാത്തതുമായ ഭക്ഷ്യവും ഭക്ഷ്യഘടകങ്ങളും എന്നർഥമാകുന്നു;

(3) "ജൈവ ഭക്ഷ്യം" എന്നാൽ നിർദിഷ്ട ജൈവ ഉൽപ്പാദന ഗുണനിലവാരങ്ങൾക്കനുസൃതമായി ഉൽപ്പാദിപ്പിച്ചിട്ടുള്ള ഭക്ഷ്യ ഉൽപ്പന്നങ്ങൾ എന്നർഥമാകുന്നു;

(4) "ഉടമസ്ഥതയിലുള്ളതും നൂതനവുമായ ഭക്ഷ്യം" എന്നാൽ ഗുണനിലവാരങ്ങൾ നിർദേശിച്ചിട്ടില്ലാത്തതും എന്നാൽ അരക്ഷിതമായതല്ലാത്തതുമായ ഭക്ഷ്യ പദാർഥം എന്നർഥമാകുന്നു:

എന്നാൽ അങ്ങനെയുള്ള ഭക്ഷ്യത്തിൽ ഈ ആക്റ്റും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട റെഗുലേഷനുകളും പ്രകാരം നിരോധിക്കപ്പെട്ട ഏതെങ്കിലും ഭക്ഷ്യങ്ങളും ഘടകങ്ങളും അടങ്ങുന്നതല്ല.

ഭക്ഷ്യങ്ങളുടെ പാക്കേജ് ചെയ്യലും ലേബൽ ചെയ്യലും.

23. (1) യാതൊരാളും, ഏതെങ്കിലും ഏജന്റിനോ ബ്രോക്കർക്കോ, റെഗുലേഷനുകളാൽ നിർദേശിക്കാവുന്ന തരത്തിൽ മാർക്ക് ചെയ്യാത്തതോ ലേബൽ ചെയ്യാത്തതോ ആയ ഏതെങ്കിലും പാക്കേജ് ചെയ്ത ഭക്ഷ്യ ഉൽപ്പന്നങ്ങൾ വിൽപ്പനയുടെ ആവശ്യത്തിനായി നിർമ്മിക്കുകയോ വിതരണം ചെയ്യുകയോ വിൽക്കുകയോ വിൽപ്പനയ്ക്കായി പ്രദർശിപ്പിക്കുകയോ അയച്ചുകൊടുക്കുകയോ വിട്ടുകൊടുക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല:

എന്നാൽ ലേബലുകളിൽ, പാക്കേജിൽ അടങ്ങിയിട്ടുള്ള ഭക്ഷ്യ ഉൽപ്പന്നങ്ങളെ സംബന്ധിച്ച ഏതെങ്കിലും വിശദാംശത്തിൽ, അളവുകൾ സംബന്ധിച്ചോ ഔഷധപരമോ രോഗശമനപരമോ ആയ പോഷകമൂല്യം സൂചിപ്പിക്കുന്ന അവകാശവാദങ്ങൾ സംബന്ധിച്ചോ പ്രസ്തുത ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ ഉൽഭവസ്ഥലം സംബന്ധിച്ചോ വ്യാജമായതോ തെറ്റിദ്ധരിപ്പിക്കുന്നതോ ആയ ഏതെങ്കിലും പ്രസ്താവനയോ അവകാശവാദമോ രൂപമാതൃകയോ അടയാളമോ അടങ്ങിയിരിക്കുവാൻ പാടുള്ളതല്ല.

(2) ഓരോ ഭക്ഷ്യബിസിനസ്സ് പ്രവർത്തകനും ഭക്ഷ്യത്തിന്റെ ലേബൽ ചെയ്യലും അവയുടെ രൂപമോ ആകാരമോ പാക്കേജിംഗോ ഉൾപ്പെടെയുള്ള പ്രദർശനവും ഉപയോഗിച്ച പാക്കേജിംഗ് വസ്തുക്കളും അവ സജ്ജീകരിക്കപ്പെടുന്ന രീതിയും അവ പ്രദർശിപ്പിക്കപ്പെടുന്ന സംവിധാനവും, ഏത് മാധ്യമത്തിലൂടെയായാലും അവയെക്കുറിച്ച് ലഭ്യമാക്കുന്നതായ വിവരവും ഉപഭോക്താക്കളെ തെറ്റിദ്ധരിപ്പിക്കുന്നത് ആയിരിക്കരുതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പരസ്യത്തിന്റെ നിയന്ത്രണവും അന്യായമായ വ്യാപാരരീതികളെ സംബന്ധിച്ച നിരോധനവും.

24. (1) ഏതെങ്കിലും ഭക്ഷ്യത്തിന്റെ, തെറ്റിദ്ധരിപ്പിക്കുന്നതോ കബളിപ്പിക്കുന്നതോ, ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകളെ ഉല്ലംഘിക്കുന്നതോ ആയ യാതൊരു പരസ്യവും ഉണ്ടാക്കുവാൻ പാടുള്ളതല്ല.

(2) യാതൊരാളും, ഭക്ഷ്യപദാർഥങ്ങളുടെ വിൽപ്പനയും വിതരണവും ഉപയോഗവും ഉപഭോഗവും പ്രോൽസാഹിപ്പിക്കുന്ന ആവശ്യത്തിലേക്കായി അന്യായമായ വ്യാപാര രീതികളിൽ ഏർപ്പെടുവാനോ,—

(ക) ഭക്ഷ്യങ്ങൾ ഒരു പ്രത്യേക ഗുണനിലവാരമോ ഗുണമോ അളവോ നിലവാര-സങ്കലനമോ ഉള്ളതാണെന്ന് വ്യാജമായി ധരിപ്പിക്കുന്നത്;

(ഖ) ആവശ്യത്തെയോ ഉപയോഗയോഗ്യതയെയോ സംബന്ധിച്ച വ്യാജമോ തെറ്റിദ്ധരിപ്പിക്കുന്നതോ ആയ പ്രതിനിധാനം നടത്തുന്നത്;

(ഗ) പര്യാപ്തമായതോ ശാസ്ത്രീയമായതോ ആയ നീതീകരണത്തിന്റെ അടിസ്ഥാനമില്ലാതെ പൊതുജനങ്ങൾക്ക് ക്ഷമത സംബന്ധിച്ച ഏതെങ്കിലും ഉറപ്പ് നൽകുന്നത്,

ആയ വാക്കാലോ രേഖാമൂലമോ ദൃശ്യമായ പ്രതിരൂപണം മുഖേനയോ ഏതെങ്കിലും പ്രസ്താവന നൽകുന്ന രീതി ഉൾപ്പെടെ ഏതെങ്കിലും അന്യായമായതോ വഞ്ചനാപരമായതോ ആയ രീതി സ്വീകരിക്കുവാനോ പാടുള്ളതല്ല:

എന്നാൽ ഫലത്തിൽ അങ്ങനെയുള്ള ഉറപ്പ് പര്യാപ്തമായതോ ശാസ്ത്രീയമായതോ ആയ നീതീകരണത്തിന്റെ അടിസ്ഥാനത്തിൽ ഉള്ളതാണെന്ന ഒരു പ്രതിവാദം ഉന്നയിക്കപ്പെട്ടിട്ടുള്ളിടത്ത് അങ്ങനെയുള്ള പ്രതിവാദം തെളിയിക്കുന്നതിനുള്ള ബാധ്യത അങ്ങനെയുള്ള പ്രതിവാദം ഉന്നയിക്കുന്ന ആൾക്കായിരിക്കുന്നതാണ്.

## അധ്യായം V

## ഇറക്കുമതി സംബന്ധിച്ച വ്യവസ്ഥകൾ

ഭക്ഷ്യപദാർഥങ്ങളുടെ എല്ലാ ഇറക്കുമതികളും ഈ ആക്റ്റിന് വിധേയമായിട്ടായിരിക്കണമെന്ന്.

25. (1) യാതൊരാളും—

(i) ഏതെങ്കിലും സുരക്ഷിതമല്ലാത്തതോ തെറ്റായി മുദ്രകുത്തിയതോ ഗുണനിലവാരം കുറഞ്ഞതോ ആയ ഭക്ഷ്യമോ ബാഹ്യപദാർഥങ്ങൾ അടങ്ങിയതായ ഭക്ഷ്യമോ;

(ii) ഏതെങ്കിലും ആക്റ്റോ ചട്ടങ്ങളോ റെഗുലേഷനുകളോ പ്രകാരം ഇറക്കുമതിക്ക് ലൈസൻസ് ആവശ്യമായിട്ടുള്ള ഏതെങ്കിലും ഭക്ഷ്യപദാർഥം ലൈസൻസിലെ ഉപാധികൾക്കനുസൃതമായല്ലാതെയും;

(iii) ഈ ആക്റ്റിന്റെയോ അതിൻകീഴിലോ മറ്റേതെങ്കിലും ആക്റ്റിൻ കീഴിലോ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടത്തിന്റെയോ റെഗുലേഷന്റെയോ മറ്റേതെങ്കിലും വ്യവസ്ഥ ഉല്ലംഘിച്ചുകൊണ്ട് ഏതെങ്കിലും ഭക്ഷ്യപദാർഥവും,

ഭാരതത്തിലേക്ക് ഇറക്കുമതി ചെയ്യുവാൻ പാടുള്ളതല്ല.

(2) കേന്ദ്രസർക്കാർ, 1992-ലെ ഫോറിൻ ട്രേഡ് (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്റ്റ് പ്രകാരം ഭക്ഷ്യപദാർഥങ്ങളുടെ ഇറക്കുമതി നിരോധിക്കുമ്പോഴോ നിയന്ത്രിക്കുമ്പോഴോ മറ്റുവിധത്തിൽ ക്രമപ്പെടുത്തുമ്പോഴോ ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾ പ്രകാരം ഭക്ഷ്യഅതോറിറ്റി പ്രതിപാദിച്ചിട്ടുള്ള ഗുണനിലവാരങ്ങൾ പാലിക്കേണ്ടതാണ്. 1992-ലെ 22

## അധ്യായം VI

## ഭക്ഷ്യസുരക്ഷിതത്വത്തെ സംബന്ധിച്ച പ്രത്യേക ഉത്തരവാദിത്വങ്ങൾ

ഭക്ഷ്യബിസിനസ്സ് പ്രവർത്തകന്റെ ഉത്തരവാദിത്വങ്ങൾ.

26. (1) ഓരോ ഭക്ഷ്യബിസിനസ്സ് പ്രവർത്തകനും, അയാളുടെ നിയന്ത്രണത്തിലുള്ള ബിസിനസ്സുകളിൽ ഉൽപ്പാദനത്തിന്റെയും സംസ്കരണത്തിന്റെയും ഇറക്കുമതിയുടെയും വിതരണത്തിന്റെയും വിൽപ്പനയുടെയും എല്ലാ ഘട്ടങ്ങളിലും, ഭക്ഷ്യപദാർഥങ്ങൾ, ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയും റെഗുലേഷനുകളിലെയും ആവശ്യകതകൾ നിറവേറ്റുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(2) യാതൊരു ഭക്ഷ്യബിസിനസ്സ് പ്രവർത്തകനും സ്വന്തമായോ അയാൾക്കുവേണ്ടി ഏതെങ്കിലും ആൾ മുഖേനയോ—

(i) സുരക്ഷിതമല്ലാത്തതോ;

(ii) തെറ്റായി മുദ്രകുത്തിയതോ ഗുണനിലവാരം കുറഞ്ഞതോ ബാഹ്യ പദാർഥം അടങ്ങിയിരിക്കുന്നതോ;

(iii) ഏതിനാണോ ഒരു ലൈസൻസ് ആവശ്യമുള്ളത്, ആ ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെയോ;

(iv) പൊതുജനാരോഗ്യത്തിന്റെ താൽപ്പര്യത്തിനായി ഭക്ഷ്യ അതോറിറ്റിയോ കേന്ദ്രസർക്കാരോ സംസ്ഥാനസർക്കാരോ തൽസമയത്തേക്ക് നിരോധിച്ചിട്ടുള്ളതോ;

(v) ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടത്തിലെയോ റെഗുലേഷനിലെയോ മറ്റേതെങ്കിലും വ്യവസ്ഥ ഉല്ലംഘിച്ചുകൊണ്ടോ,

ഏതെങ്കിലും ഭക്ഷ്യപദാർഥം നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(3) യാതൊരു ഭക്ഷ്യബിസിനസ്സ് പ്രവർത്തകനും, പകരുന്നതോ സാംക്രമികമോ വെറുപ്പ് ഉളവാക്കുന്നതോ ആയ രോഗത്താൽ ദുരിതമനുഭവിക്കുന്ന ഏതെങ്കിലും ആൾക്ക് തൊഴിൽ നൽകുവാൻ പാടുള്ളതല്ല.

(4) യാതൊരു ഭക്ഷ്യബിസിനസ്സ് പ്രവർത്തകനും, റെഗുലേഷനുകളാൽ നിർദേശിക്കപ്പെട്ടിട്ടുള്ള ഫാറത്തിൽ ഭക്ഷ്യപദാർഥത്തിന്റെ സ്വഭാവം, ഗുണം എന്നിവ സംബന്ധിച്ച് വിൽക്കുന്നയാൾക്ക് രേഖാമൂലം ഒരു ഉറപ്പുകൂടി നൽകാത്തപക്ഷം ഏതെങ്കിലും വിൽക്കുന്നയാളിന് അങ്ങനെയുള്ള ഭക്ഷ്യപദാർഥം വിൽക്കുകയോ വിൽപ്പനയ്ക്ക് ഓഫർ ചെയ്യുകയോ ചെയ്യുവാൻ പാടുള്ളതല്ല:

എന്നാൽ ബില്ലിലോ ക്യാഷ് മെമ്മോയിലോ ഇൻവോയ്സിലോ നിർദേശിക്കപ്പെട്ട ഫാറത്തിലുള്ള ഒരു ഉറപ്പ് ഉൾപ്പെട്ടിട്ടില്ലെങ്കിൽപ്പോലും ഒരു ഭക്ഷ്യ ബിസിനസ്സ് പ്രവർത്തകൻ ഏതെങ്കിലും ഭക്ഷ്യപദാർഥത്തിന്റെ വിൽപ്പനയുമായി ബന്ധപ്പെട്ട് വിൽക്കുന്നയാളിന് നൽകുന്ന ഒരു ബില്ലോ ക്യാഷ് മെമ്മോയോ ഇൻവോയ്സോ ഈ വകുപ്പിൻകീഴിൽ ഒരു ഉറപ്പായി കരുതപ്പെടേണ്ടതാണ്.

(5) സുരക്ഷിതമല്ലാത്ത ഏതെങ്കിലും ഭക്ഷ്യം ഒരേ ഗണത്തിലോ തരത്തിലോ ഉള്ള ഭക്ഷ്യത്തിന്റെ ഒരു ബാച്ചിന്റെയോ ലോട്ടിന്റെയോ കൺസൈൻമെന്റിന്റെയോ ഭാഗമായിരിക്കുന്നിടത്ത്, നിർദേശിക്കപ്പെട്ട ഒരു സമയത്തിനുള്ളിൽ വിശദമായ ഒരു നിർണ്ണയത്തെ തുടർന്ന് ആ ബാച്ചിന്റെയോ ലോട്ടിന്റെയോ കൺസൈൻമെന്റിന്റെയോ ശേഷിക്കുന്ന ഭാഗം സുരക്ഷിതമല്ലെന്നുള്ള യാതൊരു തെളിവുമില്ലെന്ന് കാണപ്പെടാത്തപക്ഷം ആ ബാച്ചിലെയോ ലോട്ടിലെയോ കൺസൈൻമെന്റിലെയോ എല്ലാ ഭക്ഷ്യവും കൂടി സുരക്ഷിതമല്ലെന്ന് കരുതപ്പെടേണ്ടതാണ്:

എന്നാൽ ഒരു ഭക്ഷ്യത്തിന്, ആ ഭക്ഷ്യത്തിന് ബാധകമായ പ്രത്യേക വ്യവസ്ഥകളുമായുള്ള ഏതെങ്കിലും അനുരൂപത വിപണിയിൽ ആ ഭക്ഷ്യം വയ്ക്കുന്നതിൻമേൽ നിയന്ത്രണങ്ങൾ ചുമത്തുവാൻ ക്ഷമതയുള്ള അധികാരസ്ഥാനങ്ങൾ ഉചിതമായ മാർഗങ്ങൾ സ്വീകരിക്കുന്നതിനോ, അനുരൂപമാണെങ്കിലും ഭക്ഷ്യം സുരക്ഷിതമല്ലെന്ന് അങ്ങനെയുള്ള അധികാരസ്ഥാനങ്ങൾ സംശയിക്കുന്നിടത്ത് എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ വിപണിയിൽനിന്നും അതിന്റെ പിൻവലിക്കൽ ആവശ്യപ്പെടുന്നതിനോ ഭംഗംവരാത്തവിധം ആയിരിക്കേണ്ടതുമാണ്.

നിർമ്മാതാക്കളുടെയും പായ്ക്ക് ചെയ്യുന്നവരുടെയും മൊത്ത വ്യാപാരികളുടെയും വിതരണക്കാരുടെയും വിൽപ്പനക്കാരുടെയും ബാധ്യത.

27. (1) ഒരു ഭക്ഷ്യപദാർഥത്തിന്റെ നിർമ്മാതാവോ പായ്ക്ക് ചെയ്യുന്ന ആളോ, അങ്ങനെയുള്ള ഭക്ഷ്യപദാർഥം ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയും റെഗുലേഷനുകളിലെയും ആവശ്യകതകൾ നിറവേറ്റുന്നില്ലെങ്കിൽ, അതിന് ബാധ്യസ്ഥനാകുന്നതാണ്.

(2) ഏതെങ്കിലും ഭക്ഷ്യപദാർഥം—

(ക) അതിന്റെ കാലാവധി അവസാനിക്കുന്ന തീയതിക്കുശേഷം വിതരണം ചെയ്യുകയോ;

(ഖ) നിർമ്മാതാവിന്റെ സുരക്ഷിതത്വ നിർദേശങ്ങൾ ലംഘിച്ചുകൊണ്ട് സംഭരിക്കുകയോ വിതരണം ചെയ്യുകയോ;

(ഗ) സുരക്ഷിതമല്ലാത്തതോ തെറ്റായി മുദ്ര കുത്തിയതോ;

(ഘ) ഭക്ഷ്യപദാർഥം ഏത് നിർമ്മാതാവിൽനിന്നാണ് സ്വീകരിച്ചതെന്ന് തിരിച്ചറിയാതിരിക്കുകയോ;

(ങ) ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് സംഭരിക്കുകയോ കൈകാര്യം ചെയ്യുകയോ സൂക്ഷിക്കുകയോ;

(ച) സുരക്ഷിതമല്ലെന്നുള്ള അറിവോടുകൂടി അയാൾ സ്വീകരിക്കുകയോ,

ചെയ്യുന്ന മൊത്തവ്യാപാരിയോ വിതരണക്കാരനോ അതിന് ഈ ആക്റ്റ് പ്രകാരം ബാധ്യസ്ഥനാകുന്നതാണ്.

(3) ഏതെങ്കിലും ഭക്ഷ്യപദാർഥം—

(ക) അതിന്റെ കാലാവധി അവസാനിക്കുന്ന തീയതിക്കുശേഷം വിൽക്കുകയോ;

(ഖ) ആരോഗ്യരക്ഷാപരമല്ലാത്ത അവസ്ഥകളിൽ കൈകാര്യം ചെയ്യുകയോ സൂക്ഷിക്കുകയോ;

(ഗ) തെറ്റായി മുദ്രകുത്തുകയോ;

(ഘ) അങ്ങനെയുള്ള ഭക്ഷ്യപദാർഥം ഏത് നിർമ്മാതാവിൽനിന്നും അല്ലെങ്കിൽ വിതരണക്കാരിൽനിന്നും ആണ് സ്വീകരിച്ചതെന്ന് തിരിച്ചറിയാതിരിക്കുകയോ;

(ങ) സുരക്ഷിതമല്ലെന്നുള്ള അറിവോടുകൂടി അയാൾ സ്വീകരിക്കുകയോ,

ചെയ്യുന്ന വിൽപ്പനക്കാരൻ അതിന് ഈ ആക്റ്റുപ്രകാരം ബാധ്യസ്ഥനാകുന്നതാണ്.

28. (1) ഒരു ഭക്ഷ്യബിസിനസ്സ് പ്രവർത്തകൻ, അയാൾ സംസ്കരിച്ചതോ നിർമ്മിച്ചതോ വിതരണം ചെയ്തതോ ആയ ഒരു ഭക്ഷ്യം ഈ ആക്റ്റിനോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾക്കോ റെഗുലേഷനുകൾക്കോ അനുസൃതമല്ലെന്ന് കരുതുന്നുവെങ്കിൽ അഥവാ വിശ്വസിക്കുന്നതിന് കാരണങ്ങളുണ്ടെങ്കിൽ പിൻവലിക്കുന്നതിനുള്ള കാരണങ്ങൾ സൂചിപ്പിച്ചുകൊണ്ട് പ്രശ്നത്തിലുള്ള ഭക്ഷ്യം വിപണിയിൽനിന്നും ഉപഭോക്താക്കളിൽ നിന്നും പിൻവലിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഉടൻതന്നെ ആരംഭിക്കേണ്ടതും അതിനെക്കുറിച്ച് ക്ഷമതയുള്ള അധികാരസ്ഥാനങ്ങളെ അറിയിക്കേണ്ടതുമാണ്. ഭക്ഷ്യം തിരിച്ചെടുക്കൽ നടപടിക്രമങ്ങൾ.

(2) ഒരു ഭക്ഷ്യബിസിനസ്സ് പ്രവർത്തകൻ, അയാൾ വിപണിയിൽ വച്ചിട്ടുള്ള ഭക്ഷ്യം ഉപഭോക്താക്കൾക്ക് സുരക്ഷിതമല്ലാതാകാവുന്നതാണെന്ന് അയാൾ കരുതുന്നുവെങ്കിലോ അയാൾക്ക്, വിശ്വസിക്കുവാൻ കാരണങ്ങളുണ്ടെങ്കിലോ ക്ഷമതയുള്ള അധികാര സ്ഥാനങ്ങളെ ഉടൻ അറിയിക്കേണ്ടതും അവരുമായി സഹകരിക്കേണ്ടതുമാണ്.

(3) ഭക്ഷ്യബിസിനസ്സ് പ്രവർത്തകൻ, ഉപഭോക്താവിനുള്ള അപായസാധ്യതകൾ, തടയുവാൻ എടുത്ത നടപടി ക്ഷമതയുള്ള അധികാരസ്ഥാനങ്ങളെ അറിയിക്കേണ്ടതും ഒരു ഭക്ഷ്യത്തിൽനിന്നും ഉൽഭവിക്കുന്ന അപായസാധ്യത തടയുകയോ കുറയ്ക്കുകയോ ഇല്ലാതാക്കുകയോ ചെയ്യാവുന്നിടത്ത് ഏതെങ്കിലും ആളെ ക്ഷമതയുള്ള അധികാര സ്ഥാനങ്ങളുമായി ഈ ആക്റ്റിനനുസൃതമായി സഹകരിക്കുന്നതിൽനിന്നും തടയുകയോ നിരുത്സാഹപ്പെടുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(4) ഓരോ ഭക്ഷ്യബിസിനസ്സ് പ്രവർത്തകനും ഭക്ഷ്യം തിരിച്ചെടുക്കൽ നടപടികൾ സംബന്ധിച്ച് ഭക്ഷ്യ അതോറിറ്റി റെഗുലേഷനുകളാൽ നിർദേശിക്കാവുന്ന അങ്ങനെയുള്ള വ്യവസ്ഥകളും മാർഗനിർദേശങ്ങളും പാലിക്കേണ്ടതാണ്.

## അധ്യായം VII

## ആക്റ്റിന്റെ നടപ്പാക്കൽ

ആക്റ്റിന്റെ നടപ്പാക്കലിന് ഉത്തരവാദപ്പെട്ട അധികാരസ്ഥാനങ്ങൾ.

29. (1) ഈ ആക്റ്റിന്റെ നടപ്പാക്കലിന് ഭക്ഷ്യ അതോറിറ്റിയും സംസ്ഥാന ഭക്ഷ്യ സുരക്ഷിതത്വ അതോറിറ്റികളും ഉത്തരവാദികളായിരിക്കുന്നതാണ്.

(2) ഭക്ഷ്യ അതോറിറ്റിയും സംസ്ഥാന ഭക്ഷ്യസുരക്ഷിതത്വ അതോറിറ്റികളും, ഭക്ഷ്യബിസിനസ്സിന്റെ എല്ലാ ഘട്ടങ്ങളിലും നിയമത്തിന്റെ പ്രസക്തമായ ആവശ്യകതകൾ ഭക്ഷ്യബിസിനസ്സ് പ്രവർത്തകർ നിറവേറ്റുന്നുവെന്ന് നിരീക്ഷിക്കേണ്ടതും പരിശോധി ക്കേണ്ടതും ആണ്.

(3) ഭക്ഷ്യബിസിനസ്സിന്റെ എല്ലാ ഘട്ടങ്ങളും ഉൾക്കൊള്ളുന്ന ഭക്ഷ്യസുരക്ഷി തത്വവും അപായസാധ്യതയും സംബന്ധിച്ചുള്ള പൊതുവിനിമയം, ഭക്ഷ്യസുരക്ഷിതത്വ മേൽനോട്ടവും മറ്റ് നിരീക്ഷണ പ്രവർത്തനങ്ങളും ഉൾപ്പെടെയുള്ള സാഹചര്യങ്ങൾക്ക് അനുയോജ്യമായ നിയന്ത്രണത്തിന്റെയും മറ്റു പ്രവർത്തനങ്ങളുടെയും ഒരു സംവിധാനം അധികാരസ്ഥാനങ്ങൾ പരിപാലിക്കേണ്ടതാണ്.

(4) പ്രകടമായോ ആവശ്യമായ വിവക്ഷയാലോ മറ്റ് ചില അധികാര സ്ഥാനത്തിന്മേൽ ഈ ആക്റ്റിലെ ഏത് വ്യവസ്ഥകളുമായി ബന്ധപ്പെട്ടാണോ കർത്തവ്യം ഏൽപ്പിച്ചിട്ടില്ലാത്തത്, അത് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ അവരുടെ പ്രദേശങ്ങളിൽ നടപ്പിലാക്കേണ്ടതും പ്രയോഗത്തിൽ വരുത്തേണ്ടതുമാണ്.

(5) ഈ ആക്റ്റിൻകീഴിലുള്ള റെഗുലേഷനുകൾ, പൊതുവായോ ഒരു പ്രത്യേക വിവരണത്തിലുള്ളതോ ഒരു പ്രത്യേക പ്രദേശത്തെയോ സംഗതികൾ സംബന്ധിച്ച ഏതൊക്കെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന്മാരാണ് അവ നടപ്പിലാക്കുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്യേണ്ടതെന്ന് നിർദേശിക്കേണ്ടതും അങ്ങനെയുള്ള ഏതെങ്കിലും റെഗുലേഷനുകളോ ഉത്തരവുകളോ, റെഗുലേഷനുകളുടെയോ ഉത്തരവുകളുടെയോ ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകളുടെയോ ഭരണനിർവഹണവുമായി ബന്ധപ്പെട്ട ഏതെങ്കിലും അധികാരസ്ഥാനത്താൽ അപ്രകാരം ബന്ധപ്പെട്ട മറ്റേതെങ്കിലും അധികാര സ്ഥാനത്തിന് അവരുടെകീഴിൽ യഥാക്രമം വരുന്ന കർത്തവ്യങ്ങളുടെ ആവശ്യങ്ങൾക്കായി സഹായമോ വിവരമോ നൽകുന്നതിന് വ്യവസ്ഥചെയ്യാവുന്നതുമാണ്.

(6) ഭക്ഷ്യസുരക്ഷാ കമ്മീഷണറും പദവി നിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥനും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന് നൽകിയിട്ടുള്ള അതേ അധികാരങ്ങൾ വിനിയോഗി ക്കേണ്ടതും ഈ ആക്റ്റിൽ നിർദേശിക്കപ്പെട്ട അതേ നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷാ കമ്മീഷണർ.

30. (1) സംസ്ഥാനസർക്കാർ, ഭക്ഷ്യസുരക്ഷിതത്വവും ഗുണനിലവാരങ്ങളും ഈ ആക്റ്റിലും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലും റെഗുലേഷനുകളിലും പ്രതിപാദിച്ചിട്ടുള്ള മറ്റ് ആവശ്യകതകളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മീഷണറെ നിയമിക്കേണ്ടതാണ്.

(2) ഭക്ഷ്യസുരക്ഷാ കമ്മീഷണർ, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ ചുമതലകൾ, അതായത്:—

(ക) പൊതുജനാരോഗ്യത്തിന്റെ താൽപ്പര്യത്തിൽ, സംസ്ഥാനം മുഴുവനുമോ അതിന്റെ ഏതെങ്കിലും പ്രദേശത്തോ ഭാഗത്തോ ഏതെങ്കിലും ഭക്ഷ്യപദാർഥത്തിന്റെ നിർമ്മാണമോ സംഭരണമോ വിതരണമോ വിൽപ്പനയോ ഇതിലേക്കായി ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്ത ഉത്തരവിൽ നിർദേശിക്കാവുന്ന, ഒരു വർഷത്തിൽ കവിയാത്ത അങ്ങനെയുള്ള കാലാവധിയിലേക്ക് നിരോധിക്കുക;

(ഖ) ഭക്ഷ്യ അതോറിറ്റി വിവിധ ഭക്ഷ്യപദാർഥങ്ങൾക്കുവേണ്ടി വിജ്ഞാപനം ചെയ്തിട്ടുള്ള ഗുണനിലവാരങ്ങൾ സംസ്ഥാനത്ത് ഭക്ഷ്യത്തിന്റെ നിർമ്മാണത്തിലോ സംസ്കരണത്തിലോ ഏർപ്പെട്ടിട്ടുള്ള വ്യവസായ യൂണിറ്റുകൾ പാലിക്കുന്നുണ്ടോയെന്ന് കണ്ടുപിടിക്കുന്നതിന് അങ്ങനെയുള്ള യൂണിറ്റുകളുടെ സർവ്വെ നടത്തുക;

(ഗ) ഭക്ഷ്യസുരക്ഷിതത്വത്തിൽ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി ഭക്ഷ്യ ചങ്ങലയുടെ വിഭിന്നവിഭാഗങ്ങൾക്കുവേണ്ടി വ്യാപകമായതോതിലും ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ ആഫീസിലെ ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികൾ നടത്തുകയോ സംഘടിപ്പിക്കുകയോ ചെയ്യുക;

(ഘ) നിർദേശിക്കപ്പെട്ട പ്രകാരമുള്ള ഗുണനിലവാരങ്ങളുടെയും മറ്റ് ആവശ്യകതകളുടെയും കാര്യക്ഷമവും ഏകരൂപത്തിലുള്ളതുമായ നടപ്പാക്കൽ ഉറപ്പുവരുത്തുകയും വസ്തുനിഷ്ഠതയുടെയും ഉത്തരവാദിത്വത്തിന്റെയും പ്രായോഗികതയുടെയും സുതാര്യതയുടെയും വിശ്വാസയോഗ്യതയുടെയും ഒരു ഉന്നതഗുണനിലവാരവും കൂടി ഉറപ്പുവരുത്തുകയും ചെയ്യുക;

(ങ) ഈ ആക്റ്റിൻകീഴിൽ തടവുശിക്ഷയ്ക്ക് അർഹമായ കുറ്റങ്ങളുടെ പ്രോസിക്യൂഷനുള്ള അനുമതി നൽകുക;

(ച) സംസ്ഥാനസർക്കാർ, ഭക്ഷ്യ അതോറിറ്റിയുമായി കൂടിയാലോചിച്ച് നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള മറ്റ് ചുമതലകൾ,

നിർവഹിക്കേണ്ടതാണ്.

(3) ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക്, അദ്ദേഹത്തിന് ആവശ്യമെന്നോ യുക്തമെന്നോ കരുതാവുന്ന, ഈ ആക്റ്റിൻകീഴിലുള്ള അദ്ദേഹത്തിന്റെ അങ്ങനെയുള്ള അധികാരങ്ങളും ചുമതലകളും (പദവി നിർദേശം ചെയ്ത ഉദ്യോഗസ്ഥൻ, ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻ, ഭക്ഷ്യഅനലിസ്റ്റ് എന്നിവരെ നിയമിക്കുവാനുള്ള അധികാരം ഒഴികെ), ഉത്തരവുവഴി, ഉത്തരവിൽ നിർദേശിക്കാവുന്ന അങ്ങനെയുള്ള വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി അദ്ദേഹത്തിന്റെ കീഴിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനെ അധികാരം ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

ഭക്ഷ്യബിസിനസ്സിന്റെ ലൈസൻസ് നൽകലും രജിസ്ട്രേഷനും.

31. (1) യാതൊരാളും ലൈസൻസ് പ്രകാരമല്ലാതെ ഏതെങ്കിലും ഭക്ഷ്യബിസിനസ്സ് ആരംഭിക്കുവാനോ നടത്തുവാനോ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും, ഏതെങ്കിലും ഭക്ഷ്യ പദാർഥം സ്വയം നിർമ്മിക്കുകയോ വിൽക്കുകയോ ചെയ്യുന്ന ഒരു ചെറുതരം നിർമ്മാതാവിനോ ഒരു ചെറുതരം ചില്ലറ വിൽപ്പനക്കാരനോ വഴിവാണിഭക്കാരനോ ചുറ്റിസഞ്ചരിച്ച് വിൽക്കുന്നയാളിനോ താൽക്കാലിക സ്റ്റാൾ കൈവശക്കാരനോ ഭക്ഷ്യബിസിനസ്സുമായി ബന്ധപ്പെട്ട ചെറുകിട അല്ലെങ്കിൽ കുടിൽ അല്ലെങ്കിൽ അങ്ങനെയുള്ള മറ്റു വ്യവസായങ്ങൾക്കോ തീരെ ചെറിയ ഭക്ഷ്യബിസിനസ്സ് പ്രവർത്തകനോ ബാധകമല്ലാത്തതും എന്നാൽ, മനുഷ്യഉപഭോഗത്തിനുവേണ്ടിയുള്ളതോ ഉപഭോക്താക്കളുടെ താൽപ്പര്യത്തെ ബാധിക്കുന്നതോ ആയ സുരക്ഷിതവും ആരോഗ്യാവഹവുമായ ഭക്ഷ്യലഭ്യതയ്ക്ക് ഭംഗംവരുത്താതെ റെഗുലേഷനുകളാൽ നിർദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അങ്ങനെയുള്ള അധികാരസ്ഥാനം മുൻപാകെ അവർ സ്വയം രജിസ്റ്റർ ചെയ്യേണ്ടതാണ്.

(3) ഏതെങ്കിലും ഭക്ഷ്യബിസിനസ്സ് ആരംഭിക്കുവാനോ നടത്തുവാനോ ആഗ്രഹമുള്ള ഏതെങ്കിലും ആൾ റെഗുലേഷനുകളാൽ നിർദേശിക്കാവുന്ന അങ്ങനെയുള്ള വിശദാംശങ്ങളും ഫീസുകളും അടങ്ങിയിട്ടുള്ള അപ്രകാരമുള്ള രീതിയിൽ പദവി നിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥന് ഒരു ലൈസൻസ് അനുവദിക്കുന്നതിനായി ഒരു അപേക്ഷ നൽകേണ്ടതാണ്.

(4) പദവി നിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ, (3)-ാം ഉപവകുപ്പുപ്രകാരം അപേക്ഷ ലഭിക്കുന്നതിന്മേൽ ലൈസൻസ് നൽകുകയോ പൊതുജനാരോഗ്യതാൽപര്യത്തിനുവേണ്ടി അങ്ങനെ ചെയ്യേണ്ടത് ആവശ്യമാണെന്ന് അയാൾക്ക് ബോധ്യപ്പെടുന്ന പക്ഷം, അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനുശേഷവും എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാലും ഏതെങ്കിലും അപേക്ഷകന് ഒരു ലൈസൻസ് അനുവദിക്കുന്നതിന് വിസമ്മതിക്കുകയോ ചെയ്യാവുന്നതും, അപേക്ഷകന് ഉത്തരവിന്റെ ഒരു പകർപ്പ് ലഭ്യമാക്കേണ്ടതുമാണ്:

എന്നാൽ അപേക്ഷ നൽകിയ തീയതി മുതൽ രണ്ട് മാസത്തിനകം ലൈസൻസ് നൽകുന്നില്ലെങ്കിലോ അപേക്ഷ നിരസിച്ചിട്ടില്ലെങ്കിലോ പ്രസ്തുത കാലാവധി അവസാനിച്ചതിനുശേഷം അപേക്ഷകന് അയാളുടെ ഭക്ഷ്യബിസിനസ്സ് ആരംഭിക്കാവുന്നതും അങ്ങനെയുള്ള ഒരു സംഗതിയിൽ പദവി നിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ ലൈസൻസ് നൽകുവാൻ വിസമ്മതിക്കുവാൻ പാടില്ലാത്തതും എന്നാൽ ആവശ്യമെന്ന് അയാൾ കരുതുന്നുവെങ്കിൽ, 32-ാം വകുപ്പുപ്രകാരം മെച്ചപ്പെടുത്തൽ നോട്ടീസ് നൽകാവുന്നതും അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിക്കാവുന്നതുമാണ്.

(5) ഓരോ ലൈസൻസും റെഗുലേഷനുകളാൽ നിർദേശിക്കാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

(6) പദവിനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥന് ഒന്നോ അതിലധികമോ ഭക്ഷ്യ പദാർഥങ്ങൾക്കുവേണ്ടിയും ഒരേ പ്രദേശത്തിലെ വ്യത്യസ്ത സ്ഥാപനങ്ങൾക്കോ പരിസരങ്ങൾക്കോ വേണ്ടിയുംകൂടി ഒരു ഒറ്റ ലൈസൻസ് നൽകാവുന്നതാണ്.

(7) ഒന്നിൽ കൂടുതൽ പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന വ്യത്യസ്ത പരിസരങ്ങളിൽ ഭക്ഷ്യപദാർഥങ്ങൾ നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ വിൽപ്പനയ്ക്കു വേണ്ടി പ്രദർശിപ്പിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ പ്രത്യേകം അപേക്ഷകൾ കൊടുക്കേണ്ടതും ഒരേ പ്രദേശത്തിനുള്ളിൽപ്പെടാത്ത അങ്ങനെയുള്ള പരിസരങ്ങൾ സംബന്ധിച്ച് പ്രത്യേകം ലൈസൻസ് നൽകേണ്ടതുമാണ്.

(8) ലൈസൻസ് നൽകുന്നത് നിരസിച്ചുകൊണ്ടുള്ള ഉത്തരവിനെതിരെ ഒരു അപ്പീൽ ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് നൽകേണ്ടതാണ്.

(9) ഒരു ലൈസൻസ് മുൻപുതന്നെ സസ്പെൻഡ് ചെയ്യുകയോ റദ്ദുചെയ്യുകയോ ചെയ്തിട്ടില്ലാത്തപക്ഷം റെഗുലേഷനുകളാൽ നിർദേശിക്കാവുന്ന അങ്ങനെയുള്ള കാലയളവിലേക്ക് അതിന് പ്രാബല്യമുണ്ടായിരിക്കുന്നതാണ്:

എന്നാൽ ലൈസൻസിന്റെ സാധുതാകാലാവധി അവസാനിക്കുന്നതിനുമുൻപ് ലൈസൻസ് പുതുക്കുന്നതിനായി ഒരു അപേക്ഷ നൽകുന്നുവെങ്കിൽ, അപേക്ഷയിൻമേൽ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ ലൈസൻസ് പ്രാബല്യത്തിൽ തുടരുന്നതാണ്.

(10) മരണപ്പെട്ട ആളെ പ്രതിനിധാനം ചെയ്യുന്ന ആളിന്റെയോ അയാളുടെ കുടുംബത്തിലെ മറ്റേതെങ്കിലും അംഗത്തിന്റെയോ ഗുണത്തിനായി ലൈസൻസ്—

(ക) അയാളുടെ മരണം മുതൽ ആരംഭിക്കുന്ന മൂന്ന് മാസക്കാലയളവോ;

(ഖ) പദവിനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ അനുവദിക്കാവുന്ന അങ്ങനെയുള്ള ദീർഘിപ്പിച്ച കാലയളവോ,

അവസാനിക്കുന്നതുവരെ നിലനിൽക്കുന്നതാണ്.

മെച്ചപ്പെടുത്തൽ നോട്ടീസുകൾ.

32. (1) പദവിനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥന്, ഈ വകുപ്പ് ബാധകമാകുന്ന ഏതെങ്കിലും റെഗുലേഷനുകൾ പാലിക്കുന്നതിൽ ഭക്ഷ്യബിസിനസ്സ് പ്രവർത്തകൻ വീഴ്ചവരുത്തിയിട്ടുണ്ടെന്ന് വിശ്വസിക്കുന്നതിന് ന്യായമായ കാരണമുണ്ടെങ്കിൽ അയാൾക്ക്, ആ ഭക്ഷ്യബിസിനസ്സ് പ്രവർത്തകന് നൽകുന്ന ഒരു നോട്ടീസ് (ഈ ആക്റ്റിൽ ''മെച്ചപ്പെടുത്തൽ നോട്ടീസ്'' എന്ന് പരാമർശിച്ചിരിക്കുന്നു), മുഖേന—

(ക) ഭക്ഷ്യബിസിനസ്സ് പ്രവർത്തകൻ റെഗുലേഷനുകൾ പാലിക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ടെന്ന് വിശ്വസിക്കുന്നതിനുള്ള കാരണങ്ങൾ പ്രസ്താവിക്കുകയും;

(ഖ) അപ്രകാരം പാലിക്കുന്നതിൽ ഭക്ഷ്യബിസിനസ്സ് പ്രവർത്തകന്റെ വീഴ്ചയ്ക്ക് ഘടകമായ സംഗതികൾ നിർദേശിക്കുകയും;

(ഗ) പ്രസ്തുത അധികാരസ്ഥാനത്തിന്റെ അഭിപ്രായത്തിൽ ഭക്ഷ്യബിസിനസ്സ് പ്രവർത്തകൻ സ്വീകരിക്കേണ്ട നടപടികൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാനായി നിർദേശിക്കുകയും;

(ഘ) ഭക്ഷ്യബിസിനസ്സ് പ്രവർത്തകനോട് നോട്ടീസിൽ നിർദേശിക്കാവുന്ന ഒരു ന്യായമായ കാലയളവിനുള്ളിൽ (പതിന്നാല് ദിവസത്തിൽ കുറയാതെ) അത്തരം നടപടികളോ കുറഞ്ഞപക്ഷം അവയുമായി തുല്യതയുള്ള നടപടികളോ സ്വീകരിക്കുവാൻ ആവശ്യപ്പെടുകയും,

ചെയ്യാവുന്നതാണ്.

(2) ഭക്ഷ്യബിസിനസ്സ് പ്രവർത്തകൻ മെച്ചപ്പെടുത്തൽ നോട്ടീസ് അനുസരിക്കുന്നതിൽ വീഴ്ചവരുത്തുകയാണെങ്കിൽ അയാളുടെ ലൈസൻസ് സസ്പെൻഡ് ചെയ്യാവുന്നതാണ്.

(3) ഭക്ഷ്യബിസിനസ്സ് പ്രവർത്തകൻ മെച്ചപ്പെടുത്തൽ നോട്ടീസ് അനുസരിക്കുന്നതിൽ തുടർന്നും വീഴ്ചവരുത്തുകയാണെങ്കിൽ പദവി നിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥന് ലൈസൻസിക്ക് കാരണം കാണിക്കുവാൻ ഒരു അവസരം നൽകിയതിനുശേഷം അയാൾക്ക് അനുവദിച്ച ലൈസൻസ് റദ്ദാക്കാവുന്നതാണ്:

എന്നാൽ പദവി നിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥന്, പൊതുജനാരോഗ്യ താൽപ്പര്യത്തിൽ, ഏതെങ്കിലും ലൈസൻസ്, എഴുതി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ ഉടൻ സസ്പെൻഡ് ചെയ്യാവുന്നതാണ്.

(4) ഏതൊരാളാണോ—

(ക) ഒരു മെച്ചപ്പെടുത്തൽ നോട്ടീസിനാലോ;

(ഖ) മെച്ചപ്പെടുത്തൽ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നൽകുവാനുള്ള വിസമ്മതത്താലോ;

(ഗ) ഈ ആക്റ്റ് പ്രകാരമുള്ള ലൈസൻസിന്റെ റദ്ദാക്കലിനാലോ സസ്പെൻഡ് ചെയ്യലിനാലോ പിൻവലിക്കലിനാലോ,

സങ്കടമനുഭവിക്കുന്നത് അയാൾക്ക്, ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് അപ്പീൽ നൽകാവുന്നതും അതിന്മേലുള്ള അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(5) അങ്ങനെയുള്ള ഒരു അപ്പീൽ നൽകാവുന്നത്—

(ക) അപ്പീൽ ആഗ്രഹിക്കുന്ന ആളിന് തീരുമാനത്തിന്റെ നോട്ടീസ് നടത്തിയ തീയതി മുതൽ പതിനഞ്ച് ദിവസമോ;

(ഖ) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അപ്പീലിന്റെ സംഗതിയിൽ പ്രസ്തുത കാലാവധിയോ മെച്ചപ്പെടുത്തൽ നോട്ടീസിൽ നിർദേശിക്കപ്പെട്ട കാലാവധിയോ, ഏതാണോ ആദ്യം അവസാനിക്കുന്നത്,

ആ കാലാവധിക്കുള്ളിൽ ആയിരിക്കേണ്ടതാണ്.

*വിശദീകരണം.*—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി, പരാതി നൽകുന്നത് അപ്പീൽ നൽകുന്നതായി കരുതപ്പെടേണ്ടതാണ്.

33. (1) (ക) ഏതെങ്കിലും ഭക്ഷ്യബിസിനസ്സ് പ്രവർത്തകൻ ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെടുകയാണെങ്കിലും; നിരോധന ഉത്തരവുകൾ.

(ഖ) അയാളെ അപ്രകാരം കുറ്റസ്ഥാപനം ചെയ്യുന്ന കോടതിയാലോ കോടതി മുമ്പാകെയോ ആ ഭക്ഷ്യബിസിനസ്സുമായി ബന്ധപ്പെട്ട ആരോഗ്യ അപായ സാധ്യത നിലനിൽക്കുന്നുവെന്ന് ബോധ്യപ്പെടുകയും ചെയ്യുന്നുവെങ്കിൽ,

ഭക്ഷ്യബിസിനസ്സ് പ്രവർത്തകന് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിനു ശേഷം ആ കോടതിക്ക് ഒരു ഉത്തരവുമൂലം താഴെപ്പറയുന്ന നിരോധനങ്ങൾ, അതായത്:—

(i) ഭക്ഷ്യബിസിനസ്സിന്റെ ആവശ്യത്തിനായുള്ള പ്രക്രിയയുടെയോ ട്രീറ്റ്മെന്റിന്റെയോ ഉപയോഗത്തിലുള്ള ഒരു നിരോധനം;

(ii) ആ ഭക്ഷ്യബിസിനസ്സിന്റെയോ അതേ ഗണത്തിലോ തരത്തിലോ ഉള്ള മറ്റേതെങ്കിലും ഭക്ഷ്യബിസിനസ്സിന്റെ ആവശ്യങ്ങൾക്കുവേണ്ടി പരിസരങ്ങളുടെയോ ഉപകരണത്തിന്റെയോ ഉപയോഗത്തിലുള്ള ഒരു നിരോധനം;

(iii) ഏതെങ്കിലും ഭക്ഷ്യബിസിനസ്സിന്റെ ആവശ്യങ്ങൾക്കുവേണ്ടിയുള്ള പരിസരങ്ങളുടെയോ ഉപകരണത്തിന്റെയോ ഉപയോഗത്തിലുള്ള ഒരു നിരോധനം,

ചുമത്താവുന്നതാണ്.

(2) കോടതിക്ക്, അപ്രകാരം ചെയ്യുന്നത് ആവശ്യമാണെന്ന് ബോധ്യപ്പെടുന്ന തിന്മേൽ, ഒരു ഉത്തരവുമൂലം, ഉത്തരവിൽ നിർദേശിക്കപ്പെടുന്ന ഏതെങ്കിലും ഭക്ഷ്യബിസിനസ്സിന്റെയോ ഒരു ഗണത്തിലോ തരത്തിലോ ഉള്ള ഏതെങ്കിലും ഭക്ഷ്യബിസിനസ്സിന്റെയോ നടത്തിപ്പിൽ പങ്കെടുക്കുന്ന ഭക്ഷ്യബിസിനസ്സ് പ്രവർത്തകനുമേൽ ഒരു നിരോധനം ചുമത്താവുന്നതാണ്.

(3) (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരം ഒരു ഉത്തരവ് (ഈ ആക്റ്റിൽ ഒരു "നിരോധന ഉത്തരവ്" എന്ന് പരാമർശിച്ചിരിക്കുന്നു) പുറപ്പെടുവിച്ചതിനുശേഷം പ്രായോഗികമാകുന്നിടത്തോളം വേഗത്തിൽ ബന്ധപ്പെട്ട ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻ—

(ക) ഭക്ഷ്യബിസിനസ്സ് പ്രവർത്തകന് ഉത്തരവിന്റെ ഒരു പകർപ്പ് നൽകേണ്ടതും;

(ഖ) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു ഉത്തരവിന്റെ സംഗതിയിൽ ഭക്ഷ്യബിസിനസ്സിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന അങ്ങനെയുള്ള പരിസരത്തിലെ ശ്രദ്ധയാകർഷിക്കത്തക്ക ഒരു സ്ഥലത്ത് ഉത്തരവിന്റെ ഒരു പകർപ്പ് പതിക്കേണ്ടതും,

അങ്ങനെയുള്ള ഉത്തരവ് അറിഞ്ഞുകൊണ്ട് ലംഘിക്കുന്ന ഏതൊരാളും ഒരു കുറ്റത്തിന് അപരാധിയാകുന്നതും മൂന്നുലക്ഷം രൂപവരെയാകാവുന്ന ഒരു പിഴയ്ക്ക് ശിക്ഷിക്കപ്പെടേണ്ടതുമാണ്.

(4) നിരോധന ഉത്തരവ് അസാധുവാക്കുന്നത് ന്യായീകരിക്കുന്ന പര്യാപ്തമായ നടപടികൾ ഭക്ഷ്യബിസിനസ്സ് പ്രവർത്തകൻ എടുത്തിട്ടുണ്ടെന്ന ഫലത്തിലുള്ള ഒരു സർട്ടിഫിക്കറ്റ്, ഭക്ഷ്യബിസിനസ്സ് പ്രവർത്തകൻ അങ്ങനെയുള്ള ഒരു സർട്ടിഫിക്കറ്റിനുവേണ്ടി നൽകിയ അപേക്ഷയിൻമേൽ, പദവി നിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥന്റെ അംഗീകാരത്തോടുകൂടി ബന്ധപ്പെട്ട ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻ, അദ്ദേഹത്തിന് ബോധ്യപ്പെട്ട്, ഏഴു ദിവസത്തിനകം നൽകുകയോ പ്രസ്തുത ഉദ്യോഗസ്ഥൻ—

(ക) ന്യായമായി പ്രായോഗികമാകുന്നിടത്തോളം വേഗത്തിൽ, ഏത് സംഗതിയിലും പതിന്നാല് ദിവസത്തിനകവും, അദ്ദേഹത്തിന് അപ്രകാരം ബോധ്യപ്പെട്ടിട്ടുണ്ടോ ഇല്ലയോ എന്ന് തീരുമാനിക്കേണ്ടതും;

(ഖ) അദ്ദേഹത്തിന് അപ്രകാരം ബോധ്യപ്പെട്ടിട്ടില്ലായെന്ന് അദ്ദേഹം തീരുമാനിക്കുകയാണെങ്കിൽ ആ തീരുമാനത്തിനുള്ള കാരണങ്ങളെക്കുറിച്ച് ഭക്ഷ്യബിസിനസ്സ് പ്രവർത്തകന് നോട്ടീസ് നൽകേണ്ടതുമാണ്.

(5) നിരോധന ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം, കുറഞ്ഞത് ആറുമാസത്തിനുള്ളിൽ ഭക്ഷ്യബിസിനസ്സ് പ്രവർത്തകൻ നൽകിയ ഒരു അപേക്ഷയിന്മേൽ, നിരോധന ഉത്തരവ് അസാധുവാക്കുന്നത് ന്യായീകരിക്കുന്ന പര്യാപ്തമായ നടപടികൾ ഭക്ഷ്യബിസിനസ്സ് പ്രവർത്തകൻ എടുത്തിട്ടുണ്ടെന്ന് കോടതിക്ക് ബോധ്യപ്പെടുന്നതിന്മേൽ ഒരു നിരോധന ഉത്തരവിനുള്ള പ്രഭാവം അവസാനിക്കുന്നതാണ്.

(6) ഉത്തരവ് നൽകിയതുമുതൽ, പ്രത്യേകിച്ച് ഭക്ഷ്യബിസിനസ്സ് പ്രവർത്തകന്റെ പെരുമാറ്റം ഉൾപ്പെടെ കേസിന്റെ എല്ലാ സാഹചര്യങ്ങളും പരിഗണിച്ച് അപ്രകാരം ചെയ്യുന്നത് ഉചിതമാണെന്ന് കോടതി കരുതുന്നുവെങ്കിൽ ഭക്ഷ്യബിസിനസ്സ് പ്രവർത്തകന്റെ ഒരു അപേക്ഷയിൻമേൽ ഒരു നിർദേശം കോടതി നൽകേണ്ടതും എന്നാൽ അങ്ങനെയുള്ള യാതൊരു അപേക്ഷയും—

(ക) നിരോധന ഉത്തരവ് നൽകിയതിനുശേഷം ആറുമാസത്തിനുള്ളിലോ;

(ഖ) ഭക്ഷ്യബിസിനസ്സ് പ്രവർത്തകൻ, അങ്ങനെയുള്ള ഒരു നിർദേശത്തിന് മുൻകൂട്ടിയുള്ള ഒരു അപേക്ഷ നൽകിയതിനുശേഷം മൂന്നുമാസത്തിനുള്ളിലോ, നൽകിയിട്ടില്ലെങ്കിൽ സ്വീകരിക്കേണ്ടതില്ല.

*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി,—

(i) മുകളിലുള്ള ഏതെങ്കിലും പരാമർശം ഭക്ഷ്യബിസിനസ്സ് പ്രവർത്തകനെ സംബന്ധിച്ച് ബാധകമാകുന്നതുപോലെ ഭക്ഷ്യബിസിനസ്സിന്റെ ഒരു മാനേജരെ സംബന്ധിച്ച് ബാധകമാകുന്നതും, ബിസിനസ്സിന്റെ ഭക്ഷ്യബിസിനസ്സ് പ്രവർത്തകനെയോ അല്ലെങ്കിൽ ഭക്ഷ്യബിസിനസ്സ് പ്രവർത്തകനെയോകുറിച്ചുള്ള ഏതെങ്കിലും പരാമർശത്തിന് അതനുസരിച്ച് അർഥം കൽപിക്കേണ്ടതുമാണ്;

(ii) ഒരു ഭക്ഷ്യബിസിനസ്സ് സംബന്ധിച്ച് "മാനേജർ" എന്നാൽ ബിസിനസ്സിന്റെയോ ബിസിനസ്സിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ ദൈനംദിന നടത്തിപ്പിനായി ഭക്ഷ്യബിസിനസ്സ് പ്രവർത്തകനാൽ ഭരമേൽപ്പിക്കപ്പെടുന്ന ഏതെങ്കിലും ആൾ എന്നർഥമാകുന്നു.

34. (1) ഏതെങ്കിലും ഭക്ഷ്യബിസിനസ്സ് സംബന്ധിച്ച് ആരോഗ്യത്തിന് അപായ സാധ്യതയുടെ സാഹചര്യം നിലനിൽക്കുന്നുണ്ടെന്ന് പദവി നിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥന് ബോധ്യപ്പെടുകയാണെങ്കിൽ, അയാൾ ഭക്ഷ്യബിസിനസ്സ് പ്രവർത്തകന് ഒരു നോട്ടീസ് (ഈ ആക്റ്റിൽ "ഒരു അടിയന്തര നിരോധന നോട്ടീസ്" എന്ന് പരാമർശിച്ചിരിക്കുന്നു) നടത്തിയതിനുശേഷം നിരോധനം ചുമത്തുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണറോട് അപേക്ഷിക്കാവുന്നതാണ്. അടിയന്തര നിരോധന നോട്ടീസുകളും ഉത്തരവുകളും.

(2) ഭക്ഷ്യസുരക്ഷാ കമ്മീഷണർ, അങ്ങനെയുള്ള ഒരു ഉദ്യോഗസ്ഥന്റെ അപേക്ഷയിന്മേൽ ഏതെങ്കിലും ഭക്ഷ്യബിസിനസ്സ് സംബന്ധിച്ച് ആരോഗ്യത്തിന് അപായസാധ്യതയുടെ സാഹചര്യം നിലനിൽക്കുന്നുണ്ടെന്ന് ബോധ്യപ്പെടുകയാണെങ്കിൽ അദ്ദേഹം ഒരു ഉത്തരവുമുഖേന നിരോധനം ചുമത്തേണ്ടതാണ്.

(3) പദവി നിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ അപേക്ഷയുടെ തീയതിക്ക് കുറഞ്ഞത് ഒരു ദിവസം മുൻപെങ്കിലും ഉത്തരവിനുവേണ്ടി അപേക്ഷിക്കുവാനുള്ള അദ്ദേഹത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് ബിസിനസ്സിന്റെ ഭക്ഷ്യബിസിനസ്സ് പ്രവർത്തകന് നോട്ടീസ് നൽകാത്തപക്ഷം അദ്ദേഹം അടിയന്തര നിരോധന ഉത്തരവിന് അപേക്ഷിക്കുവാൻ പാടുള്ളതല്ല.

(4) ഒരു അടിയന്തര നിരോധന ഉത്തരവ് ഉണ്ടാക്കിയതിനുശേഷം പ്രായോഗികമാകുന്നിടത്തോളം വേഗത്തിൽ പദവി നിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥനോട്,—

(ക) ഉത്തരവിന്റെ പകർപ്പ് ബിസിനസ്സിന്റെ ഭക്ഷ്യബിസിനസ്സ് പ്രവർത്തകന് നൽകുന്നതിനോ;

(ഖ) ആ ബിസിനസ്സിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെടുന്ന അങ്ങനെയുള്ള പരിസരങ്ങളിൽ ശ്രദ്ധയാകർഷിക്കുന്ന ഒരു സ്ഥലത്ത് ഉത്തരവിന്റെ ഒരു പകർപ്പ് പതിപ്പിക്കുവാനോ,

ആവശ്യപ്പെടേണ്ടതും, അറിഞ്ഞുകൊണ്ട് അങ്ങനെയുള്ള ഒരു ഉത്തരവ് ലംഘിക്കുന്ന ഏതൊരാളും ഒരു കുറ്റത്തിന് അപരാധിയാകുന്നതും രണ്ട് വർഷംവരെയാകാവുന്ന ഒരു കാലത്തേക്കുള്ള തടവുശിക്ഷയ്ക്കും രണ്ടുലക്ഷം രൂപവരെയാകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേണ്ടതുമാണ്.

(5) ഭക്ഷ്യബിസിനസ്സ് പ്രവർത്തകൻ അങ്ങനെയുള്ള ഉത്തരവ് അസാധുവാക്കുന്നത് ന്യായീകരിക്കുന്ന പര്യാപ്തമായ നടപടികൾ എടുത്തിട്ടുണ്ടെന്ന് പദവി നിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥന് ബോധ്യപ്പെട്ടിട്ടുണ്ടെന്ന ഫലത്തിലുള്ള ഒരു സർട്ടിഫിക്കറ്റ് അദ്ദേഹം നൽകുന്നതിൻമേൽ അടിയന്തര നിരോധന ഉത്തരവിന്റെ പ്രഭാവം അവസാനിക്കുന്നതാണ്.

(6) അങ്ങനെയുള്ള ഒരു സർട്ടിഫിക്കറ്റിനായുള്ള ഭക്ഷ്യബിസിനസ്സ് പ്രവർത്തകന്റെ അപേക്ഷയിന്മേൽ ഏഴുദിവസത്തിനകം പദവി നിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ (5)-ാം ഉപവകുപ്പുപ്രകാരമുള്ള സർട്ടിഫിക്കറ്റ് നൽകേണ്ടതും അദ്ദേഹത്തിന് ബോധ്യപ്പെടാതിരിക്കുന്നതിൻമേൽ പ്രസ്തുത ഉദ്യോഗസ്ഥൻ ഭക്ഷ്യബിസിനസ്സ് പ്രവർത്തകന് പത്തുദിവസക്കാലാവധിക്കകം അങ്ങനെയുള്ള തീരുമാനത്തിന്റെ കാരണങ്ങൾ സൂചിപ്പിക്കുന്ന നോട്ടീസ് നൽകേണ്ടതുമാണ്.

ഭക്ഷ്യവിഷബാധ സംബന്ധിച്ച വിജ്ഞാപനം.

35. ഭക്ഷ്യ അതോറിറ്റിക്ക്, വിജ്ഞാപനംവഴി വിജ്ഞാപനത്തിൽ നിർദേശിക്കപ്പെട്ട ഏതെങ്കിലും തദ്ദേശപ്രദേശത്ത് അവരുടെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന രജിസ്റ്റർ ചെയ്ത മെഡിക്കൽ പ്രാക്റ്റീഷണർമാരോട് അവരുടെ ശ്രദ്ധയിൽവരുന്ന ഭക്ഷ്യവിഷബാധയുടെ എല്ലാ സംഭവങ്ങളും നിർദേശിക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥന് റിപ്പോർട്ടു ചെയ്യുവാൻ ആവശ്യപ്പെടാവുന്നതാണ്.

പദവിനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ.

36. (1) ഭക്ഷ്യസുരക്ഷാ കമ്മീഷണർ, ഉത്തരവുവഴി, റെഗുലേഷനുകളാൽ നിർദേശിക്കാവുന്ന അങ്ങനെയുള്ള പ്രദേശത്ത് ഭക്ഷ്യസുരക്ഷിതത്വ ഭരണനിർവഹണത്തിന്റെ ചുമതല വഹിക്കേണ്ട ഒരു സബ്ഡിവിഷണൽ ആഫീസറുടെ പദവിയിൽ കുറയാത്ത പദവി നിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥനെ നിയമിക്കേണ്ടതാണ്.

(2) ഓരോ ജില്ലയ്ക്കും പദവി നിർദേശം ചെയ്യപ്പെട്ട ഒരു ഉദ്യോഗസ്ഥൻ ഉണ്ടായിരിക്കേണ്ടതാണ്.

(3) പദവിനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ നിർവഹിക്കേണ്ട ചുമതലകൾ താഴെപ്പറയുംപ്രകാരമാണ്, അതായത്:—

(ക) ഭക്ഷ്യബിസിനസ്സ് പ്രവർത്തകർക്ക് ലൈസൻസ് നൽകുകയോ റദ്ദാക്കുകയോ ചെയ്യുക;

(ഖ) ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾ ഉല്ലംഘിച്ചുകൊണ്ടുള്ള ഏതെങ്കിലും ഭക്ഷ്യപദാർത്ഥത്തിന്റെ വിൽപ്പന നിരോധിക്കുക;

(ഗ) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥനിൽനിന്നും അദ്ദേഹത്തിന്റെ അധികാരിതയിലുള്ള ഭക്ഷ്യപദാർഥങ്ങളുടെ റിപ്പോർട്ടും സാമ്പിളുകളും സ്വീകരിക്കുകയും അവ വിശകലനം ചെയ്യിക്കുകയും ചെയ്യുക;

(ഘ) തടവുശിക്ഷയ്ക്കർഹമായ ഉല്ലംഘനത്തിന്റെ സംഗതിയിൽ പ്രോസിക്യൂഷൻ ആരംഭിക്കുവാൻ അനുമതിക്കുവേണ്ടി ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് ശിപാർശകൾ നൽകുക;

(ങ) പിഴശിക്ഷ നൽകാവുന്ന ഉല്ലംഘനങ്ങളുടെ സംഗതികളിൽ പ്രോസിക്യൂഷനുകൾക്ക് അനുമതി നൽകുകയോ അവ ആരംഭിക്കുകയോ ചെയ്യുക;

(ച) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നടത്തിയ എല്ലാ പരിശോധനകളുടെയും അവരുടെ കർത്തവ്യനിർവഹണത്തിൽ അവർ എടുത്ത നടപടികളുടെയും രേഖ വച്ചുപോരുക;

(ഛ) ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകളുടെ ഏതെങ്കിലും ഉല്ലംഘനം സംബന്ധിച്ച് രേഖാമൂലം നൽകാവുന്ന ഏതെങ്കിലും പരാതിയിൽ അന്വേഷണം നടത്തിക്കുക;

(ജ) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥനെതിരെ രേഖാമൂലം നൽകാവുന്ന ഏതെങ്കിലും പരാതി അന്വേഷിക്കുക;

(ഝ) ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഭരമേൽപ്പിക്കാവുന്ന അങ്ങനെയുള്ള മറ്റു കർത്തവ്യങ്ങൾ നിർവഹിക്കുക.

ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻ.

37. (1) ഭക്ഷ്യസുരക്ഷാ കമ്മീഷണർ, വിജ്ഞാപനംവഴി, ഈ ആക്റ്റും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളും റെഗുലേഷനുകളും പ്രകാരമുള്ള ചുമതലകൾ നിർവഹിക്കുന്ന ആവശ്യത്തിനായി അദ്ദേഹത്തിന് യുക്തമെന്നുതോന്നുന്ന, കേന്ദ്രസർക്കാർ നിർണ്ണയിച്ച യോഗ്യതകളുള്ള അങ്ങനെയുള്ള ആളുകളെ, അദ്ദേഹം അവരെ ഭരമേൽപ്പിക്കാവുന്ന അങ്ങനെയുള്ള തദ്ദേശപ്രദേശങ്ങൾക്കായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരായി നിയമിക്കേണ്ടതാണ്.

(2) സംസ്ഥാനസർക്കാരിന് ഒരു നിർദിഷ്ട അധികാരിതയ്ക്കുള്ളിൽ ഒരു ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന്റെ ചുമതലകൾ നിർവഹിക്കുന്നതിന്, (1)-ാം ഉപവകുപ്പിൻ കീഴിൽ നിർണ്ണയിക്കപ്പെട്ട യോഗ്യതകൾ ഉള്ള സംസ്ഥാനസർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനെ അധികാരപ്പെടുത്താവുന്നതാണ്.

ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന്റെ അധികാരങ്ങൾ.

38. (1) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻ, ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട റെഗുലേഷനുകളിലെയോ ഉത്തരവുകളിലെയോ ഏതെങ്കിലും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളിൽ തെളിവായി അത് ആവശ്യപ്പെടാവുന്നതാണെന്ന് വിശ്വസിക്കുവാൻ അദ്ദേഹത്തിന് കാരണമുള്ളപക്ഷം—

(ക) (i) മനുഷ്യ ഉപഭോഗത്തിനായി വിൽപ്പനയ്ക്ക് ഉദ്ദേശിച്ചിട്ടുള്ളതായോ വിറ്റിട്ടുള്ളതായോ അദ്ദേഹത്തിന് തോന്നുന്ന ഏതെങ്കിലും ഭക്ഷ്യത്തിന്റെയോ ഏതെങ്കിലും പദാർത്ഥത്തിന്റെയോ;

(ii) അങ്ങനെയുള്ള ഏതെങ്കിലും പരിസരങ്ങളിൻമേലോ പരിസരങ്ങൾക്കുള്ളിലോ അദ്ദേഹം കണ്ടെത്തുന്ന ഏതെങ്കിലും ഭക്ഷ്യപദാർത്ഥത്തിന്റെയോ സാധനത്തിന്റെയോ,

ഒരു സാമ്പിൾ എടുക്കാവുന്നതോ; അല്ലെങ്കിൽ

(ഖ) ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട റെഗുലേഷനുകളോ ഉല്ലംഘിച്ചുകൊണ്ടുള്ളതാണെന്ന് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന് തോന്നുന്ന ഏതെങ്കിലും ഭക്ഷ്യപദാർത്ഥം പിടിച്ചെടുക്കാവുന്നതോ; കൂടാതെ

(ഗ) ഒരു സാമ്പിൾ എടുത്തതിനുശേഷം അങ്ങനെയുള്ള ഭക്ഷ്യപദാർത്ഥം ഭക്ഷ്യബിസിനസ്സ് പ്രവർത്തകന്റെ സുരക്ഷിത കസ്റ്റഡിയിൽ അത് സൂക്ഷിക്കാവുന്നതും,

രണ്ടു സംഗതികളിലും അങ്ങനെയുള്ള സാമ്പിൾ എടുത്ത തദ്ദേശപ്രദേശത്തിനു വേണ്ടിയുള്ള ഒരു ഭക്ഷ്യഅനലിസ്റ്റിന് അത് വിശ്ലേഷണത്തിനുവേണ്ടി അയയ്ക്കാവുന്നതുമാണ്:

എന്നാൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻ അങ്ങനെയുള്ള പദാർഥം ഭക്ഷ്യ ബിസിനസ്സ് പ്രവർത്തകന്റെ സുരക്ഷിത കസ്റ്റഡിയിൽ സൂക്ഷിക്കുന്നിടത്ത് അദ്ദേഹത്തിന് ഭക്ഷ്യബിസിനസ്സ് പ്രവർത്തകനോട് അങ്ങനെയുള്ള പദാർഥത്തിന്റെ മൂല്യത്തിന് തുല്യമായ ഒരു തുകയ്ക്കുള്ള ഒരു ബോണ്ട് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന് യുക്തമെന്നു കരുതുന്ന ഒന്നോ അതിലധികമോ ജാമ്യക്കാരോടുകൂടി ഒപ്പിട്ട് പൂർത്തീകരിക്കുവാൻ ആവശ്യപ്പെടാവുന്നതും ഭക്ഷ്യബിസിനസ്സ് പ്രവർത്തകൻ അതനുസരിച്ച് ബോണ്ട് ഒപ്പിട്ടു പൂർത്തീകരിക്കേണ്ടതുമാണ്.

(2) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന്, ഭക്ഷ്യപദാർഥം നിർമ്മിക്കുകയോ വിൽപ്പനയ്ക്കു വേണ്ടി സംഭരിക്കുകയോ മറ്റേതെങ്കിലും ഭക്ഷ്യപദാർഥത്തിന്റെ നിർമ്മാണത്തിനുവേണ്ടി സംഭരിക്കുകയോ വിൽപ്പനയ്ക്കുവേണ്ടി തുറന്നുവയ്ക്കുകയോ പ്രദർശിപ്പിക്കുകയോ ചെയ്യുന്നതും മായമായി ചേർക്കുന്ന വസ്തു നിർമ്മിക്കുകയോ സൂക്ഷിക്കുകയോ ചെയ്യുന്നതുമായ ഏതെങ്കിലും സ്ഥലത്ത് പ്രവേശിക്കാവുന്നതും പരിശോധന നടത്താവുന്നതും അങ്ങനെയുള്ള ഭക്ഷ്യപദാർഥത്തിന്റെയോ മായമായി ചേർക്കുന്ന വസ്തുവിന്റെയോ സാമ്പിളുകൾ വിശ്ലേഷണത്തിനായി എടുക്കാവുന്നതുമാണ്.

(3) ഏതെങ്കിലും സാമ്പിൾ എടുക്കപ്പെടുന്നിടത്ത്, ആ പദാർഥം പൊതുജനങ്ങൾക്ക് സാധാരണയായി വിൽക്കപ്പെടുന്ന നിരക്കിൽ അതിന്റെ വില കണക്കാക്കി ആരിൽനിന്നുമാണോ അത് എടുക്കപ്പെടുന്നത് ആ ആൾക്ക് നൽകേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡപ്രകാരം പിടിച്ചെടുക്കപ്പെട്ട ഏതെങ്കിലും ഭക്ഷ്യ പദാർഥത്തിന് വേഗം കേടുവരുന്ന സ്വഭാവമുണ്ടായിരിക്കുകയും അങ്ങനെയുള്ള ഭക്ഷ്യപദാർഥം മനുഷ്യ ഉപഭോഗത്തിന് യോഗ്യമല്ലാത്ത അത്രത്തോളം കേടുവന്നിട്ടുള്ളതാണെന്ന് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന് ബോധ്യപ്പെടുകയും ചെയ്യുന്നിടത്ത്, ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻ ഭക്ഷ്യബിസിനസ്സ് പ്രവർത്തകന് രേഖാമൂലം നോട്ടീസ് നൽകിയതിനുശേഷം അത് നശിപ്പിക്കുവാനിടയാക്കാവുന്നതാണ്.

(5) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻ, ഈ വകുപ്പുപ്രകാരം ഏതെങ്കിലും സ്ഥലത്ത് പ്രവേശിക്കുന്നതിന്റെയും പരിശോധിക്കുന്നതിന്റെയും അധികാരങ്ങൾ വിനിയോഗിക്കുന്നതിൽ
1974-ലെ 2. 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത പ്രകാരം പുറപ്പെടുവിച്ച ഒരു സെർച്ച് വാറണ്ട് നടപ്പാക്കുന്ന ഒരു പോലീസ് ഉദ്യോഗസ്ഥനാലുള്ള ഒരു സ്ഥലത്തിന്റെ സെർച്ചോ പരിശോധനയോ സംബന്ധിച്ച ആ സംഹിതയിലെ വ്യവസ്ഥകൾ, കഴിയാവുന്നിടത്തോളം അനുവർത്തിക്കേണ്ടതാണ്.

(6) നിർമ്മാതാവിന്റെയോ വിതരണക്കാരന്റെയോ വ്യാപാരിയുടെയോ കൈവശത്തിലുള്ള ഏതെങ്കിലും ഭക്ഷ്യപദാർഥത്തിലോ ആ നിലയിൽ അയാൾ കൈവശംവച്ചിട്ടുള്ള ഏതെങ്കിലും പരിസരങ്ങളിലോ കണ്ടെത്തിയതും അതിന്റെ കൈവശംവയ്ക്കലിനുവേണ്ടി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥനോട് തൃപ്തികരമായവിധം അയാൾക്ക് സമാധാനം ബോധിപ്പിക്കാനാകാത്തതുമായ ഏതെങ്കിലും മായമായി ചേർക്കുന്ന വസ്തുവും ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും അന്വേഷണത്തിനോ നടപടികൾക്കോ വേണ്ടി ഉപയോഗപ്രദമോ പ്രസക്തമോ ആകുമായിരുന്ന അയാളുടെ കൈവശത്തിലോ നിയന്ത്രണത്തിലോ കണ്ടെത്തിയ ഏതെങ്കിലും അക്കൗണ്ട് ബുക്കുകളും അല്ലെങ്കിൽ മറ്റ് പ്രമാണങ്ങളും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന് പിടിച്ചെടുക്കാവുന്നതും അങ്ങനെയുള്ള മായമായി ചേർക്കുന്ന വസ്തുവിന്റെ ഒരു സാമ്പിൾ ഒരു ഭക്ഷ്യ അനലിസ്റ്റിന് വിശ്ലേഷണത്തിനായി സമർപ്പിക്കാവുന്നതുമാണ്:

എന്നാൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻ അദ്ദേഹം കീഴുദ്യോഗസ്ഥനായിട്ടുള്ള അധികാരസ്ഥാനത്തിന്റെ മുൻകൂട്ടിയുള്ള അംഗീകാരമില്ലാതെ അങ്ങനെയുള്ള യാതൊരു അക്കൗണ്ട് ബുക്കുകളോ മറ്റ് പ്രമാണങ്ങളോ പിടിച്ചെടുക്കുവാൻ പാടുള്ളതല്ല.

(7) (1)-ാം ഉപവകുപ്പ് (ക) ഖണ്ഡമോ (2)-ാം ഉപവകുപ്പോ (4)-ാം ഉപവകുപ്പോ (6)-ാം ഉപവകുപ്പോ പ്രകാരം ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻ ഏതെങ്കിലും നടപടി എടുക്കുന്നിടത്ത്, അയാൾ, അങ്ങനെയുള്ള നടപടി എടുക്കുമ്പോൾ ആ സമയത്ത് ഹാജരാകുവാൻ ഒന്നോ അതിലധികമോ ആളുകളെ വിളിച്ചുവരുത്തേണ്ടതും അയാളുടെയോ അവരുടെയോ ഒപ്പുകൾ വാങ്ങേണ്ടതുമാണ്.

(8) (6)-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും അക്കൗണ്ട് ബുക്കുകളോ മറ്റ് പ്രമാണങ്ങളോ പിടിച്ചെടുക്കുന്നിടത്ത്, ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻ, പിടിച്ചെടുക്കുന്ന തീയതി മുതൽ മുപ്പതുദിവസത്തിൽ കവിയാതെയുള്ള കാലയളവിനുള്ളിൽ ആയത് ആരിൽനിന്നുമാണോ പിടിച്ചെടുക്കപ്പെട്ടത് അയാൾക്ക് അയാളാൽ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള അതിന്റെ പകർപ്പുകളോ അതിൽനിന്നുമുള്ള പ്രസക്തഭാഗങ്ങളോ, കേന്ദ്രസർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള രീതിയിൽ എടുത്തതിനുശേഷം, തിരികെക്കൊടുക്കേണ്ടതാണ്:

എന്നാൽ അങ്ങനെയുള്ള ആൾ അപ്രകാരം സാക്ഷ്യപ്പെടുത്തുവാൻ വിസമ്മതിക്കുന്നിടത്തും ഈ ആക്റ്റുപ്രകാരം അയാൾക്കെതിരെ ഒരു പ്രോസിക്യൂഷൻ ആരംഭിച്ചിട്ടുള്ളിടത്തും, അങ്ങനെയുള്ള അക്കൗണ്ട് ബുക്കുകളോ മറ്റ് പ്രമാണങ്ങളോ കോടതിയാൽ സാക്ഷ്യപ്പെടുത്തിയപ്രകാരമുള്ള അതിന്റെ പകർപ്പുകളും അതിൽനിന്നുമുള്ള പ്രസക്തഭാഗങ്ങളും എടുത്തതിനുശേഷം മാത്രം അയാൾക്ക് തിരികെക്കൊടുക്കേണ്ടതാണ്.

(9) (6)-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും മായമായി ചേർക്കുന്ന വസ്തു പിടിച്ചെടുക്കുമ്പോൾ, അങ്ങനെയുള്ള മായമായി ചേർക്കുന്ന വസ്തു മായം ചേർക്കുന്ന ആവശ്യങ്ങൾക്കായി ഉദ്ദേശിച്ചിട്ടുള്ളതല്ല എന്ന് തെളിയിക്കുന്നതിനുള്ള ബാധ്യത, അങ്ങനെയുള്ള മായമായി ചേർക്കുന്ന വസ്തു ആരുടെ കൈവശത്തിൽനിന്നുമാണോ പിടിച്ചെടുക്കപ്പെട്ടത്, അയാളിലായിരിക്കുന്നതാണ്.

(10) ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതു സംബന്ധിച്ച് ബാധകമായ മാർഗനിർദേശങ്ങൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന്റെ അധികാരങ്ങൾ, ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് ഒരു നിർദിഷ്ട കാലയളവിലേക്ക് റദ്ദ് ചെയ്യാവുന്നതുമാണ്.

ചില സംഗതികളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന്റെ ബാധ്യത.

39. (ക) ഉപദ്രവകരമായതും ന്യായമായ ഏതെങ്കിലും കാരണം കൂടാതെയും ഏതെങ്കിലും ഭക്ഷ്യപദാർഥമോ മായമായി ചേർക്കുന്ന വസ്തുവോ പിടിച്ചെടുക്കുകയോ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും ആൾക്ക് ക്ഷതം സംഭവിക്കുന്നവിധം മറ്റേതെങ്കിലും കൃത്യം, തന്റെ കർത്തവ്യനിർവഹണത്തിന് അങ്ങനെയുള്ള കൃത്യം ആവശ്യമാണെന്ന് വിശ്വസിക്കുവാൻ കാരണമില്ലാതെ ചെയ്യുകയോ,

ചെയ്യുന്ന ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയും റെഗുലേഷനുകളിലെയും അധികാരങ്ങൾ വിനിയോഗിക്കുന്ന ഏതെങ്കിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻ ഈ ആക്റ്റിൻകീഴിൽ ഒരു കുറ്റത്തിന് അപരാധിയായിരിക്കുന്നതും ഒരു ലക്ഷം രൂപവരെയാകാവുന്ന പിഴയ്ക്ക് ബാധ്യസ്ഥനാകുന്നതുമാണ്:

എന്നാൽ ഒരു ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥനെതിരെ ഏതെങ്കിലും വ്യാജപരാതി നൽകപ്പെടുകയും അത് അപ്രകാരം തെളിയിക്കപ്പെടുകയും ചെയ്താൽ പരാതിക്കാരൻ ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റത്തിന് അപരാധിയാകുന്നതും അൻപതിനായിരം രൂപയിൽ കുറയാത്തതും എന്നാൽ ഒരു ലക്ഷം രൂപവരെയാകാവുന്നതുമായ പിഴയ്ക്ക് ശിക്ഷിക്കപ്പെടേണ്ടതുമാണ്.

ക്രേതാവിന് ഭക്ഷ്യം വിശ്ലേഷണം ചെയ്യിക്കാമെന്ന്.

40. (1) ഈ ആക്റ്റിൽ അടങ്ങിയിരിക്കുന്ന യാതൊന്നും, ഒരു ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥനല്ലാത്ത ഏതെങ്കിലും ഭക്ഷ്യപദാർഥത്തിന്റെ ഒരു ക്രേതാവിനെ, റെഗുലേഷനുകളാൽ നിർദേശിക്കാവുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ അങ്ങനെയുള്ള ഫീസ് നൽകുന്നതിൻമേൽ ഭക്ഷ്യ അനലിസ്റ്റിനെക്കൊണ്ട് അങ്ങനെയുള്ള പദാർഥം വിശ്ലേഷണം ചെയ്യിക്കുകയും ഭക്ഷ്യ അനലിസ്റ്റിൽനിന്നും അയാളുടെ വിശ്ലേഷണത്തിന്റെ ഒരു റിപ്പോർട്ട് വാങ്ങുകയും ചെയ്യുന്നതിൽനിന്ന്, തടയുന്നതായി കരുതപ്പെടേണ്ടതല്ല:

എന്നാൽ അങ്ങനെയുള്ള ക്രേതാവ് ക്രയത്തിന്റെ സമയത്ത് അങ്ങനെയുള്ള പദാർഥം അപ്രകാരം വിശ്ലേഷണം ചെയ്യിക്കുവാനുള്ള അയാളുടെ ഉദ്ദേശ്യം ഭക്ഷ്യ ബിസിനസ്സ് പ്രവർത്തകനെ അറിയിക്കേണ്ടതാണ്:

എന്നുമാത്രമല്ല ഭക്ഷ്യപദാർഥം ഈ ആക്റ്റിനോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾക്കോ റെഗുലേഷനുകൾക്കോ അനുസൃതമല്ലെന്ന് ഭക്ഷ്യ അനലിസ്റ്റിന്റെ റിപ്പോർട്ട് കാണിക്കുന്നുണ്ടെങ്കിൽ ഈ വകുപ്പുപ്രകാരം ക്രേതാവ് നൽകിയ ഫീസ് മടക്കിക്കിട്ടുവാൻ അയാൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

(2) സാമ്പിൾ ഈ ആക്റ്റിലെ വ്യവസ്ഥകളെയും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളെയും റെഗുലേഷനുകളെയും ഉല്ലംഘിച്ചുകൊണ്ടുള്ളതാണെന്ന് ഭക്ഷ്യ അനലിസ്റ്റ് കണ്ടെത്തുന്ന സംഗതിയിൽ, പ്രോസിക്യൂഷന് 42-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമം അനുവർത്തിക്കുവാൻ പദവിനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥന് ഭക്ഷ്യ അനലിസ്റ്റ് റിപ്പോർട്ട് അയയ്ക്കേണ്ടതാണ്.

പരിശോധനയ്ക്കും പിടിച്ചെടുക്കലിനും അന്വേഷണത്തിനും പ്രോസിക്യൂഷനുമുള്ള അധികാരവും അതിന്റെ നടപടിക്രമവും.

41. (1) 31-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ എന്തുതന്നെയടങ്ങിയിരുന്നാലും ഭക്ഷ്യവുമായി ബന്ധപ്പെട്ട് ഏതെങ്കിലും കുറ്റകൃത്യം ചെയ്യുന്നതിൽ ഉൾപ്പെട്ടിരിക്കുന്നതായി ഏതെങ്കിലും ഭക്ഷ്യപദാർഥത്തെയോ മായമായി ചേർക്കുന്ന വസ്തുവിനെയോ സംബന്ധിച്ച് ന്യായമായ ഒരു സംശയം ഉണ്ടെങ്കിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന് ഏതെങ്കിലും സ്ഥലം സെർച്ച് ചെയ്ത് അവ പിടിച്ചെടുക്കാവുന്നതും, അയാൾ സ്വീകരിച്ച നടപടികൾ പദവി നിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥനെ അതിനുശേഷം ലിഖിതമായി അറിയിക്കേണ്ടതുമാണ്:

എന്നാൽ സെർച്ചിനുള്ള സാക്ഷികൾ സെർച്ച് ചെയ്യപ്പെട്ട സ്ഥലം സ്ഥിതിചെയ്യുന്ന പ്രദേശത്തെ താമസക്കാരല്ല എന്ന വസ്തുതയുടെ കാരണത്താൽ മാത്രം യാതൊരു സെർച്ചും ക്രമരഹിതമായി കരുതേണ്ടതില്ല.

(2) ഈ ആക്റ്റിൽ മറ്റുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, സെർച്ച്, പിടിച്ചെടുക്കൽ, സമൺ, അന്വേഷണം, പ്രോസിക്യൂഷൻ എന്നിവയുമായി ബന്ധപ്പെട്ട്, ഈ ആക്റ്റിൻകീഴിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻ എടുത്ത എല്ലാ നടപടികൾക്കും കഴിയാവുന്നിടത്തോളം 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ വ്യവസ്ഥകൾ ബാധകമാകുന്നതാണ്.

1974-ലെ 2

42. (1) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻ, ഭക്ഷ്യബിസിനസ്സിന്റെ പരിശോധനയ്ക്കും സാമ്പിളുകൾ എടുക്കുന്നതിനും അവ വിശ്ലേഷണത്തിനായി ഭക്ഷ്യ അനലിസ്റ്റിന് അയയ്ക്കുന്നതിനും ഉത്തരവാദിയായിരിക്കുന്നതാണ്. പ്രോസിക്യൂഷൻ ആരംഭിക്കുന്നതിനുള്ള നടപടിക്രമം.

(2) ഭക്ഷ്യ അനലിസ്റ്റ്, ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥനിൽനിന്നും സാമ്പിൾ സ്വീകരിച്ചതിനുശേഷം സാമ്പിൾ വിശ്ലേഷണം ചെയ്യേണ്ടതും മാതൃക പരീക്ഷിച്ചു നോക്കുന്നതിന്റെയും വിശ്ലേഷണത്തിന്റെയും രീതി പരാമർശിക്കുന്ന വിശ്ലേഷണ റിപ്പോർട്ട് പതിനാല് ദിവസത്തിനകം ഭക്ഷ്യസുരക്ഷാ കമ്മീഷണർക്കുള്ള ഒരു പകർപ്പ് സഹിതം പദവി നിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥന് അയച്ചുകൊടുക്കേണ്ടതുമാണ്.

(3) ഭക്ഷ്യ അനലിസ്റ്റിന്റെ റിപ്പോർട്ടിന്റെ സൂക്ഷ്മപരിശോധനയ്ക്കുശേഷം പദവി നിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ, ഉല്ലംഘനം സംബന്ധിച്ച് തടവുശിക്ഷയാണോ പിഴശിക്ഷമാത്രമാണോ നൽകേണ്ടതെന്ന് തീരുമാനിക്കേണ്ടതും തടവുശിക്ഷയ്ക്ക് അർഹമായ ഉല്ലംഘനത്തിന്റെ സംഗതിയിൽ അദ്ദേഹം പതിന്നാല് ദിവസത്തിനകം അദ്ദേഹത്തിന്റെ ശിപാർശകൾ പ്രോസിക്യൂഷൻ അനുമതിക്കുവേണ്ടി ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

(4) ഭക്ഷ്യസുരക്ഷാ കമ്മീഷണർ, അദ്ദേഹം, അപ്രകാരം ഉചിതമെന്നു കരുതുന്നുവെങ്കിൽ, കേന്ദ്രസർക്കാരിനാൽ നിർണ്ണയിക്കപ്പെട്ട കാലാവധിക്കുള്ളിൽ, കുറ്റകൃത്യത്തിന്റെ ഗൗരവം അനുസരിച്ച് ആ സംഗതി,—

(ക) മൂന്നുവർഷക്കാലംവരെ തടവുശിക്ഷ നൽകാവുന്ന കുറ്റങ്ങളുടെ സംഗതിയിൽ സാമാന്യാധികാരിതയുള്ള ഒരു കോടതിയിലേക്ക്; അല്ലെങ്കിൽ

(ഖ) മൂന്നുവർഷത്തിൽ കവിയുന്ന ഒരു കാലത്തേക്ക് തടവുശിക്ഷ നൽകാവുന്ന കുറ്റങ്ങളുടെ സംഗതിയിൽ പ്രത്യേക കോടതി സ്ഥാപിച്ചിട്ടുള്ളിടത്ത് ഒരു പ്രത്യേക കോടതിയിലേക്കും, പ്രത്യേക കോടതി സ്ഥാപിച്ചിട്ടില്ലാത്ത സംഗതിയിൽ, സാമാന്യാധികാരിതയുള്ള ഒരു കോടതി അങ്ങനെയുള്ള കേസുകൾ വിചാരണ നടത്തുന്നതിനും, റഫർ ചെയ്യേണ്ടതാണോ എന്ന് തീരുമാനിക്കേണ്ടതാണ്.

(5) ഭക്ഷ്യസുരക്ഷാ കമ്മീഷണർ, അദ്ദേഹത്തിന്റെ തീരുമാനം പദവിനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥനെയും, അതതുസംഗതിപോലെ, സാമാന്യാധികാരിതയുള്ള കോടതി മുൻപാകെയോ പ്രത്യേക കോടതി മുൻപാകെയോ, പ്രോസിക്യൂഷൻ ആരംഭിക്കേണ്ട ബന്ധപ്പെട്ട ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥനെയും അറിയിക്കേണ്ടതും 40-ാം വകുപ്പുപ്രകാരമാണ് സാമ്പിൾ എടുക്കപ്പെട്ടതെങ്കിൽ ക്രേതാവിനുകൂടി അങ്ങനെയുള്ള അറിയിപ്പ് അയച്ചുകൊടുക്കേണ്ടതുമാണ്.

## അധ്യായം VIII

## ഭക്ഷ്യവിശ്ലേഷണം

43. (1) ഈ ആക്റ്റ് പ്രകാരം ഭക്ഷ്യഅനലിസ്റ്റുകൾ സാമ്പിളുകളുടെ വിശ്ലേഷണം നടത്തുന്നതിന്റെ ആവശ്യങ്ങൾക്കായി നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറികളോ മറ്റേതെങ്കിലും അക്രഡിറ്റേഷൻ ഏജൻസിയോ അധികാരപത്രം നൽകിയ ഭക്ഷ്യപരീക്ഷണശാലകളെയോ ഗവേഷണ സ്ഥാപനങ്ങളെയോ ഭക്ഷ്യ അതോറിറ്റിക്ക് വിജ്ഞാപനം ചെയ്യാവുന്നതാണ്. പരീക്ഷണശാലകളുടെയും ഗവേഷണസ്ഥാപനങ്ങളുടെയും റഫറൽ ഭക്ഷ്യ പരീക്ഷണശാലയുടെയും അംഗീകാരവും അധികാരപത്രം നൽകലും.

(2) ഈ ആക്റ്റിനാൽ അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാലും റെഗുലേഷനുകളാലും റഫറൽ ഭക്ഷ്യപരീക്ഷണശാലകളെ ഭരമേൽപ്പിച്ച ചുമതലകൾ നടത്തുവാനായി ഒന്നോ അതിലധികമോ റഫറൽ ഭക്ഷ്യപരീക്ഷണശാലയെയോ, പരീക്ഷണശാലകളെയോ ഭക്ഷ്യ അതോറിറ്റി വിജ്ഞാപനംമൂലം സ്ഥാപിക്കുകയോ അവയ്ക്ക് അംഗീകാരം നൽകുകയോ ചെയ്യേണ്ടതാണ്.

(3) ഭക്ഷ്യ അതോറിറ്റിക്ക്,—

(ക) ഭക്ഷ്യപരീക്ഷണശാലയുടെയും റഫറൽ ഭക്ഷ്യപരീക്ഷണശാലയുടെയും ചുമതലകളും ഏത് തദ്ദേശപ്രദേശത്തിനോ പ്രദേശങ്ങൾക്കോ അകത്താണോ അങ്ങനെയുള്ള ചുമതലകൾ നടപ്പിലാക്കാവുന്നതെന്നും;

(ഖ) വിശ്ലേഷണത്തിനോ പരിശോധനയ്ക്കോവേണ്ടി ഭക്ഷ്യപദാർഥങ്ങളുടെ സാമ്പിളുകൾ പ്രസ്തുത പരീക്ഷണശാലയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമവും അതിൻമേലുള്ള പരീക്ഷണശാലയുടെ റിപ്പോർട്ടുകളുടെ മാതൃകകളും അങ്ങനെയുള്ള റിപ്പോർട്ടുകൾ സംബന്ധിച്ച് നൽകേണ്ട ഫീസും;

(ഗ) പ്രസ്തുത പരീക്ഷണശാലയ്ക്ക് അതിന്റെ ചുമതലകൾ ഫലപ്രദമായി നടപ്പിലാക്കുവാൻ ആവശ്യമോ ഉചിതമോ ആയേക്കാവുന്ന അങ്ങനെയുള്ള മറ്റു സംഗതികളും;

നിർദേശിക്കുന്ന റെഗുലേഷനുകൾ തയ്യാറാക്കാവുന്നതാണ്.

ഭക്ഷ്യസുരക്ഷിതത്വ ആഡിറ്റിനായുള്ള സംഘടനയുടെയോ ഏജൻസിയുടെയോ അംഗീകാരം.

44. ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളും റെഗുലേഷനുകളുമോ പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള ഭക്ഷ്യസുരക്ഷിതത്വ ആഡിറ്റിന്റെയും ഭക്ഷ്യസുരക്ഷിതത്വ നടത്തിപ്പ് സംവിധാനങ്ങളുടെ അനുവർത്തനം പരിശോധിക്കുന്നതിന്റെയും ആവശ്യങ്ങൾക്കായി ഏതെങ്കിലും സംഘടനയെയോ ഏജൻസിയെയോ ഭക്ഷ്യഅതോറിറ്റിക്ക് അംഗീകരിക്കാവുന്നതാണ്.

ഭക്ഷ്യ അനലിസ്റ്റുകൾ.

45. ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക്, വിജ്ഞാപനംമൂലം, അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്നപ്രകാരം, കേന്ദ്രസർക്കാരിനാൽ നിർണ്ണയിക്കപ്പെട്ട യോഗ്യതകളുള്ള അങ്ങനെയുള്ള ആളുകളെ ഭക്ഷ്യ അനലിസ്റ്റുകളായി, ഭക്ഷ്യസുരക്ഷാ കമ്മീഷണർ അവർക്ക് ഏൽപ്പിച്ചുകൊടുക്കാവുന്നപ്രകാരം അങ്ങനെയുള്ള തദ്ദേശപ്രദേശങ്ങൾക്കായി നിയമിക്കാവുന്നതാണ്:

എന്നാൽ ഏതെങ്കിലും ഭക്ഷ്യപദാർഥത്തിന്റെ നിർമ്മാണത്തിലോ വിൽപ്പനയിലോ എന്തെങ്കിലും സാമ്പത്തികതാൽപര്യമുള്ള യാതൊരാളെയും ഈ വകുപ്പുപ്രകാരം ഭക്ഷ്യ അനലിസ്റ്റായി നിയമിക്കുവാൻ പാടില്ലാത്തതാണ്;

എന്നുമാത്രമല്ല വ്യത്യസ്ത ഭക്ഷ്യപദാർഥങ്ങൾക്കുവേണ്ടി വ്യത്യസ്ത ഭക്ഷ്യ അനലിസ്റ്റുകളെ നിയമിക്കാവുന്നതാണ്.

ഭക്ഷ്യ അനലിസ്റ്റിന്റെ ചുമതലകൾ.

46. (1) ഒരു ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥനിൽനിന്നോ മറ്റേതെങ്കിലും ആളിൽനിന്നോ വിശ്ലേഷണത്തിനായി ഒരു സാമ്പിൾ അടങ്ങിയിട്ടുള്ള ഒരു പാക്കേജ് ലഭിക്കുന്നതിൻമേൽ, ഭക്ഷ്യ അനലിസ്റ്റ്, കണ്ടെയ്നറിലും പുറംകവറിലും ഉള്ള മുദ്ര പ്രത്യേകമായി ലഭിച്ച മാതൃകാമുദ്രയുമായി താരതമ്യം ചെയ്യേണ്ടതും അതിൻമേലുള്ള മുദ്രയിലെ ഉപാധികൾ ശ്രദ്ധിക്കേണ്ടതുമാണ്:

എന്നാൽ ഭക്ഷ്യ അനലിസ്റ്റ് വിശ്ലേഷണത്തിനു ലഭിച്ച സാമ്പിൾ കണ്ടെയ്നർ തകർന്ന അവസ്ഥയിലോ വിശ്ലേഷണത്തിന് യോഗ്യമല്ലെന്നോ കണ്ടെത്തുന്ന സംഗതിയിൽ, അയാൾ അങ്ങനെയുള്ള സാമ്പിൾ ലഭിച്ച തീയതി മുതൽ ഏഴുദിവസകാലാവധിക്കകം അതിനെക്കുറിച്ച് പദവി നിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതും സാമ്പിളിന്റെ രണ്ടാംഭാഗം അയയ്ക്കുന്നതിനുവേണ്ടി അദ്ദേഹത്തിന് അഭ്യർത്ഥന അയയ്ക്കേണ്ടതുമാണ്.

(2) ഭക്ഷ്യ അനലിസ്റ്റ്, ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥനോ ഈ ആക്റ്റ് പ്രകാരം അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ആളോ അദ്ദേഹത്തിന് അയച്ചുകൊടുക്കാവുന്നതായ അങ്ങനെയുള്ള ഭക്ഷ്യപദാർഥങ്ങളുടെ സാമ്പിളുകൾ വിശ്ലേഷണം ചെയ്യാൻ ഇടയാക്കേണ്ടതാണ്.

(3) ഭക്ഷ്യ അനലിസ്റ്റ്, ഏതെങ്കിലും സാമ്പിൾ വിശ്ലേഷണത്തിന് ലഭിക്കുന്ന തീയതി മുതൽ പതിനാലു ദിവസക്കാലാവധിക്കകം—

(i) 38-ാം വകുപ്പോ 47-ാം വകുപ്പോ പ്രകാരം അങ്ങനെയുള്ള സാമ്പിൾ ലഭിക്കുന്നിടത്ത് മാതൃകാ പരിശോധനയുടെയും വിശ്ലേഷണത്തിന്റെയും രീതി സൂചിപ്പിക്കുന്ന റിപ്പോർട്ടിന്റെ നാലുപകർപ്പുകൾ പദവി നിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥനും;

(ii) 40-ാം വകുപ്പുപ്രകാരം അങ്ങനെയുള്ള സാമ്പിൾ ലഭിക്കുന്നിടത്ത്, മാതൃകാപരിശോധനയുടെയും വിശ്ലേഷണത്തിന്റെയും രീതി സൂചിപ്പിക്കുന്ന റിപ്പോർട്ടിന്റെ ഒരു പകർപ്പ് അങ്ങനെയുള്ള ഭക്ഷ്യപദാർഥം വിലയ്ക്കു വാങ്ങിയ ആൾക്കും പദവിനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥനുള്ള ഒരു പകർപ്പിനോടൊപ്പം,

അയയ്ക്കേണ്ടതാണ്:

എന്നാൽ സാമ്പിൾ കൈപ്പറ്റി പതിനാലു ദിവസത്തിനകം അത് വിശ്ലേഷണം ചെയ്യുവാൻ കഴിയാത്ത സംഗതിയിൽ ഭക്ഷ്യ അനലിസ്റ്റ്, കാരണങ്ങൾ നൽകിക്കൊണ്ടും വിശ്ലേഷണത്തിന് എടുക്കുന്ന സമയം പറഞ്ഞുകൊണ്ടും പദവിനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥനെയും ഭക്ഷ്യസുരക്ഷാ കമ്മീഷണറെയും അറിയിക്കേണ്ടതാണ്.

(4) ഭക്ഷ്യ അനലിസ്റ്റിന്റെ റിപ്പോർട്ടിനെതിരെയുള്ള ഒരു അപ്പീൽ, പദവിനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ സമർപ്പിക്കേണ്ടതും അദ്ദേഹം അപ്രകാരം തീരുമാനിക്കുന്നുവെങ്കിൽ, അഭിപ്രായത്തിനുവേണ്ടി ഭക്ഷ്യ അതോറിറ്റി വിജ്ഞാപനം ചെയ്തപ്രകാരം വിഷയം റഫറൽ ഭക്ഷ്യപരീക്ഷണശാലയ്ക്ക് റഫർ ചെയ്യേണ്ടതുമാണ്.

47. (1) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻ, വിശ്ലേഷണത്തിനായി ഒരു ഭക്ഷ്യ സാമ്പിൾ എടുക്കുമ്പോൾ, അദ്ദേഹം— മാതൃകാ പരിശോധനയും വിശ്ലേഷണവും.

(ക) ആരിൽനിന്നുമാണോ അദ്ദേഹം സാമ്പിൾ എടുത്തത് ആ ആളിനും പേരും മേൽവിലാസവും മറ്റു വിവരങ്ങളും വെളിപ്പെടുത്തിയിട്ടുള്ള, ആരെങ്കിലും ഉണ്ടെങ്കിൽ അയാൾക്കും അപ്രകാരം വിശ്ലേഷണം ചെയ്യിപ്പിക്കുവാനുള്ള അദ്ദേഹത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് രേഖാമൂലം നോട്ടീസ് നൽകുകയും;

(ഖ) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ വ്യവസ്ഥ ചെയ്തേക്കാവുന്ന പ്രത്യേക കേസുകളിൽ ഒഴികെ സാമ്പിൾ നാലുഭാഗങ്ങളായി ഭാഗിക്കുകയും ഓരോ ഭാഗവും അടയാളപ്പെടുത്തുകയും അതിന്റെ സ്വഭാവം അനുവദിക്കുന്നപ്രകാരം അങ്ങനെയുള്ള ഒരു രീതിയിൽ ഓരോ ഭാഗവും സീൽ ചെയ്യുകയോ അല്ലെങ്കിൽ ഒട്ടിക്കുകയോ ചെയ്യുകയും കേന്ദ്രസർക്കാർ നിർദേശിച്ചേക്കാവുന്നപ്രകാരം അങ്ങനെയുള്ള സ്ഥലത്തും അങ്ങനെയുള്ള രീതിയിലും ആരിൽനിന്നുമാണോ സാമ്പിൾ എടുത്തിരിക്കുന്നത് അയാളുടെ കൈയൊപ്പോ തള്ളവിരലടയാളമോ എടുക്കുകയും;

എന്നാൽ അങ്ങനെയുള്ള ആൾ കൈയൊപ്പിടുവാനോ അയാളുടെ തള്ളവിരലടയാളം പതിപ്പിക്കുവാനോ വിസമ്മതിക്കുന്നിടത്ത്, അങ്ങനെയുള്ള ആളുടെ കൈയൊപ്പിനോ തള്ളവിരലടയാളത്തിനോ പകരം ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻ ഒന്നോ അതിലധികമോ സാക്ഷികളെ വിളിക്കേണ്ടതും അയാളുടെ കൈയൊപ്പോ തള്ളവിരലടയാളമോ എടുക്കേണ്ടതുമാകുന്നു;

(ഗ) (i) പദവിനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥനുള്ള അറിയിപ്പോടുകൂടി ഭക്ഷ്യ അനലിസ്റ്റിന് വിശ്ലേഷണത്തിനായി ഒരു ഭാഗം അയച്ചുകൊടുക്കുകയും;

(ii) ഇവ സുരക്ഷിത കസ്റ്റഡിയിൽ സൂക്ഷിക്കുന്നതിനായി രണ്ടുഭാഗങ്ങൾ പദവി നിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥന് അയച്ചുകൊടുക്കുകയും;

(iii) ഭക്ഷ്യബിസിനസ്സ് പ്രവർത്തകൻ അപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ശേഷിക്കുന്ന ഭാഗം വിശ്ലേഷണത്തിനായി ഒരു അക്രഡിറ്റഡ് പരീക്ഷണശാലയിലേക്ക് പദവിനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥനുള്ള അറിയിപ്പോടുകൂടി അയച്ചുകൊടുക്കുകയും,

ചെയ്യേണ്ടതാണ്:

എന്നാൽ (i)-ഉം (iii)-ഉം ഉപഖണ്ഡങ്ങൾ പ്രകാരം ലഭിച്ച പരിശോധനാ റിപ്പോർട്ടുകൾ വ്യത്യാസമുള്ളതായി കണ്ടെത്തുന്നുവെങ്കിൽ പദവിനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ കസ്റ്റഡിയിൽ സൂക്ഷിച്ചിട്ടുള്ള സാമ്പിളിന്റെ ഒരു ഭാഗം വിശ്ലേഷണത്തിനുവേണ്ടി റഫറൽ പരീക്ഷണശാലയിലേക്ക് അയച്ചുകൊടുക്കേണ്ടതും അതിന്മേലുള്ള അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(2) ഏതെങ്കിലും ഭക്ഷ്യപദാർഥത്തിന്റെയോ മായമായി ചേർക്കുന്ന വസ്തുവിന്റെയോ ഒരു സാമ്പിൾ എടുക്കുമ്പോൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻ, തൊട്ടടുത്തുവരുന്ന പ്രവൃത്തിദിവസം വിശ്ലേഷണത്തിനും റിപ്പോർട്ടിനുമായി ബന്ധപ്പെട്ട പ്രദേശത്തിനായുള്ള ഭക്ഷ്യ അനലിസ്റ്റിന് സാമ്പിൾ അയച്ചുകൊടുക്കേണ്ടതാണ്.

(3) ഭക്ഷ്യഅനലിസ്റ്റിന് അയച്ച സാമ്പിൾ നഷ്ടപ്പെടുകയോ നാശം വരുകയോ ചെയ്യുന്നിടത്ത് പദവിനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ, ഭക്ഷ്യ അനലിസ്റ്റോ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥനോ അദ്ദേഹത്തിന് നൽകിയ അഭ്യർഥനയിന്മേൽ വിശ്ലേഷണത്തിനായി അദ്ദേഹത്തിന് അയച്ച സാമ്പിളിന്റെ ഒരു ഭാഗം ഭക്ഷ്യ അനലിസ്റ്റിന് അയച്ചുകൊടുക്കേണ്ടതാണ്.

(4) പിടിച്ചെടുക്കപ്പെട്ട ഒരു ഭക്ഷ്യപദാർഥമോ മായമായി ചേർക്കുന്ന വസ്തുവോ നശിപ്പിക്കപ്പെടാത്തപക്ഷം, കഴിയുന്നത്രവേഗം, ഏത് സംഗതിയിലും ഭക്ഷ്യ അനലിസ്റ്റിന്റെ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഏഴുദിവസത്തിൽ താമസിയാതെ പദവിനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥന്റെ മുൻപാകെ ഹാജരാക്കേണ്ടതാണ്:

എന്നാൽ ഏതെങ്കിലും ഭക്ഷ്യപദാർഥം പിടിച്ചെടുക്കപ്പെട്ട ആളിൽനിന്നും പദവിനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥന് ഇതിലേക്കായി ഒരു അപേക്ഷ നൽകിയിട്ടുണ്ടെങ്കിൽ, പദവിനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ രേഖാമൂലമുള്ള ഉത്തരവിനാൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥനോട് ഉത്തരവിൽ നിർദേശിക്കാവുന്ന അങ്ങനെയുള്ള സമയത്തിനുള്ളിൽ അദ്ദേഹത്തിന്റെ മുമ്പാകെ അങ്ങനെയുള്ള പദാർഥം ഹാജരാക്കുവാൻ നിർദേശിക്കേണ്ടതാണ്.

(5) ഇറക്കുമതിചെയ്ത ഭക്ഷ്യപദാർഥങ്ങളുടെ സംഗതിയിൽ, ഭക്ഷ്യ അതോറിറ്റിയുടെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ അതിന്റെ സാമ്പിൾ എടുക്കേണ്ടതും വിശ്ലേഷണത്തിനായി വിജ്ഞാപനം ചെയ്ത പരീക്ഷണശാലയുടെ ഭക്ഷ്യ അനലിസ്റ്റിന് അയച്ചുകൊടുക്കേണ്ടതും അദ്ദേഹം അഞ്ചുദിവസക്കാലയളവിനുള്ളിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് റിപ്പോർട്ട് അയച്ചുകൊടുക്കേണ്ടതുമാണ്.

(6) റെഗുലേഷനുകളാൽ നിർദേശിക്കാവുന്ന അങ്ങനെയുള്ള നടപടിക്രമങ്ങൾ പദവിനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥനും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥനും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനും ഭക്ഷ്യ അനലിസ്റ്റും അനുവർത്തിക്കേണ്ടതാണ്.

## അധ്യായം IX

## കുറ്റങ്ങളും ശിക്ഷകളും

കുറ്റങ്ങൾ സംബന്ധിച്ച പൊതുവ്യവസ്ഥകൾ.

48. (1) മനുഷ്യ ഉപഭോഗത്തിനായി വിൽക്കാവുന്നതോ വിൽപ്പനയ്ക്കായി ഓഫർ ചെയ്യാവുന്നതോ വിതരണം ചെയ്യാവുന്നതോ ആണെന്ന അറിവോടുകൂടി, ഒരാൾക്ക്, താഴെ പറയുന്ന ഒന്നോ അതിലധികമോ പ്രവർത്തനങ്ങൾ മുഖേന ഏതെങ്കിലും ഭക്ഷ്യപദാർഥം ആരോഗ്യത്തിന് ഹാനികരമാക്കിത്തീർക്കാവുന്നതാണ്, അതായത്:—

(ക) ഭക്ഷ്യത്തിലേക്ക് ഏതെങ്കിലും പദാർഥമോ സാധനമോ ചേർക്കുന്നത്;

(ഖ) ഭക്ഷ്യത്തിന്റെ തയ്യാറാക്കലിൽ ഒരു ചേരുവയായി ഏതെങ്കിലും പദാർഥമോ സാധനമോ ഉപയോഗിക്കുന്നത്;

(ഗ) ഭക്ഷ്യത്തിൽനിന്നും ഏതെങ്കിലും ഘടകങ്ങൾ വേർപെടുത്തുന്നത്; അഥവാ

(ഘ) മറ്റേതെങ്കിലും പ്രക്രിയയ്ക്കോ ട്രീറ്റ്മെന്റിനോ ഭക്ഷ്യത്തെ വിധേയമാക്കുന്നത്.

(2) ഏതെങ്കിലും ഭക്ഷ്യം സുരക്ഷിതമല്ലെന്നോ ആരോഗ്യത്തിനു ഹാനികരമെന്നോ തീരുമാനിക്കുന്നതിന്,—

(ക) (i) ഉപഭോക്താവിനാലുള്ള ഭക്ഷ്യ ഉപയോഗത്തിന്റെ സാധാരണ നിബന്ധനകൾക്കും ഉൽപ്പാദനത്തിന്റെയും സംസ്കരണത്തിന്റെയും വിതരണത്തിന്റെയും ഓരോ ഘട്ടത്തിലുമുള്ള അതിന്റെ കൈകാര്യം ചെയ്യലിനും;

(ii) ലേബലിൽ ഉള്ള വിവരം ഉൾപ്പെടെ ഉപഭോക്താവിന് നൽകുന്ന വിവരത്തിനും അല്ലെങ്കിൽ ഒരു പ്രത്യേക ഭക്ഷ്യത്തിലോ ഭക്ഷ്യങ്ങളുടെ വിഭാഗത്തിലോ നിന്നും ഉള്ള ആരോഗ്യത്തിനുള്ള പ്രത്യേക ദൂഷ്യഫലങ്ങൾ, ആ ഭക്ഷ്യം അത് ഉപയോഗിക്കുന്ന ആളിന്റെ മാത്രമല്ല അനന്തരതലമുറകളുടെയും ആരോഗ്യത്തിനും ഉടനടിയോ ഹ്രസ്വകാലത്തിലോ ദീർഘകാലത്തിലോ ഇടവരുത്തിയേക്കാവുന്ന ഫലങ്ങൾ, ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് ഉപഭോക്താവിന് പൊതുവായി ലഭ്യമായ മറ്റ് വിവരത്തിനും;

(iii) സംഭവ്യമായ സഞ്ചിത വിഷഫലങ്ങൾക്കും;

(iv) ഒരു പ്രത്യേക വിഭാഗത്തിലുള്ള ഉപഭോക്താക്കൾക്ക് ഉദ്ദേശിച്ചിട്ടുള്ളിടത്ത്, ആ വിഭാഗത്തിലുള്ള ഉപഭോക്താക്കളുടെ പ്രത്യേക ആരോഗ്യ സംവേദനക്ഷമതയ്ക്കും; കൂടാതെ

(v) സാധാരണ അളവിൽ ഭക്ഷ്യം ഉപയോഗിക്കുന്ന ആളിന്റെ ആരോഗ്യത്തിന്മേൽ ഗണ്യമായി അതേ ഘടനയിൽ ഉള്ള ഭക്ഷ്യത്തിന്റെ സംഭവ്യമായ സഞ്ചിതഫലത്തിനും;

(ഖ) പ്രാഥമികഭക്ഷ്യമായിരിക്കുന്ന പദാർഥത്തിന്റെ ഗുണമോ പരിശുദ്ധിയോ നിർദേശിക്കപ്പെട്ട ഗുണനിലവാരത്തിലും താഴ്ന്നുപോയിരിക്കുകയോ അസ്ഥിരതയുടെ നിർദിഷ്ട പരിധികൾക്കുള്ളിലല്ലാത്ത അളവിൽ അതിന്റെ ഘടകങ്ങൾ ഉണ്ടായിരിക്കുകയോ, ഇരുസംഗതികളിലും പ്രധാനമായും സ്വാഭാവിക കാരണങ്ങൾമൂലവും മനുഷ്യ ഏജൻസിയുടെ നിയന്ത്രണത്തിനതീതവുമായിരിക്കുകയും ചെയ്യുന്നിടത്ത് അങ്ങനെയുള്ള ഭക്ഷ്യം അപ്പോൾ സുരക്ഷിതമല്ലെന്നോ ഗുണനിലവാരം കുറഞ്ഞതെന്നോ ബാഹ്യപദാർഥങ്ങൾ അടങ്ങിയ ഭക്ഷ്യമാണെന്നോ കരുതേണ്ടതല്ല എന്ന വസ്തുതയ്ക്കും,

പരിഗണന നൽകേണ്ടതാണ്.

*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, ''ഹാനി'' എന്നതിൽ, സ്ഥിരമോ താൽക്കാലികമോ ആയ ഏതെങ്കിലും വൈകല്യം ഉൾപ്പെടുന്നതും ''ആരോഗ്യത്തിന് ഹാനികരം'' എന്നതിന് അതനുസരിച്ച് അർഥം കൽപ്പിക്കേണ്ടതുമാണ്.

പിഴശിക്ഷയെ സംബന്ധിക്കുന്ന പൊതുവ്യവസ്ഥകൾ.

49. ഈ അധ്യായത്തിൻകീഴിൽ പിഴശിക്ഷയുടെ പരിമാണം ന്യായനിർണ്ണയം ചെയ്യുമ്പോൾ, അതതുസംഗതിപോലെ, താഴെപ്പറയുന്നവ ന്യായനിർണ്ണയം ചെയ്യുന്ന ഉദ്യോഗസ്ഥന്റെയോ ട്രിബ്യൂണലിന്റെയോ അർഹമായ പരിഗണനയിലുണ്ടായിരിക്കേണ്ടതാണ്:—

(ക) കണക്കാക്കാവുന്നിടത്തെല്ലാം ഉല്ലംഘനത്തിന്റെ ഫലമായി ഉണ്ടാക്കിയിട്ടുള്ള നേട്ടത്തിന്റെയോ അന്യായമായ ആനുകൂല്യത്തിന്റെയോ തുക;

(ഖ) ഉല്ലംഘനത്തിന്റെ ഫലമായി ഏതെങ്കിലും ആൾക്ക് ഉണ്ടായതോ ഉണ്ടാകാനിടയുള്ളതോ ആയ നഷ്ടത്തിന്റെ തുക;

(ഗ) ഉല്ലംഘനത്തിന്റെ ആവർത്തനസ്വഭാവം;

(ഘ) ഉല്ലംഘനം അയാളുടെ അറിവില്ലാതെയാണോ എന്നത്; കൂടാതെ

(ങ) മറ്റേതെങ്കിലും പ്രസക്തമായ സംഗതി.

ആവശ്യപ്പെട്ട സ്വഭാവമോ സത്തയോ ഗുണമോ ഇല്ലാത്ത ഭക്ഷ്യം വിൽക്കുന്നതിനുള്ള പിഴശിക്ഷ.

50. ക്രേതാവിന് ദോഷകരമാകുംവിധം ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട റെഗുലേഷനുകളിലെയോ വ്യവസ്ഥകൾ പാലിക്കാതെയോ ക്രേതാവ് ആവശ്യപ്പെട്ട സ്വഭാവമോ സത്തയോ ഗുണമോ ഇല്ലാത്തതോ ആയ ഏതെങ്കിലും ഭക്ഷ്യം വിൽക്കുന്ന ഏതെങ്കിലും ആൾ അഞ്ചുലക്ഷം രൂപയിൽ കവിയാതെയുള്ള പിഴശിക്ഷയ്ക്ക് അർഹനായിരിക്കുന്നതാണ്:

എന്നാൽ 31-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിന്റെ പരിധിയിൽ വരുന്ന ആളുകളാലുള്ള അങ്ങനെയുള്ള പാലിക്കാതിരിക്കലിന് ഇരുപത്തയ്യായിരം രൂപയിൽ കവിയാതെയുള്ള പിഴശിക്ഷയ്ക്ക് അർഹനായിരിക്കുന്നതാണ്.

ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യത്തിനുള്ള പിഴശിക്ഷ.

51. മനുഷ്യോപഭോഗത്തിനുവേണ്ടി ഗുണനിലവാരം കുറഞ്ഞതായ ഏതെങ്കിലും ഭക്ഷ്യ പദാർഥം, ഒരാൾ സ്വയമോ അയാൾക്കുവേണ്ടി മറ്റേതെങ്കിലും ആളാലോ, വിൽപ്പനയ്ക്കു വേണ്ടി നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ വിതരണം ചെയ്യുകയോ ഇറക്കുമതി ചെയ്യുകയോ ചെയ്യുന്ന ഏതെങ്കിലും ആൾ അഞ്ച് ലക്ഷം രൂപവരെ ആകാവുന്ന ഒരു പിഴശിക്ഷയ്ക്ക് അർഹനായിരിക്കുന്നതാണ്.

തെറ്റായി മുദ്രകുത്തിയ ഭക്ഷ്യത്തിനുള്ള പിഴശിക്ഷ.

52. (1) മനുഷ്യോപഭോഗത്തിനുവേണ്ടി തെറ്റായി മുദ്രകുത്തിയ ഏതെങ്കിലും ഭക്ഷ്യപദാർഥം, ഒരാൾ സ്വയമോ അയാൾക്കുവേണ്ടി മറ്റേതെങ്കിലും ആളാലോ, വിൽപ്പനയ്ക്കുവേണ്ടി നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ വിതരണം ചെയ്യുകയോ ഇറക്കുമതി ചെയ്യുകയോ ചെയ്യുന്ന ഏതെങ്കിലും ആൾ, മൂന്നു ലക്ഷം രൂപവരെയാകാവുന്ന ഒരു പിഴശിക്ഷയ്ക്ക് അർഹനായിരിക്കുന്നതാണ്.

(2) ന്യായനിർണ്ണയം ചെയ്യുന്ന ഉദ്യോഗസ്ഥന്, ഈ വകുപ്പിൻകീഴിലുള്ള ഒരു കുറ്റത്തിന് അപരാധിയായി കണ്ടെത്തിയ ആളിന് തെറ്റുതിരുത്തുവാൻ തിരുത്തൽ നടപടി എടുക്കുന്നതിനോ അങ്ങനെയുള്ള ഭക്ഷ്യപദാർഥം നശിപ്പിക്കേണ്ടതാണെന്നതിനോ ഒരു നിർദേശം നൽകാവുന്നതാണ്.

തെറ്റിദ്ധരിപ്പിക്കുന്ന പരസ്യത്തിനുള്ള പിഴശിക്ഷ.

53. (1) (ക) ഏതെങ്കിലും ഭക്ഷ്യത്തെ വ്യാജമായി വിവരിക്കുന്നതോ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും ഭക്ഷ്യത്തിന്റെ സ്വഭാവത്തെയോ സത്തയെയോ ഗുണത്തെയോ സംബന്ധിച്ച് തെറ്റിദ്ധരിപ്പിക്കാനിടയുള്ളതോ വ്യാജഗ്യാരന്റി നൽകുന്നതോ,

ആയ ഒരു പരസ്യം പ്രസിദ്ധീകരിക്കുന്നതോ ഒരു പരസ്യത്തിന്റെ പ്രസിദ്ധീകരണത്തിന് ഒരു കക്ഷിയായതോ ആയ ഏതെങ്കിലും ആൾ പത്ത് ലക്ഷം രൂപവരെയാകാവുന്ന ഒരു പിഴശിക്ഷയ്ക്ക് അർഹനായിരിക്കുന്നതാണ്.

(2) ഏത് ഭക്ഷ്യപദാർഥം സംബന്ധിച്ചാണോ ഉല്ലംഘനം നടന്നതായി ആരോപിക്കപ്പെട്ടിട്ടുള്ളത് അതുമായി ബന്ധപ്പെട്ട ഒരു ലേബലിലോ പരസ്യത്തിലോ ഭക്ഷ്യത്തിന്റെ ഘടനയുടെ കൃത്യമായ ഒരു പ്രസ്താവന അടങ്ങിയിട്ടുണ്ടെന്ന വസ്തുത ഏതെങ്കിലും നടപടിയിൽ ഉല്ലംഘനം നടന്നിട്ടുള്ളതായി കണ്ടെത്തുന്നതിൽനിന്നും കോടതിയെ തടയുന്നതല്ല.

54. മനുഷ്യോപഭോഗത്തിനുവേണ്ടി ബാഹ്യപദാർഥങ്ങൾ അടങ്ങിയിട്ടുള്ള ഏതെങ്കിലും ഭക്ഷ്യപദാർഥം ഒരാൾ സ്വയമോ അയാൾക്കുവേണ്ടി മറ്റേതെങ്കിലും ആളാലോ വിൽപ്പനയ്ക്കുവേണ്ടി നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ വിതരണം ചെയ്യുകയോ ഇറക്കുമതി ചെയ്യുകയോ ചെയ്യുന്ന ഏതെങ്കിലും ആൾ ഒരു ലക്ഷം രൂപവരെയാകാവുന്ന ഒരു പിഴശിക്ഷയ്ക്ക് അർഹനായിരിക്കുന്നതാണ്.

ബാഹ്യപദാർഥങ്ങൾ അടങ്ങിയിട്ടുള്ള ഭക്ഷ്യത്തിനുള്ള പിഴശിക്ഷ.

55. ഒരു ഭക്ഷ്യബിസിനസ്സ് പ്രവർത്തകനോ ഇറക്കുമതി ചെയ്യുന്ന ആളോ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻ നിർദേശിച്ചപ്രകാരം ഈ ആക്റ്റിലെയോ അതിൻകീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങളുടെയോ റെഗുലേഷനുകളുടെയോ ഉത്തരവുകളുടെയോ ആവശ്യകതകൾ പാലിക്കുന്നതിൽ ന്യായമായ കാരണങ്ങൾ കൂടാതെ വീഴ്ചവരുത്തുന്നുവെങ്കിൽ, അയാൾ രണ്ട് ലക്ഷം രൂപവരെയാകാവുന്ന ഒരു പിഴശിക്ഷയ്ക്ക് അർഹനായിരിക്കുന്നതാണ്.

ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന്റെ നിർദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതിനുള്ള പിഴശിക്ഷ.

56. ശുചിത്വമില്ലാത്തതോ ആരോഗ്യരക്ഷാപരമല്ലാത്തതോ ആയ അവസ്ഥകളിൽ മനുഷ്യ ഉപഭോഗത്തിനുവേണ്ടി ഏതെങ്കിലും ഭക്ഷ്യപദാർഥം ഒരാൾ സ്വയമോ, അയാൾക്കുവേണ്ടി മറ്റേതെങ്കിലും ആളാലോ, നിർമ്മിക്കുകയോ സംസ്കരിക്കുകയോ ചെയ്യുന്ന ഏതെങ്കിലും ആൾ ഒരു ലക്ഷം രൂപവരെയാകാവുന്ന ഒരു പിഴശിക്ഷയ്ക്ക് അർഹനായിരിക്കുന്നതാണ്.

ഭക്ഷ്യം ആരോഗ്യരക്ഷാപരമല്ലാതെയോ ശുചിത്വമില്ലാതെയോ സംസ്കരിക്കുകയോ നിർമ്മിക്കുകയോ ചെയ്യുന്നതിനുള്ള പിഴശിക്ഷ.

57. (1) ഈ അധ്യായത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഏതെങ്കിലും ആൾ ഏതെങ്കിലും മായമായി ചേർക്കുന്ന വസ്തു, ഒരാൾ സ്വയമോ അയാൾക്കുവേണ്ടി മറ്റേതെങ്കിലും ആളാലോ ഇറക്കുമതി ചെയ്യുകയോ വിൽപ്പനയ്ക്കുവേണ്ടി നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുകയാണെങ്കിൽ,—

മായമായി ചേർക്കുന്ന വസ്തു കൈവശം വയ്ക്കുന്നതിനുള്ള പിഴശിക്ഷ.

(i) അങ്ങനെയുള്ള മായമായി ചേർക്കുന്ന വസ്തു ആരോഗ്യത്തിന് ഹാനികരമല്ലാത്തിടത്ത്, രണ്ട് ലക്ഷം രൂപയിൽ കവിയാതെയുള്ള ഒരു പിഴശിക്ഷയ്ക്കും;

(ii) അങ്ങനെയുള്ള മായമായി ചേർക്കുന്ന വസ്തു, ആരോഗ്യത്തിന് ഹാനികരമാകുന്നിടത്ത്, പത്ത് ലക്ഷം രൂപയിൽ കവിയാതെയുള്ള ഒരു പിഴശിക്ഷയ്ക്കും,

അർഹനായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു നടപടിയിൽ അങ്ങനെയുള്ള മായമായി ചേർക്കുന്ന വസ്തു മറ്റേതെങ്കിലും ആൾക്കുവേണ്ടിയാണ് കുറ്റം ആരോപിക്കപ്പെട്ടയാൾ കൈവശം വച്ചിരുന്നത് എന്നത് ഒരു പ്രതിവാദമാകുന്നതല്ല.

58. ഈ അധ്യായത്തിൽ ഉല്ലംഘനത്തിന് യാതൊരു പിഴശിക്ഷയും പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയോ റെഗുലേഷനുകളിലെയോ ഏതെങ്കിലും വ്യവസ്ഥകൾ ഉല്ലംഘിക്കുന്ന ഏതൊരാളും, രണ്ട് ലക്ഷം രൂപവരെയാകാവുന്ന ഒരു പിഴശിക്ഷയ്ക്ക് അർഹനായിരിക്കുന്നതാണ്.

യാതൊരു പ്രത്യേക പിഴശിക്ഷയും വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ഉല്ലംഘനങ്ങൾക്കുള്ള പിഴശിക്ഷ.

59. സുരക്ഷിതമല്ലാത്ത ഏതെങ്കിലും ഭക്ഷ്യം മനുഷ്യ ഉപഭോഗത്തിനായി ഒരാൾ സ്വയമോ അയാൾക്കുവേണ്ടി മറ്റേതെങ്കിലും ആളാലോ, വിൽപ്പനയ്ക്കുവേണ്ടി നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ വിതരണം ചെയ്യുകയോ ഇറക്കുമതി ചെയ്യുകയോ ചെയ്യുന്ന ഏതെങ്കിലും ആൾ,—

സുരക്ഷിതമല്ലാത്ത ഭക്ഷ്യത്തിനുള്ള ശിക്ഷ.

(i) അങ്ങനെയുള്ള വീഴ്ചയോ ലംഘനമോ ഹാനിയിൽ കലാശിക്കാത്തിടത്ത്, ആറ് മാസംവരെയാകാവുന്ന ഒരു കാലത്തേക്കുള്ള തടവും ഒരുലക്ഷം രൂപവരെ ആകാവുന്ന പിഴയും കൂടിയും;

(ii) അങ്ങനെയുള്ള വീഴ്ചയോ ലംഘനമോ ദ്രോഹപരമല്ലാത്ത ഹാനിയിൽ കലാശിക്കുന്നിടത്ത് ഒരു വർഷംവരെയാകാവുന്ന ഒരു കാലത്തേക്കുള്ള തടവും മൂന്നുലക്ഷം രൂപവരെയാകാവുന്ന പിഴയും കൂടിയും;

(iii) അങ്ങനെയുള്ള വീഴ്ചയോ ലംഘനമോ ഒരു ദ്രോഹപരമായ ഹാനിയിൽ കലാശിക്കുന്നിടത്ത് ആറ് വർഷംവരെയാകാവുന്ന ഒരു കാലത്തേക്കുള്ള തടവും അഞ്ച് ലക്ഷം രൂപവരെയാകാവുന്ന പിഴയും കൂടിയും;

(iv) അങ്ങനെയുള്ള വീഴ്ചയോ ലംഘനമോ മരണത്തിൽ കലാശിക്കുന്നിടത്ത്, ഏഴ് വർഷത്തിൽ കുറയാത്തതും എന്നാൽ ജീവപര്യന്തംവരെയാകാവുന്നതുമായ തടവും പത്ത് ലക്ഷം രൂപയിൽ കുറയാത്തതായ പിഴയും കൂടിയും,

നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

പിടിച്ചെടുക്കപ്പെട്ട ഇനങ്ങൾക്ക് പ്രതിബന്ധമുണ്ടാക്കുന്നതിനുള്ള ശിക്ഷ.

60. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന്റെ അനുമതിയില്ലാതെ ഈ ആക്റ്റ് പ്രകാരം പിടിച്ചെടുത്ത ഏതെങ്കിലും ഭക്ഷ്യമോ വാഹനമോ ഉപകരണമോ പാക്കേജോ ലേബൽ ചെയ്യുന്നതിനോ പരസ്യപ്പെടുത്തുന്നതിനോ ഉള്ള സാധനങ്ങളോ മറ്റ് വസ്തുവോ ഒരാൾ കൈവശം വയ്ക്കുകയോ നീക്കം ചെയ്യുകയോ ഹാനിവരുത്തുകയോ ചെയ്യുന്നുവെങ്കിൽ, അയാൾക്ക് ആറ് മാസം വരെയാകാവുന്ന ഒരു കാലത്തേക്കുള്ള തടവും രണ്ട് ലക്ഷംരൂപ വരെയാകാവുന്ന പിഴയും കൂടി നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

വ്യാജ വിവരത്തിനുള്ള ശിക്ഷ.

61. ഈ ആക്റ്റ് പ്രകാരമുള്ള ഒരു ആവശ്യകതയുമായോ നിർദേശവുമായോ ബന്ധപ്പെട്ട് വ്യാജമാണെന്നോ തെറ്റിദ്ധരിപ്പിക്കുന്നതാണെന്നോ അറിഞ്ഞുകൊണ്ട് ഒരാൾ ഏതെങ്കിലും വിവരം നൽകുകയോ ഏതെങ്കിലും പ്രമാണം ഹാജരാക്കുകയോ ചെയ്യുന്നുവെങ്കിൽ, അയാൾ മൂന്ന് മാസം വരെയാകാവുന്ന ഒരു കാലത്തേക്കുള്ള തടവും രണ്ട് ലക്ഷം രൂപവരെയാകാവുന്ന പിഴയും കൂടി നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥനെ തടയുന്നതിനോ ആൾമാറാട്ടം നടത്തുന്നതിനോ ഉള്ള ശിക്ഷ.

62. ഈ ആക്റ്റ് പ്രകാരം ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥനെ അദ്ദേഹത്തിന്റെ ചുമതലകൾ നിർവഹിക്കുന്നതിൽനിന്നും ഒരാൾ ന്യായമായ ഒഴികഴിവുകൂടാതെ ചെറുക്കുകയോ തടയുകയോ തടയുവാൻ ശ്രമിക്കുകയോ ആൾമാറാട്ടം നടത്തുകയോ പേടിപ്പിക്കുകയോ ഭീഷണിപ്പെടുത്തുകയോ കയ്യേറ്റം നടത്തുകയോ ചെയ്യുന്നുവെങ്കിൽ അയാൾ മൂന്ന് മാസംവരെയാകാവുന്ന ഒരു കാലത്തേക്കുള്ള തടവും ഒരുലക്ഷം രൂപവരെയാകാവുന്ന പിഴയും കൂടി നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ലൈസൻസ് ഇല്ലാതെ ഒരു ബിസിനസ് നടത്തുന്നതിനുള്ള ശിക്ഷ.

63. ഏതെങ്കിലും ആളോ ഭക്ഷ്യ ബിസിനസ്സ് പ്രവർത്തകനോ (ഈ ആക്റ്റിലെ 31-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ലൈസൻസ് നൽകുന്നതിൽനിന്നും ഒഴിവാക്കപ്പെട്ട ആളുകൾ ഒഴികെ) ലൈസൻസ് നേടുന്നത് ആവശ്യമായിട്ടുള്ളിടത്ത് സ്വയമോ അയാൾക്കുവേണ്ടി മറ്റേതെങ്കിലും ആളാലോ, ലൈസൻസ് കൂടാതെ ഏതെങ്കിലും ഭക്ഷ്യപദാർഥം നിർമ്മിക്കുകയോ വിൽക്കുകയോ സംഭരിക്കുകയോ വിതരണം ചെയ്യുകയോ ഇറക്കുമതി ചെയ്യുകയോ ചെയ്യുന്നുവെങ്കിൽ അയാൾക്ക് ആറ് മാസംവരെയാകാവുന്ന ഒരു കാലത്തേക്കുള്ള തടവിനും അഞ്ച് ലക്ഷം രൂപവരെയാകാവുന്ന ഒരു പിഴയുംകൂടി നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

പിന്നീടുള്ള കുറ്റങ്ങൾക്കുള്ള ശിക്ഷ.

64. (1) ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഒരുകുറ്റത്തിന് മുമ്പ് കുറ്റസ്ഥാപനം ചെയ്യപ്പെട്ടതിനുശേഷം അതേ കുറ്റം പിന്നീടും ചെയ്യുകയും കുറ്റസ്ഥാപനം ചെയ്യപ്പെടുകയും ചെയ്യുന്നുവെങ്കിൽ—

(i) അതേ കുറ്റത്തിന് വ്യവസ്ഥചെയ്തിട്ടുള്ള ശിക്ഷയുടെ പരമാവധി അതാണെന്നതിനുവിധേയമായി, ആദ്യത്തെ കുറ്റസ്ഥാപനത്തിൽ ചുമത്താമായിരുന്നതിന്റെ ഇരട്ടി ശിക്ഷയ്ക്കും;

(ii) തുടരുന്ന ഒരു കുറ്റം ആകുന്നിടത്ത് ഒരുലക്ഷം രൂപവരെയാകാവുന്ന ദിവസാടിസ്ഥാനത്തിലുള്ള ഒരു കൂടുതൽ പിഴയ്ക്കും;

(iii) അയാളുടെ ലൈസൻസ് റദ്ദാക്കേണ്ടതിനും,

ബാധ്യസ്ഥനായിരിക്കുന്നതാണ്.

(2) കോടതിക്ക്, കുറ്റക്കാരന്റെ പേരും താമസസ്ഥലവും കുറ്റവും ചുമത്തിയ ശിക്ഷയും കോടതി നിർദേശിക്കുന്നപ്രകാരം അങ്ങനെയുള്ള വർത്തമാന പത്രങ്ങളിലോ അങ്ങനെയുള്ള മറ്റ് രീതിയിലോ കുറ്റക്കാരന്റെ ചെലവിൽ പ്രസിദ്ധീകരിക്കുവാൻകൂടി ഇടയാക്കാവുന്നതും അങ്ങനെയുള്ള പ്രസിദ്ധീകരണത്തിന്റെ ചെലവുകൾ അപ്രകാരമുള്ള കുറ്റസ്ഥാപനത്തിന്റെ കൂടെയുള്ള ചെലവിന്റെ ഭാഗമായി കരുതപ്പെടേണ്ടതും ഒരു പിഴയെന്നപോലെ അതേരീതിയിൽ വസൂലാക്കേണ്ടതുമാണ്.

ഉപഭോക്താവിന്റെ ഹാനിയുടെയോ മരണത്തിന്റെയോ സംഗതിയിൽ നഷ്ട പരിഹാരം.

65. (1) ഈ അധ്യായത്തിലെ മറ്റു വ്യവസ്ഥകൾക്കു ഭംഗം വരാതെ, ഉപഭോക്താവിന് ഹാനിയോ അയാളുടെ മരണമോ ഉണ്ടാക്കുന്ന ഏതെങ്കിലും ഭക്ഷ്യപദാർത്ഥം ഏതെങ്കിലും ആൾ, അയാൾ സ്വയമോ അയാൾക്കുവേണ്ടി മറ്റേതെങ്കിലും ആളാലോ നിർമ്മിക്കുകയോ വിതരണം ചെയ്യുകയോ വിൽക്കുകയോ ഇറക്കുമതി ചെയ്യുകയോ ചെയ്യുന്നുവെങ്കിൽ ന്യായനിർണ്ണയംചെയ്യുന്ന ഉദ്യോഗസ്ഥനോ, അതതുസംഗതിപോലെ, കോടതിയോ, ഇരയ്ക്കോ ഇരയുടെ നിയമാനുസൃത പ്രതിനിധിക്കോ—

(ക) മരണപ്പെടുന്ന സംഗതിയിൽ അഞ്ചുലക്ഷം രൂപയിൽ കുറയാതെയും;

(ഖ) ദ്രോഹപരമായ ഹാനിയുടെ സംഗതിയിൽ മൂന്ന് ലക്ഷം രൂപയിൽ കവിയാതെയും; കൂടാതെ

(ഗ) മറ്റെല്ലാ ഹാനിയുടെയും സംഗതികളിൽ, ഒരു ലക്ഷം രൂപയിൽ കവിയാതെയും,

ഉള്ള ഒരു തുക നഷ്ടപരിഹാരമായി നൽകുവാൻ അയാളോട് നിർദേശിക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്:

എന്നാൽ നഷ്ടപരിഹാരം എത്രയും നേരത്തെയും, ഏത് സംഗതിയിലും സംഭവം ഉണ്ടായ തീയതി മുതൽ ആറുമാസത്തിൽ താമസിയാതെയും നൽകേണ്ടതാണ്:

എന്നുമാത്രമല്ല മരണപ്പെടുന്ന സംഗതിയിൽ, സംഭവത്തിന്റെ മുപ്പതുദിവസത്തിനകം അടുത്ത ബന്ധുക്കൾക്ക് ഒരു ഇടക്കാലാശ്വാസം നൽകേണ്ടതാണ്.

(2) ദ്രോഹപരമായ ഹാനിയിലേക്കോ മരണത്തിലേക്കോ നയിക്കുന്ന ഒരു കുറ്റത്തിന് ഏതെങ്കിലും ആൾ അപരാധിയാക്കപ്പെട്ടിട്ടുള്ളിടത്ത്, ന്യായനിർണ്ണയം നടത്തുന്ന ഉദ്യോഗസ്ഥനോ കോടതിയോ അപരാധിയാക്കപ്പെട്ടിട്ടുള്ള ആളിന്റെ പേരും താമസസ്ഥലവും കുറ്റവും ചുമത്തിയ ശിക്ഷയും കുറ്റക്കാരന്റെ ചെലവിൽ ന്യായനിർണ്ണയം നടത്തുന്ന ഉദ്യോഗസ്ഥനോ കോടതിയോ നിർദേശിക്കാവുന്നപ്രകാരമുള്ള അങ്ങനെയുള്ള മറ്റു രീതിയിലോ പ്രസിദ്ധീകരിക്കുവാൻ ഇടയാക്കാവുന്നതും അങ്ങനെയുള്ള പ്രസിദ്ധീകരണത്തിന്റെ ചെലവുകൾ അപ്രകാരമുള്ള കുറ്റസ്ഥാപനത്തിന്റെ കൂടെയുള്ള ചെലവിന്റെ ഭാഗമായി കരുതപ്പെടേണ്ടതും ഒരു പിഴയെന്നപോലെ അതേരീതിയിൽ വസൂലാക്കേണ്ടതുമാണ്.

(3) ന്യായനിർണ്ണയം നടത്തുന്ന ഉദ്യോഗസ്ഥനോ കോടതിക്കോ—

(ക) ഉപഭോക്താവിന്റെ ദ്രോഹപരമായ ഹാനിയുടെയോ മരണത്തിന്റെയോ സംഗതിയിൽ, ലൈസൻസ് റദ്ദാക്കുവാനും വിപണിയിൽനിന്നും ഭക്ഷ്യം തിരിച്ചു വിളിക്കുവാനും സ്ഥാപനവും വസ്തുവും കണ്ടുകെട്ടുവാനും ഉത്തരവാകാവുന്നതും;

(ഖ) മറ്റുസംഗതികളിൽ നിരോധന ഉത്തരവുകൾകൂടി പുറപ്പെടുവിക്കാവുന്നതുമാണ്.

കമ്പനികളാലുള്ള കുറ്റങ്ങൾ.

66. (1) ഈ ആക്റ്റിൻകീഴിൽ ഒരു കുറ്റം ഒരു കമ്പനിയാൽ ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, ആ കുറ്റം ചെയ്യപ്പെട്ട സമയത്ത് കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിനുവേണ്ടി അതിന്റെ ചുമതല വഹിച്ചിരുന്നതും കമ്പനിയോട് ഉത്തരവാദിത്വമുണ്ടായിരുന്നതുമായ ഏതൊരാളും കൂടാതെ കമ്പനിയും, ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടേണ്ടതും എതിരായി നടപടിയെടുക്കപ്പെടുവാനും അതനുസരിച്ച് ശിക്ഷിക്കപ്പെടുവാനും ബാധ്യസ്ഥരായിരിക്കുന്നതുമാണ്:

എന്നാൽ ഒരു കമ്പനിക്ക്, ഏതെങ്കിലും സ്ഥാപനത്തിലോ ശാഖയിലോ വ്യത്യസ്ത സ്ഥാപനങ്ങളോ ശാഖകളോ വ്യത്യസ്ത യൂണിറ്റുകളോ ഉള്ളിടത്ത്, ഭക്ഷ്യ സുരക്ഷിതത്വത്തിന് ഉത്തരവാദിയായി കമ്പനിയാൽ നാമനിർദേശം ചെയ്യപ്പെട്ട, അങ്ങനെയുള്ള സ്ഥാപനത്തിന്റേയോ ശാഖയുടെയോ യൂണിറ്റിന്റെയോ ബന്ധപ്പെട്ട തലവനോ ചുമതലവഹിക്കുന്ന ആളോ അങ്ങനെയുള്ള സ്ഥാപനത്തെയോ ശാഖയെയോ യൂണിറ്റിനെയോ സംബന്ധിച്ച ഉല്ലംഘനത്തിന് ബാധ്യസ്ഥനാകുന്നതാണ്:

എന്നുമാത്രമല്ല ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ, കുറ്റം ചെയ്യപ്പെട്ടത് തന്റെ അറിവ് കൂടാതെയാണെന്നോ അങ്ങനെയുള്ള കുറ്റം ചെയ്യപ്പെടുന്നത് തടയുവാൻ താൻ വേണ്ടത്ര ശ്രദ്ധചെലുത്തിയിരുന്നുവെന്നോ, അയാൾ തെളിയിക്കുന്നുവെങ്കിൽ, ഈ ആക്റ്റ്പ്രകാരമുള്ള യാതൊരു ശിക്ഷയ്ക്കും ബാധ്യസ്ഥനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെയടങ്ങിയിരുന്നാലും, ഈ ആക്റ്റിൻ കീഴിലുള്ള ഏതെങ്കിലും കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും ആ കുറ്റം ആ കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ മറ്റ് ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടുകൂടിയോ മൗനാനുവാദത്തോടുകൂടിയോ ചെയ്തിട്ടുള്ളതാണെന്നോ അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് ആരോപിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്തിട്ടുള്ളിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മറ്റ് ഉദ്യോഗസ്ഥനോ കൂടി ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടേണ്ടതും എതിരായി നടപടി എടുക്കപ്പെടുവാനും അതനുസരിച്ച് ശിക്ഷിക്കപ്പെടുവാനും ബാധ്യസ്ഥരായിരിക്കുന്നതുമാണ്.

*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യത്തിനായി,—

(ക) ''കമ്പനി'' എന്നാൽ ഏതെങ്കിലും ഏകാംഗീകൃതനികായം എന്നർഥമാകുന്നതും അതിൽ ഒരു ഫേമോ വ്യക്തികളുടെ മറ്റ് സമാജമോ ഉൾപ്പെടുന്നതും;

(ഖ) ഒരു ഫേമുമായി ബന്ധപ്പെട്ട്, ''ഡയറക്ടർ'' എന്നാൽ ഫേമിലെ ഒരു പങ്കാളി എന്നർഥമാകുന്നതുമാണ്.

ഭക്ഷ്യപദാർഥങ്ങളുടെ ഇറക്കുമതിയുടെ സംഗതിയിൽ ഈ ആക്റ്റിലെ വ്യവസ്ഥകളുടെ ഉല്ലംഘനത്തിനുള്ള പിഴശിക്ഷ മറ്റേതെങ്കിലും ആക്റ്റ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള പിഴശിക്ഷകൾക്ക് പുറമേ ആയിരിക്കുമെന്ന്.

67. (1) ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയോ റെഗുലേഷനുകളിലെയോ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഏതെങ്കിലും ഭക്ഷ്യപദാർഥം ഇറക്കുമതി ചെയ്യുന്ന ഏതൊരാളും 1992-ലെ ഫോറിൻ ട്രേഡ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്റ്റിലെയും (1992-ലെ 22) 1962-ലെ കസ്റ്റംസ് ആക്റ്റിലെയും (1962-ലെ 52) വ്യവസ്ഥകൾപ്രകാരം അയാൾ ബാധ്യസ്ഥനായേക്കാവുന്ന ഏതെങ്കിലും പിഴശിക്ഷയ്ക്കും പുറമേ ഈ ആക്റ്റ്പ്രകാരംകൂടി ബാധ്യസ്ഥനാകുന്നതും അതിനനുസരിച്ച് എതിരായി നടപടി എടുക്കപ്പെടേണ്ടതുമാണ്.

1992-ലെ 22

1962-ലെ 52

(2) 1992-ലെ ഫോറിൻ ട്രേഡ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്റ്റ് പ്രകാരമോ 1962-ലെ കസ്റ്റംസ് ആക്റ്റ് പ്രകാരമോ ക്ഷമതയുള്ള അധികാരസ്ഥാനം അനുവദിക്കുകയാണെങ്കിൽ, അങ്ങനെയുള്ള ഏതെങ്കിലും ഭക്ഷ്യപദാർഥം നശിപ്പിക്കേണ്ടതോ ഇറക്കുമതി ചെയ്യുന്ന ആൾക്ക് തിരിച്ചു നൽകേണ്ടതോ ആണ്.

## അധ്യായം X

## ന്യായനിർണ്ണയവും ഭക്ഷ്യസുരക്ഷിതത്വ അപ്പലേറ്റ് ട്രിബ്യൂണലും

68. (1) ഈ അധ്യായത്തിൻകീഴിലുള്ള ന്യായനിർണ്ണയത്തിന്റെ ആവശ്യങ്ങൾക്കായി, എവിടെയാണോ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റം ചെയ്തിട്ടുള്ളത്, ആ ജില്ലയിലെ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ കേന്ദ്ര സർക്കാർ നിർണ്ണയിക്കാവുന്നപ്രകാരമുള്ള രീതിയിൽ ന്യായനിർണ്ണയത്തിനുവേണ്ടി ന്യായനിർണ്ണയം നടത്തുന്ന ഉദ്യോഗസ്ഥനായി സംസ്ഥാനസർക്കാർ വിജ്ഞാപനം ചെയ്യേണ്ടതാണ്. ന്യായനിർണ്ണയം.

(2) ന്യായനിർണ്ണയം ചെയ്യുന്ന ഉദ്യോഗസ്ഥൻ, അയാൾക്ക് ആ സംഗതിയിൽ നിവേദനം നൽകുന്നതിന് ന്യായമായ ഒരു അവസരം നൽകിയതിനുശേഷവും അങ്ങനെയുള്ള അന്വേഷണവിചാരണയിൻമേൽ, ഈ ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയോ റെഗുലേഷനുകളിലെയോ വ്യവസ്ഥകളുടെ ഉല്ലംഘനം അയാൾ നടത്തിയെന്ന് അദ്ദേഹത്തിന് ബോധ്യപ്പെടുന്നുവെങ്കിൽ ആ കുറ്റവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾക്കനുസൃതമായി അദ്ദേഹത്തിന് ഉചിതമെന്നു തോന്നുന്ന അങ്ങനെയുള്ള പിഴ ശിക്ഷ ചുമത്തേണ്ടതാണ്.

(3) ന്യായനിർണ്ണയം നടത്തുന്ന ഉദ്യോഗസ്ഥന് ഒരു സിവിൽ കോടതിയുടെ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതും,—

(ക) അദ്ദേഹത്തിനുമുൻപാകെയുള്ള എല്ലാ നടപടികളും ഇൻഡ്യൻ ശിക്ഷാനിയമ സംഹിതയിലെ 193-ഉം 228-ഉം വകുപ്പുകളുടെ അർത്ഥത്തിനുള്ളിലെ ജുഡീഷ്യൽ നടപടികളായി കരുതപ്പെടേണ്ടതും; 1860-ലെ 45

(ഖ) 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 345-ഉം 346-ഉം വകുപ്പു കളുടെ ആവശ്യങ്ങൾക്കായി ഒരു കോടതിയായി കരുതപ്പെടേണ്ടതും, 1974-ലെ 2

ആകുന്നു.

(4) ഈ അധ്യായത്തിൻകീഴിൽ പിഴശിക്ഷയുടെ പരിമാണം ന്യായനിർണ്ണയം നടത്തുമ്പോൾ 49-ാം വകുപ്പിൽ നിർദേശിക്കപ്പെട്ട മാർഗനിർദേശങ്ങൾക്ക് ന്യായനിർണ്ണയം നടത്തുന്ന ഉദ്യോഗസ്ഥൻ തക്കതായ പരിഗണന നൽകേണ്ടതാണ്.

69. (1) ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക്, ഉത്തരവുവഴി, ഈ ആക്റ്റിനെതിരായി ഒരു കുറ്റമോ ഉല്ലംഘനമോ അയാൾ ചെയ്തതായി ന്യായമായ വിശ്വാസം നിലനിൽക്കുന്നതായ ഏതെങ്കിലും ഭക്ഷ്യപദാർത്ഥം സ്വയം നിർമ്മിക്കുകയും വിൽക്കുകയും ചെയ്യുന്ന ചെറുതരം നിർമ്മാതാക്കൾ, ചില്ലറവിൽപ്പനക്കാർ, വഴിവാണിഭക്കാർ, ചുറ്റിസഞ്ചരിച്ചു വിൽക്കുന്നവർ, താൽക്കാലിക വിൽപ്പന സ്റ്റാൾ കൈവശക്കാർ എന്നിവരിൽനിന്നും അങ്ങനെയുള്ള ആൾ ചെയ്തതായി സംശയിക്കുന്ന കുറ്റത്തിന്റെ രാജിയാക്കലിനായി നൽകുന്ന ഒരു തുക സ്വീകരിക്കുവാൻ പദവി നിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥനെ അധികാരപ്പെടുത്താവുന്നതാണ്. കുറ്റങ്ങൾ രാജിയാക്കുവാനുള്ള അധികാരം.

(2) അങ്ങനെയുള്ള ഉദ്യോഗസ്ഥന് അപ്രകാരമുള്ള തുക നൽകുന്നതിന്മേൽ സംശയിക്കപ്പെട്ട ആൾ, കസ്റ്റഡിയിലാണെങ്കിൽ, ഡിസ്ചാർജ് ചെയ്യേണ്ടതും അങ്ങനെയുള്ള ആൾക്കെതിരെ കുറ്റം സംബന്ധിച്ച് യാതൊരു തുടർനടപടികളും എടുക്കുവാൻ പാടുള്ളതുമല്ല.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ രാജിയാക്കലിനായി സ്വീകരിക്കുകയോ സ്വീകരിക്കാമെന്ന് സമ്മതിച്ചതോ ആയ തുക ഒരു ലക്ഷം രൂപയിൽ കൂടുതലാകുവാൻ പാടില്ലാത്തതും 49-ാം വകുപ്പിൽ നിർദേശിക്കപ്പെട്ട മാർഗനിർദേശങ്ങൾക്ക് തക്കതായ പരിഗണന നൽകേണ്ടതുമാണ്:

എന്നാൽ ഈ ആക്റ്റ് പ്രകാരം തടവുശിക്ഷ നിർണ്ണയിക്കപ്പെട്ടിട്ടുള്ള യാതൊരു കുറ്റവും രാജിയാക്കുവാൻ പാടുള്ളതല്ല.

ഭക്ഷ്യ സുരക്ഷിതത്വ അപ്പലേറ്റ് ട്രിബ്യൂണലുകൾ സ്ഥാപിക്കൽ.

70. (1) 68-ാം വകുപ്പുപ്രകാരം ന്യായനിർണ്ണയം നടത്തുന്ന ഉദ്യോഗസ്ഥന്റെ തീരുമാനങ്ങളിൽനിന്നുള്ള അപ്പീലുകൾ കേൾക്കുന്നതിനായി കേന്ദ്രസർക്കാരിനോ, അതതു സംഗതിപോലെ, സംസ്ഥാനസർക്കാരിനോ വിജ്ഞാപനംവഴി ഭക്ഷ്യസുരക്ഷിതത്വ അപ്പലേറ്റ് ട്രിബ്യൂണൽ എന്നറിയപ്പെടുന്ന ഒന്നോ അതിലധികമോ ട്രിബ്യൂണലുകൾ സ്ഥാപിക്കാവുന്നതാണ്.

(2) ഏതെല്ലാം സംഗതികളും പ്രദേശങ്ങളും സംബന്ധിച്ച് ട്രിബ്യൂണലിന് അധികാരിത വിനിയോഗിക്കാമെന്ന് കേന്ദ്രസർക്കാരോ, സംസ്ഥാനസർക്കാരോ, അതതു സംഗതിപോലെ, നിർണ്ണയിക്കേണ്ടതാണ്.

(3) ട്രിബ്യൂണൽ, കേന്ദ്രസർക്കാരോ, സംസ്ഥാനസർക്കാരോ, അതതുസംഗതി പോലെ, വിജ്ഞാപനംവഴി നിയമിക്കേണ്ട ഒരാൾ മാത്രം (ഇതിനുശേഷം ട്രിബ്യൂണലിന്റെ പ്രിസൈഡിംഗ് ആഫീസർ എന്നാണ് പരാമർശിക്കപ്പെടുക) അടങ്ങിയിരിക്കേണ്ടതാണ്:

എന്നാൽ ജില്ലാ ജഡ്ജി ആയിരിക്കുന്നതോ ആയിരുന്നതോ അല്ലാത്ത യാതൊരാൾക്കും ട്രിബ്യൂണലിന്റെ ഒരു പ്രിസൈഡിംഗ് ആഫീസറായുള്ള നിയമനത്തിന് യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

(4) പ്രിസൈഡിംഗ് ആഫീസറുടെ യോഗ്യത, നിയമനം, ഔദ്യോഗിക കാലാവധി, ശമ്പളവും ബത്തകളും, രാജി, നീക്കം ചെയ്യൽ എന്നിവ കേന്ദ്രസർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ളപ്രകാരമായിരിക്കുന്നതാണ്.

(5) അപ്പീലിന്റെ നടപടിക്രമവും ട്രിബ്യൂണലിന്റെ അധികാരങ്ങളും കേന്ദ്രസർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ളപ്രകാരമായിരിക്കേണ്ടതാണ്.

ട്രിബ്യൂണലിന്റെ നടപടിക്രമവും അധികാരങ്ങളും.

71. (1) 1908-ലെ സിവിൽ നടപടി നിയമസംഹിതയിൽ (1908-ലെ 5) പ്രതിപാദിക്കപ്പെട്ട നടപടിക്രമങ്ങൾ ട്രിബ്യൂണലിനെ ബന്ധിക്കുന്നതല്ലാത്തതും എന്നാൽ സ്വാഭാവിക നീതിയുടെ തത്ത്വങ്ങൾ മാർഗദർശകമായിരിക്കുന്നതും ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളുടെയും മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി ട്രിബ്യൂണലിന് അതിന്റെ സിറ്റിംഗുകൾ ഏത് സ്ഥലത്തുവച്ചായിരിക്കണം എന്നതുൾപ്പെടെ അതിന്റെ സ്വന്തം നടപടിക്രമം നിയന്ത്രിക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവഹിക്കുന്നതിന്റെ ആവശ്യങ്ങൾക്കായി താഴെപ്പറയുന്ന സംഗതികൾ സംബന്ധിച്ച ഒരു വ്യവഹാരം വിചാരണ

1908-ലെ 5

ചെയ്യുമ്പോൾ 1908-ലെ സിവിൽ നടപടി നിയമസംഹിതപ്രകാരം ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായപ്രകാരമുള്ള അതേ അധികാരങ്ങൾ ട്രിബ്യൂണലിന് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) ഏതെങ്കിലും ആളെ സമൺ ചെയ്യുന്നതിനും ഹാജരാകാൻ നിർബന്ധിക്കുന്നതിനും ശപഥത്തിൻമേൽ അയാളെ വിസ്തരിക്കുന്നതിനും;

(ഖ) പ്രമാണങ്ങളുടെ കണ്ടെത്തലും ഹാജരാക്കലും അഥവാ മറ്റ് ഇലക്ട്രോണിക് രേഖകൾ ആവശ്യപ്പെടുന്നതിനും;

(ഗ) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നതിനും;

(ഘ) സാക്ഷികളുടെയോ പ്രമാണങ്ങളുടെയോ വിസ്താരത്തിനായി കമ്മീഷനുകളെ നിയമിക്കുന്നതിനും;

(ങ) അതിന്റെ തീരുമാനങ്ങൾ പുനഃപരിശോധിക്കുന്നതിനും;

(ച) വീഴ്ചയ്ക്കുള്ള ഒരു അപേക്ഷ തള്ളിക്കളയുന്നതിനോ അത് എക്സ്പാർട്ടിയായി തീരുമാനിക്കുന്നതിനോ;

(ഛ) കേന്ദ്രസർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും സംഗതികളും.

(3) ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയുടെ 193-ഉം 228-ഉം വകുപ്പുകളുടെ അർത്ഥത്തിനുള്ളിലും 196-ാം വകുപ്പിന്റെ ആവശ്യങ്ങൾക്കുവേണ്ടിയും ട്രിബ്യൂണലിന് മുമ്പാകെയുള്ള ഓരോ നടപടിയും ഒരു ജുഡീഷ്യൽ നടപടിയായി കരുതപ്പെടേണ്ടതും 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയുടെ 195-ാം വകുപ്പിന്റെയും XXVI-ാം അധ്യായത്തിന്റെയും ആവശ്യങ്ങൾക്കായി അത് ഒരു സിവിൽ കോടതിയായി കരുതപ്പെടേണ്ടതുമാണ്.

1860-ലെ 45

1974-ലെ 2

(4) ട്രിബ്യൂണൽ മുമ്പാകെ, അപ്പീൽവാദിക്ക് സ്വയം ഹാജരാകുകയോ അയാളുടെ കേസ് പ്രതിനിധാനം ചെയ്യുന്നതിന് ഒന്നോ അതിലധികമോ അഭിഭാഷകരെയോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥരെയോ അധികാരപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(5) 1963-ലെ കാലഹരണ ആക്റ്റിന്റെ വ്യവസ്ഥകൾ ട്രിബ്യൂണലിന് നൽകിയ അപ്പീലിന്, ഈ ആക്റ്റിൽ മറ്റുവിധത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളപ്രകാരമൊഴികെ, ബാധകമാക്കേണ്ടതാണ്.

1963-ലെ 36

(6) ട്രിബ്യൂണലിന്റെ ഏതെങ്കിലും തീരുമാനത്താലോ ഉത്തരവിനാലോ സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആൾക്ക് ട്രിബ്യൂണലിന്റെ തീരുമാനമോ ഉത്തരവോ അയാളെ അറിയിക്കുന്ന തീയതി മുതൽ അറുപത് ദിവസത്തിനകം അങ്ങനെയുള്ള ഉത്തരവിൽനിന്നും ഉത്ഭവിക്കുന്ന ഏതെങ്കിലും വസ്തുതാപരമോ നിയമപരമോ ആയ പ്രശ്നത്തിൻമേൽ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്:

എന്നാൽ ഹൈക്കോടതിക്ക്, പ്രസ്തുത കാലയളവിനുള്ളിൽ അപ്പീൽ ഫയൽ ചെയ്യുന്നതിൽനിന്നും അപ്പീൽവാദി തടയപ്പെട്ടത് മതിയായ കാരണത്താലാണെന്ന് അതിന് ബോധ്യപ്പെടുന്നുവെങ്കിൽ, അറുപത് ദിവസത്തിൽ കവിയാതെയുള്ള ഒരു കൂടുതൽ കാലയളവിനുള്ളിൽ അത് ഫയൽ ചെയ്യുവാൻ അനുവദിക്കാവുന്നതാണ്.

സിവിൽ കോടതിക്ക് അധികാരിത ഉണ്ടായിരിക്കുന്നതല്ലെന്ന്.

72. ഈ ആക്റ്റിനാലോ അതിൻകീഴിലോ ന്യായനിർണ്ണയം നടത്തുന്ന ഉദ്യോഗസ്ഥനെയോ ട്രിബ്യൂണലിനെയോ തീരുമാനിക്കുവാൻ അധികാരപ്പെടുത്തിയ ഏതെങ്കിലും സംഗതി സംബന്ധിച്ച ഏതെങ്കിലും വ്യവഹാരമോ നടപടിയോ സ്വീകരിക്കുവാൻ യാതൊരു സിവിൽ കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ലാത്തതും ഈ ആക്റ്റിനാലോ അതിൻകീഴിലോ നൽകപ്പെട്ട ഏതെങ്കിലും അധികാരത്തിനനുസൃതമായി എടുത്തതോ എടുക്കേണ്ടതോ ആയ ഏതെങ്കിലും നടപടി സംബന്ധിച്ച് ഏതെങ്കിലും കോടതിയോ മറ്റ് അധികാരസ്ഥാനമോ യാതൊരു ഇൻജംഗ്ഷനും നൽകുവാൻ പാടില്ലാത്തതുമാകുന്നു.

കേസുകൾ സമ്മറിയായി വിചാരണ ചെയ്യുവാൻ കോടതിക്കുള്ള അധികാരം.

73. 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ (1974-ലെ 2)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു പ്രത്യേക കോടതിയാൽ വിചാരണ ചെയ്യുവാൻ സാധ്യമല്ലാത്ത എല്ലാ കുറ്റങ്ങളും ഒരു ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിനാലോ ഒരു മെട്രോപൊളിറ്റൻ മജിസ്ട്രേറ്റിനാലോ, സമ്മറിയായി വിചാരണചെയ്യേണ്ടതും അങ്ങനെയുള്ള ഒരു വിചാരണയ്ക്ക് പ്രസ്തുത നിയമസംഹിതയിലെ 262 മുതൽ 265 വരെയുള്ള (രണ്ടും ഉൾപ്പെടെ) വകുപ്പുകളിലെ വ്യവസ്ഥകൾ കഴിയുന്നിടത്തോളം ബാധകമായിരിക്കുന്നതുമാണ്:

എന്നാൽ ഈ വകുപ്പുപ്രകാരമുള്ള ഒരു സമ്മറി വിചാരണയിലെ ഏതെങ്കിലും കുറ്റസ്ഥാപനത്തിന്റെ സംഗതിയിൽ, ഒരു വർഷത്തിൽ കവിയാതെയുള്ള ഒരു കാലത്തേക്ക് തടവുശിക്ഷയ്ക്കുള്ള ഒരു വിധി മജിസ്ട്രേറ്റ് പാസ്സാക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്:

എന്നുമാത്രമല്ല ഈ വകുപ്പ് പ്രകാരമുള്ള ഒരു സമ്മറി വിചാരണയുടെ ആരംഭത്തിലോ അതിനിടയിലോ കേസിന്റെ സ്വഭാവം ഒരു വർഷത്തിൽ കവിയുന്ന ഒരു കാലത്തേക്കുള്ള തടവുശിക്ഷ പാസ്സാക്കിയേക്കാവുന്നപ്രകാരമുള്ളതാണെന്നോ അല്ലെങ്കിൽ മറ്റേതെങ്കിലും കാരണത്താൽ ആ കേസ് സമ്മറിയായി വിചാരണചെയ്യുന്നത് അഭിലഷണീയമല്ലെന്നോ മജിസ്ട്രേറ്റിന് തോന്നുന്നുവെങ്കിൽ, മജിസ്ട്രേറ്റ് കക്ഷികൾക്ക് പറയുവാനുള്ളത് കേട്ടതിനുശേഷം, ആ ഫലത്തിലുള്ള ഒരു ഉത്തരവ് രേഖപ്പെടുത്തേണ്ടതും അതിനുശേഷം വിസ്തരിക്കാവുന്ന ഏതെങ്കിലും സാക്ഷിയെ വീണ്ടും വിളിക്കുകയും പ്രസ്തുത നിയമസംഹിതയാൽ വ്യവസ്ഥചെയ്യപ്പെട്ട രീതിയിൽ കേസ് കേൾക്കുന്നതോ വീണ്ടും കേൾക്കുന്നതോ തുടരുകയും ചെയ്യേണ്ടതാണ്.

പ്രത്യേക കോടതികളും പബ്ലിക് പ്രോസിക്യൂട്ടറും.

74. (1) ഈ ആക്റ്റിലോ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലോ (1974-ലെ 2)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കേന്ദ്രസർക്കാരിനോ സംസ്ഥാനസർക്കാരിനോ അവരുടെ യഥാക്രമമുള്ള അധികാരിതകളിൽ, പൊതുതാൽപ്പര്യത്തിന് ഉചിതമെന്നും ആവശ്യമെന്നും കരുതുന്നുവെങ്കിൽ, ഈ ആക്റ്റ് പ്രകാരം മൂന്ന് വർഷത്തിലധികമുള്ള തടവുശിക്ഷയ്ക്ക് നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഉപഭോക്താവിന്റെ ദ്രോഹപരമായ ഹാനിയുമായോ മരണവുമായോ ബന്ധപ്പെട്ട കുറ്റങ്ങളുടെ വിചാരണയുടെ ആവശ്യങ്ങൾക്കായി ഹൈക്കോടതിയുടെ ചീഫ് ജസ്റ്റിസിന്റെ യോജിപ്പോടുകൂടി, അങ്ങനെയുള്ള പ്രദേശത്തിനോ പ്രദേശങ്ങൾക്കോ ആവശ്യമായേക്കാവുന്നതും വിജ്ഞാപനത്തിൽ നിർദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരിത വിനിയോഗിക്കുന്നതിനുമായി അത്രയും എണ്ണം കോടതികൾ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി രൂപീകരിക്കാവുന്നതാണ്.

(2) ഒരു പ്രത്യേക കോടതിക്ക് സ്വമേധയായോ പബ്ലിക് പ്രോസിക്യൂട്ടർ നൽകിയ ഒരു അപേക്ഷയിൻമേലോ അപ്രകാരം ചെയ്യുന്നത് ഉചിതമെന്നോ അഭിലഷണീയമെന്നോ അത് കരുതുന്നുവെങ്കിൽ അതിന്റെ ഏതെങ്കിലും നടപടികൾക്കായി അതിന്റെ സിറ്റിംഗ് സാധാരണ നടത്തുന്ന സ്ഥലത്തല്ലാതെ മറ്റേതെങ്കിലും സ്ഥലത്ത് സിറ്റിംഗ് നടത്താവുന്നതാണ്.

(3) കുറ്റം ആരോപിക്കപ്പെട്ടയാൾക്കെതിരെ മറ്റേതെങ്കിലും കോടതിയിലുള്ള (പ്രത്യേക കോടതിയല്ലാത്ത) മറ്റേതെങ്കിലും കേസിന്റെ വിചാരണയ്ക്കുമേൽ, ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും കുറ്റത്തിന്റെ പ്രത്യേക കോടതിയാലുള്ള വിചാരണയ്ക്ക് പ്രഥമഗണനയുണ്ടായിരിക്കേണ്ടതും അപ്രകാരമുള്ള മറ്റ് കേസിന്റെ വിചാരണയെക്കാൾ മുൻഗണന നൽകി തീർപ്പാക്കേണ്ടതും തദനുസരണമായി അങ്ങനെയുള്ള മറ്റ് കേസിന്റെ വിചാരണ തൽക്കാലം നിർത്തിവച്ച നിലയിൽ നിലകൊള്ളേണ്ടതുമാണ്.

(4) കേന്ദ്രസർക്കാരോ, സംസ്ഥാനസർക്കാരോ, അതതുസംഗതിപോലെ, ഓരോ പ്രത്യേക കോടതിക്കുമായി പബ്ലിക് പ്രോസിക്യൂട്ടറായി ഒരാളെ നിയമിക്കേണ്ടതും അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാരായി ഒന്നിലധികം ആളുകളെ നിയമിക്കാവുന്നതുമാണ്:

എന്നാൽ കേന്ദ്രസർക്കാരിനോ സംസ്ഥാനസർക്കാരിനോ, അതതുസംഗതി പോലെ, ഏതെങ്കിലും കേസിനോ കേസുകളുടെ വിഭാഗത്തിനോ കൂട്ടത്തിനോ ഒരു സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെക്കൂടി നിയമിക്കാവുന്നതാണ്.

(5) അഭിഭാഷകനായി ഏഴ് വർഷത്തിൽ കുറയാതെയുള്ള പ്രാക്റ്റീസ് ഉണ്ടായിരിക്കുകയോ യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ കീഴിൽ ഏഴുവർഷത്തിൽ കുറയാതെയുള്ള കാലാവധിക്ക് നിയമത്തിൽ പ്രത്യേക പരിജ്ഞാനം ആവശ്യമുള്ള ഏതെങ്കിലും തസ്തിക വഹിക്കുകയോ ചെയ്യാത്തപക്ഷം, ഈ വകുപ്പിൻകീഴിൽ ഒരാൾ പബ്ലിക് പ്രോസിക്യൂട്ടറോ അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറോ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറോ ആയി നിയമിക്കപ്പെടുവാൻ യോഗ്യനായിരിക്കുന്നതല്ല.

75. ഏതെങ്കിലും കുറ്റം നടപടിക്കെടുത്തതിനുശേഷം ഒരു പ്രത്യേക കോടതിക്ക് ആ കുറ്റം അതിന് വിചാരണ ചെയ്യാനാകാത്തതാണെന്ന് അഭിപ്രായമുള്ളിടത്ത്, അത് അങ്ങനെയുള്ള കുറ്റം വിചാരണ ചെയ്യുവാൻ അതിന് അധികാരിത ഇല്ലെങ്കിൽത്തന്നെയും, 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതപ്രകാരം അധികാരിതയുള്ള ഏതെങ്കിലും കോടതിയിലേക്ക് അങ്ങനെയുള്ള കുറ്റം വിചാരണ ചെയ്യുന്നതിനുവേണ്ടി കേസ് കൈമാറ്റം ചെയ്യേണ്ടതും ഏത് കോടതിയിലേക്കാണോ കേസ് കൈമാറ്റം ചെയ്യുന്നത് അതിന് ആ കുറ്റം നടപടിക്കെടുത്തിരുന്നാലെന്നപോലെ, കുറ്റത്തിന്റെ വിചാരണ തുടരാവുന്നതാണ്.

സ്ഥിരം കോടതികളിലേക്ക് കേസുകൾ കൈമാറുവാനുള്ള അധികാരം.

1974-ലെ 2

76. (1) ഒരു പ്രത്യേക കോടതിയുടെ ഒരു തീരുമാനമോ ഉത്തരവോ മൂലം സങ്കട മനുഭവിക്കുന്ന ഏതെങ്കിലും ആൾക്ക്, കേന്ദ്രസർക്കാർ നിർണ്ണയിക്കാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള ഫീസ് നൽകിയതിൻമേലും ഈ ആക്റ്റ്പ്രകാരം പിഴശിക്ഷയായോ നഷ്ട പരിഹാരമായോ നഷ്ടത്തുകയായോ ചുമത്തിയിട്ടുള്ളതായ ഏതെങ്കിലും തുക ഉണ്ടെങ്കിൽ അത് കെട്ടിവച്ചതിനുശേഷവും ഉത്തരവ് നടത്തിയ തീയതി മുതൽ നാൽപ്പത്തിയഞ്ച് ദിവസത്തിനകം ഹൈക്കോടതിയിൽ ഒരു അപ്പീൽ സമർപ്പിക്കാവുന്നതാണ്:

അപ്പീൽ.

എന്നാൽ ഹൈക്കോടതിക്ക്, പ്രസ്തുത കാലാവധിക്കുള്ളിൽ അപ്പീൽ ഫയൽ ചെയ്യുന്നതിൽനിന്നും അപ്പീൽവാദി തടയപ്പെട്ടത് മതിയായ കാരണത്താലാണെന്ന് ബോധ്യപ്പെടുന്നുവെങ്കിൽ, പ്രസ്തുത നാൽപ്പത്തിയഞ്ച് ദിവസത്തെ കാലാവധി അവസാനി ച്ചതിനുശേഷവും ഏതെങ്കിലും അപ്പീൽ അതിന് സ്വീകരിക്കാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിൽ സമർപ്പിക്കപ്പെട്ട ഒരു അപ്പീൽ രണ്ടു ജഡ്ജിമാരിൽ കുറയാതെയുള്ള ഒരു ബെഞ്ചിനാൽ ഹൈക്കോടതി തീർപ്പാക്കേണ്ടതാണ്.

77. ഈ ആക്റ്റിൽ എന്തുതന്നെയടങ്ങിയിരുന്നാലും, ഒരു കുറ്റം ചെയ്ത തീയതി മുതൽ ഒരു വർഷത്തെ കാലാവധി അവസാനിച്ചതിനുശേഷം ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം യാതൊരു കോടതിയും നടപടിക്കെടുക്കുവാൻ പാടുള്ളതല്ല:

പ്രോസിക്യൂഷനുകൾക്കുള്ള സമയപരിധി.

എന്നാൽ ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് മൂന്നുവർഷം വരെയാകാവുന്ന നീട്ടിയ കാലാവധിക്കുള്ളിൽ എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ പ്രോസിക്യൂഷൻ അംഗീകരിക്കാവുന്നതാണ്.

78. ഏതെങ്കിലും ഭക്ഷ്യപദാർഥത്തിന്റെ ഇറക്കുമതി ചെയ്യുന്ന ആളോ നിർമ്മാതാവോ വിതരണക്കാരനോ വ്യാപാരിയോ അല്ലാത്ത ഏതെങ്കിലും ആൾ ചെയ്തതായി ആരോപിക്കപ്പെടുന്ന ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും കുറ്റത്തിന്റെ വിചാരണ വേളയിൽ ഏതെങ്കിലും സമയത്ത്, കോടതിക്ക്, അതിന്റെ മുൻപാകെ നൽകപ്പെട്ടിട്ടുള്ള തെളിവിന്മേൽ, അങ്ങനെയുള്ള ഇറക്കുമതി ചെയ്യുന്ന ആളോ നിർമ്മാതാവോ വിതരണക്കാരനോ വ്യാപാരിയോ കൂടി ആ കുറ്റവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ബോധ്യപ്പെടുന്നിടത്ത്, കോടതിക്ക് 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 319-ാം വകുപ്പ് (3)-ാം ഉപവകുപ്പിലോ ഈ ആക്റ്റിലെ 71-ാം വകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിൽ ഒരു പ്രോസിക്യൂഷൻ ആരംഭിക്കപ്പെട്ടിട്ടുള്ളതു പോലെ അയാൾക്കെതിരെ നടപടി തുടരാവുന്നതാണ്.

നിർമ്മാതാവ് മുതലായവരെ കക്ഷി ചേർക്കുവാനുള്ള കോടതിയുടെ അധികാരം.

1974-ലെ 2

79. 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത (1974-ലെ 2)-ലെ 29-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സാധാരണ അധികാരിതയുള്ള കോടതി ഈ വകുപ്പിൻകീഴിലുള്ള അദ്ദേഹത്തിന്റെ അധികാരങ്ങൾക്കുപരിയായി ആറുവർഷത്തിൽ കവിയുന്ന ഒരു കാലത്തേക്കുള്ള ഒരു തടവുശിക്ഷ ഒഴികെ, ഈ ആക്റ്റിനാൽ അധികാര പ്പെടുത്തപ്പെട്ട ഏതെങ്കിലും ശിക്ഷ പാസ്സാക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

വർധിപ്പിച്ച ശിക്ഷ ചുമത്തുവാൻ മജിസ്ട്രേറ്റിനുള്ള അധികാരം.

ഈ ആക്റ്റ്പ്രകാരമുള്ള പ്രോസിക്യൂഷനിൽ അനുവദിക്കാവുന്നതോ അല്ലാത്തതോ ആയ പ്രതിവാദങ്ങൾ.

80. (ക) പരസ്യങ്ങളുടെ പ്രസിദ്ധീകരണം സംബന്ധിച്ച് പ്രതിവാദം—

(1) ഈ ആക്റ്റിൻകീഴിൽ ഒരു പരസ്യത്തിന്റെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട ഒരു കുറ്റം സംബന്ധിച്ച ഏതെങ്കിലും നടപടിയിൽ ഒരാൾ പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിനോ പ്രസിദ്ധീകരിക്കുന്നതിനായി ക്രമപ്പെടുത്തുന്നതിനോ ഉള്ള ബിസിനസ്സ് നടത്തിയെന്നും അയാൾ പ്രശ്നത്തിലുള്ള പരസ്യം പ്രസിദ്ധീകരിക്കുകയോ പ്രസിദ്ധീകരിക്കാൻ ക്രമപ്പെടുത്തുകയോ ചെയ്തത് ആ ബിസിനസ്സിന്റെ സാധാരണരീതിയിൽ ആണെന്നും തെളിയിക്കുന്നത് അയാൾക്ക് ഒരു പ്രതിവാദമായിരിക്കുന്നതാണ്.

(2) (1)-ാം ഖണ്ഡം,—

(ക) പരസ്യത്തിന്റെ പ്രസിദ്ധീകരണം ഒരു കുറ്റമായിരുന്നുവെന്ന് ന്യായമായ അറിവുണ്ടായിരുന്നതോ;

(ഖ) അങ്ങനെയുള്ള ഒരു പരസ്യത്തിന്റെ പ്രസിദ്ധീകരണം ഒരു കുറ്റം രൂപപ്പെടുത്തുമെന്ന് ബന്ധപ്പെട്ട അധികാരസ്ഥാനം രേഖാമൂലം മുൻകൂട്ടി അറിയിച്ചിട്ടുള്ളതോ;

(ഗ) ഭക്ഷ്യബിസിനസ്സ് പ്രവർത്തകനോ ബന്ധപ്പെട്ട പരസ്യങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടതായ ഭക്ഷ്യബിസിനസ്സിന്റെ നടത്തിപ്പിൽ മറ്റുവിധത്തിൽ ഏർപ്പെട്ടിരിക്കുന്നതോ,

ആയ ആളാണെങ്കിൽ ബാധകമാകുന്നതല്ല.

(ഖ) വേണ്ടത്ര ശ്രദ്ധയെന്ന പ്രതിവാദം—

(1) ഒരു കുറ്റത്തിന്റെ ഏതെങ്കിലും നടപടികളിൽ ഒരാളോ അയാളുടെ നിയന്ത്രണത്തിൻകീഴിലുള്ള മറ്റൊരാളോ ഒരു കുറ്റം ചെയ്യുന്നത് തടയുന്നതിന് ന്യായമായ എല്ലാ മുൻകരുതലുകളും എടുത്തിട്ടുണ്ടെന്നും വേണ്ടത്ര എല്ലാ ശ്രദ്ധയും വിനിയോഗിച്ചിട്ടുണ്ടെന്നും തെളിയിക്കപ്പെടുന്നുവെങ്കിൽ അത് ഒരു പ്രതിവാദമാകുന്നതാണ്.

(2) (1)-ാം ഖണ്ഡത്തിലെ ആവശ്യകതകൾ ഒരാൾക്ക് നിറവേറ്റുന്നതിനായുള്ള മാർഗങ്ങൾ പരിമിതപ്പെടുത്താതെ—

(ക) കുറ്റം ചെയ്തത്—

(i) മറ്റൊരാളിന്റെ പ്രവൃത്തിയോ വീഴ്ചയോ; അല്ലെങ്കിൽ

(ii) മറ്റൊരാൾ നൽകിയ വിവരത്തെ ആശ്രയിച്ചതോ, കാരണമായിട്ടാണെന്നും;

(ഖ)(i) എല്ലാ സാഹചര്യങ്ങളിലും ന്യായമായിട്ടുള്ള ബന്ധപ്പെട്ട ഭക്ഷ്യത്തിന്റെ അങ്ങനെയുള്ള എല്ലാ പരിശോധനകളും അയാൾ നടത്തിയിട്ടുണ്ടെന്നോ;

(ii) അയാൾക്ക് അങ്ങനെയുള്ള ഭക്ഷ്യം നൽകിയ ആൾ നടത്തിയ പരിശോധനയിൽ വിശ്വാസമർപ്പിക്കുകയെന്നത് എല്ലാ സാഹചര്യങ്ങളിലും ന്യായമായിരുന്നുവെന്നോ; കൂടാതെ

(ഗ) അയാൾ മറ്റൊരു രാജ്യത്തുനിന്നും അധികാരാതിർത്തിക്കുള്ളിലേക്ക് ഭക്ഷ്യം ഇറക്കുമതി ചെയ്തിട്ടില്ലായെന്നും;

(ഘ) ഭക്ഷ്യത്തിന്റെ വിൽപ്പന ഉൾപ്പെട്ട ഒരു കുറ്റത്തിന്റെ സംഗതിയിൽ,—

(i) അയാൾ വാങ്ങിയപ്പോഴുള്ളതായ അതേ അവസ്ഥയിൽ അയാൾ ഭക്ഷ്യം വിറ്റിട്ടുണ്ടെന്നോ;

(ii) അയാൾ വാങ്ങിയതിൽനിന്നും വ്യത്യസ്തമായ അവസ്ഥയിൽ ആ ഭക്ഷ്യം വിറ്റിട്ടുണ്ടെങ്കിലും ആ വ്യത്യാസം ഈ ആക്റ്റിന്റെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളുടെയോ റെഗുലേഷനുകളുടെയോ ഏതെങ്കിലും ഉല്ലംഘനമായി പരിണമിക്കാത്തതാണെന്നോ; കൂടാതെ

(ങ) ആരോപിക്കപ്പെട്ട കുറ്റം ചെയ്ത സമയത്ത് അയാളുടെ കൃത്യമോ ഉപേക്ഷയോ ബന്ധപ്പെട്ട വകുപ്പിന്റെകീഴിൽ ഒരു കുറ്റം ആയിത്തീരുമെന്ന് അയാൾക്ക് അറിവില്ലായിരുന്നുവെന്നും സംശയിക്കുവാൻ യാതൊരു കാരണവും ഉണ്ടായിരുന്നില്ലെന്നും,

തെളിയിക്കുകയാണെങ്കിൽ ഒരാൾ ആ ആവശ്യകതകൾ നിറവേറ്റുന്നതാണ്.

(3) (2)-ാം ഖണ്ഡത്തിന്റെ (ക) ഉപഖണ്ഡത്തിൽ, മറ്റൊരാൾ എന്നതിൽ—

(ക) പ്രതിയുടെ ഒരു ജീവനക്കാരനോ ഏജന്റോ; അല്ലെങ്കിൽ

(ഖ) ഒരു കമ്പനിയായ ഒരു പ്രതിയുടെ സംഗതിയിൽ ആ കമ്പനിയുടെ ഒരു ഡയറക്ടറോ ജീവനക്കാരനോ ഏജന്റോ,

ആയ ഒരാൾ ഉൾപ്പെടുന്നതല്ല.

(4) (1)-ാം ഖണ്ഡത്തിലെയും (2)-ാം ഖണ്ഡത്തിലെ (ഖ) ഉപഖണ്ഡത്തിലെ (i)-ാം ഇനത്തിലെയും ആവശ്യകതകൾ ഒരാൾ നിറവേറ്റാവുന്നതിനായുള്ള മാർഗങ്ങൾ പരിമിതപ്പെടുത്താതെ—

(ക) റെഗുലേഷനുകൾക്കനുസൃതമായി ഒരു ഭക്ഷ്യസുരക്ഷിതത്വ പരിപാടി തയ്യാറാക്കുവാനാവശ്യപ്പെടുന്ന ഒരു ഭക്ഷ്യബിസിനസ്സുമായി ബന്ധപ്പെട്ട ഒരു കുറ്റത്തിന്റെ സംഗതിയിൽ റെഗുലേഷനുകളിലെ ആവശ്യകതകൾ പാലിക്കുന്ന ഭക്ഷ്യബിസിനസ്സിനുള്ള ഒരു ഭക്ഷ്യസുരക്ഷിതത്വ പരിപാടി അയാൾ പാലിച്ചുവെന്നോ;

(ഖ) മറ്റേതെങ്കിലും സംഗതിയിൽ,—

(i) ഭക്ഷ്യസുരക്ഷിതത്വ അപായസാധ്യത നിയന്ത്രിക്കുന്നതിന് രൂപകൽപ്പന ചെയ്യപ്പെടുകയും, ആ ആവശ്യത്തിനുവേണ്ടി രൂപകൽപ്പന ചെയ്ത ദേശീയമോ അന്തർദേശീയമോ ആയ ഗുണനിലവാരങ്ങളോ നിയമസംഹിതകളോ മാർഗനിർദേശങ്ങളോ എന്നിവയും;

(ii) ഏതെങ്കിലും രീതിയിൽ പ്രമാണീകരിക്കപ്പെട്ടതും,

ആയ ഒരു പദ്ധതി (ഉദാഹരണമായി ഒരു ഗുണനിലവാരം ഉറപ്പുവരുത്തൽ പരിപാടി അല്ലെങ്കിൽ ഒരു ഇൻഡസ്ട്രി കോഡ് ഓഫ് പ്രാക്റ്റീസ്) അയാൾ പാലിച്ചുവെന്നോ,

തെളിയിച്ചുകൊണ്ട് ഒരാൾക്ക് ആ ആവശ്യകതകൾ നിറവേറ്റാവുന്നതാണ്.

(ഗ) തെറ്റിദ്ധരിക്കപ്പെട്ടതും ന്യായവുമായ വിശ്വാസം എന്ന പ്രതിവാദം ലഭ്യമല്ല—

ഈ ആക്റ്റിലെ വ്യവസ്ഥകൾപ്രകാരം ഒരു കുറ്റത്തിനായുള്ള ഏതെങ്കിലും നടപടികളിൽ, കുറ്റത്തെ രൂപപ്പെടുത്തുന്ന വസ്തുതകൾ സംബന്ധിച്ച് പ്രതിക്ക് തെറ്റിദ്ധരിക്കപ്പെട്ടതും എന്നാൽ ന്യായമായതുമായ ഒരു വിശ്വാസം ഉണ്ടായിരുന്നുവെന്നത് പ്രതിവാദമാകുന്നതല്ല.

(ഘ) ഭക്ഷ്യം കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച പ്രതിവാദം—

56-ാം വകുപ്പിൻകീഴിലെ ഒരു കുറ്റത്തിനായുള്ള നടപടിയിൽ കുറ്റവുമായി ബന്ധപ്പെടുന്ന ഭക്ഷ്യം അയാൾ നശിപ്പിക്കുവാൻ ഇടയാക്കിയെന്നോ സുരക്ഷിതമല്ലാതാക്കുന്നതിന് സാധ്യതയുള്ള രീതിയിൽ ഭക്ഷ്യം കൈകാര്യം ചെയ്യപ്പെട്ടതിനുശേഷം ഉടനടി മറ്റുവിധത്തിൽ കൈയൊഴിഞ്ഞുവെന്നോ തെളിയിക്കുകയാണെങ്കിൽ അത് ഒരു പ്രതിവാദം ആകുന്നതാണ്.

(ങ) ഭക്ഷ്യത്തിന്റെ സ്വഭാവത്തിന്റെയോ സത്തയുടെയോ ഗുണമേന്മയുടെയോ പ്രാധാന്യത്തിന്റെ പ്രതിവാദങ്ങൾ—

സുരക്ഷിതമല്ലാത്തതോ തെറ്റായി മുദ്രകുത്തിയതോ ആയ ഏതെങ്കിലും ഭക്ഷ്യ പദാർഥത്തിന്റെ വിൽപ്പനയുമായി ബന്ധപ്പെട്ട ഒരു കുറ്റത്തിന്റെ പ്രോസിക്യൂഷനിൽ ഭക്ഷ്യ ബിസിനസ്സ് പ്രവർത്തകന് അയാൾ വിറ്റ ഭക്ഷ്യത്തിന്റെ സ്വഭാവമോ സത്തയോ ഗുണമേന്മയോ സംബന്ധിച്ച് അറിവില്ലായിരുന്നുവെന്നോ വിശ്ലേഷണത്തിനായി ഏതെങ്കിലും പദാർഥം വാങ്ങിയിട്ടുള്ള ക്രേതാവിന് വിൽപ്പനമൂലം ദോഷം സംഭവിച്ചിട്ടില്ലെന്നോ മാത്രം ആരോപിക്കുന്നത് പ്രതിവാദമായിരിക്കുന്നതല്ല.

## അധ്യായം XI

## ധനകാര്യവും അക്കൗണ്ടുകളും ആഡിറ്റും റിപ്പോർട്ടുകളും

ഭക്ഷ്യ അതോറിറ്റിയുടെ ബഡ്ജറ്റ്.

81. (1) ഭക്ഷ്യ അതോറിറ്റി, കേന്ദ്രസർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള സമയത്തും ഓരോ സാമ്പത്തികവർഷത്തിലും, അടുത്ത സാമ്പത്തികവർഷത്തിലേക്കുള്ള ഭക്ഷ്യ അതോറിറ്റിയുടെ മതിപ്പ് വരവുകളും ചെലവും കാണിക്കുന്ന അതിന്റെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതും അത് കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതുമാണ്.

(2) ഭക്ഷ്യ അതോറിറ്റി കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി, അതോറിറ്റിയുടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ടിയുള്ള നടപടിക്രമം പ്രത്യേകിച്ച് നിർദേശിക്കുന്ന സാമ്പത്തിക റെഗുലേഷൻ സ്വീകരിക്കേണ്ടതാണ്.

ഭക്ഷ്യ അതോറിറ്റിയുടെ ധനകാര്യങ്ങൾ.

82. (1) കേന്ദ്രസർക്കാരിന്, മുറപ്രകാരമുള്ള വിനിയോഗത്തിനുശേഷം കേന്ദ്രസർക്കാരിന് ഉചിതമെന്ന് തോന്നാവുന്നപ്രകാരം അങ്ങനെയുള്ള തുകകൾ ഗ്രാന്റുകളായി ഭക്ഷ്യ അതോറിറ്റിക്ക് നൽകാവുന്നതാണ്.

(2) കേന്ദ്ര ഉപദേശകസമിതിയുടെ ശിപാർശയിന്മേൽ ഭക്ഷ്യ അതോറിറ്റി ലൈസൻസ് ഉള്ള ഭക്ഷ്യബിസിനസ്സ് പ്രവർത്തകരോ അക്രഡിറ്റ് ചെയ്ത പരീക്ഷണശാലകളോ അഥവാ ഭക്ഷ്യസുരക്ഷാ ആഡിറ്റർമാർ എന്നിവരിൽനിന്നും ഭക്ഷ്യസുരക്ഷാ കമ്മീഷണറാൽ ചുമത്തേണ്ട തരംതിരിച്ച ഒരു ഫീസ് നിർദേശിക്കേണ്ടതാണ്.

ഭക്ഷ്യ അതോറിറ്റിയുടെ അക്കൗണ്ടുകളും ആഡിറ്റും.

83. (1) ഭക്ഷ്യ അതോറിറ്റി, ശരിയായ അക്കൗണ്ടുകളും പ്രസക്തമായ രേഖകളും വച്ചുപോരുകയും കേന്ദ്രസർക്കാർ, ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലുമായി കൂടിയാലോചിച്ച് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ അക്കൗണ്ടുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

(2) കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലിനും ഈ ആക്റ്റിൻകീഴിൽ ഭക്ഷ്യ അതോറിറ്റിയുടെ അക്കൗണ്ടുകളുടെ ആഡിറ്റ് സംബന്ധിച്ച് അദ്ദേഹം നിയമിക്കുന്ന ഏതെങ്കിലും ആൾക്കും അങ്ങനെയുള്ള ആഡിറ്റ് സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന് സർക്കാർ അക്കൗണ്ടുകളുടെ ആഡിറ്റ് സംബന്ധിച്ച് സാമാന്യമായുള്ള അതേ അവകാശങ്ങളും വിശേഷാവകാശങ്ങളും അധികാരവും ഉണ്ടായിരിക്കുന്നതും, പ്രത്യേകിച്ച്, ബുക്കുകളും അക്കൗണ്ടുകളും ബന്ധപ്പെട്ട വൗച്ചറുകളും മറ്റ് പ്രമാണങ്ങളും പേപ്പറുകളും ഹാജരാക്കുവാൻ ആവശ്യപ്പെടുവാനും ഭക്ഷ്യ അതോറിറ്റിയുടെ ഏതെങ്കിലും ആഫീസുകൾ പരിശോധിക്കുവാനും ഉള്ള അവകാശവും ഉണ്ടായിരിക്കുന്നതാണ്.

(3) കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലോ അദ്ദേഹം ഇതിലേക്കായി നിയമിച്ച മറ്റേതെങ്കിലും ആളോ സാക്ഷ്യപ്പെടുത്തിയപ്രകാരമുള്ള ഭക്ഷ്യ അതോറിറ്റിയുടെ അക്കൗണ്ടുകൾ അതിന്മേലുള്ള ആഡിറ്റ് റിപ്പോർട്ടോടുകൂടി ഭക്ഷ്യ അതോറിറ്റി വർഷംതോറും കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതും കേന്ദ്രസർക്കാർ, അതു ലഭിച്ചശേഷം കഴിയുന്നത്രവേഗം, പാർലമെന്റിന്റെ ഓരോ സഭയുടെയും മുൻപാകെ ആഡിറ്റ് റിപ്പോർട്ട് വയ്പിക്കേണ്ടതുമാണ്.

84. (1) ഭക്ഷ്യ അതോറിറ്റി കേന്ദ്രസർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള സമയത്തും മുൻവർഷക്കാലത്തുള്ള അതിന്റെ പ്രവർത്തനങ്ങളുടെ ഒരു സംഗ്രഹം കാണിക്കുന്ന ഒരു വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും റിപ്പോർട്ടിന്റെ പകർപ്പുകൾ കേന്ദ്രസർക്കാരിനും സംസ്ഥാന സർക്കാരുകൾക്കും അയച്ചുകൊടുക്കേണ്ടതുമാണ്. ഭക്ഷ്യ അതോറിറ്റിയുടെ വാർഷിക റിപ്പോർട്ട്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ലഭിച്ച റിപ്പോർട്ടിന്റെ ഒരു പകർപ്പ് അത് ലഭിച്ച തിനുശേഷം കഴിയാവുന്നത്രവേഗം, പാർലമെന്റിന്റെ ഓരോ സഭയുടെയും മുൻപാകെ വയ്ക്കേണ്ടതാണ്.

## അധ്യായം XII.

## പലവക

85. (1) ഈ ആക്റ്റിലെ മുൻപറഞ്ഞ വ്യവസ്ഥകൾക്ക് ഭംഗംവരാതെ ഭക്ഷ്യ അതോറിറ്റി ഈ ആക്റ്റിൻകീഴിലുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിലും അതിന്റെ ചുമതലകൾ നിർവഹിക്കുന്നതിലും കേന്ദ്രസർക്കാർ, കാലാകാലങ്ങളിൽ, രേഖാമൂലം സാങ്കേതികവും ഭരണപരവുമായ സംഗതികൾ സംബന്ധിച്ചല്ലാതെ നയപരമായ പ്രശ്നങ്ങളിൻമേൽ നൽകുന്ന അങ്ങനെയുള്ള നിർദേശങ്ങളാൽ, ബാധ്യസ്ഥ മാകുന്നതാണ്: ഭക്ഷ്യ അതോറിറ്റിക്ക് നിർദേശങ്ങൾ നൽകുന്നതിനും റിപ്പോർട്ടുകളും റിട്ടേണുകളും ലഭ്യമാക്കുന്നതിനും കേന്ദ്രസർക്കാരിനുള്ള അധികാരം.

എന്നാൽ ഭക്ഷ്യ അതോറിറ്റിക്ക്, ഈ ഉപവകുപ്പിൻകീഴിൽ എന്തെങ്കിലും നിർദേശം നൽകുന്നതിനുമുൻപ് അതിന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാൻ ഒരു അവസരം പ്രായോഗികമാകാവുന്നിടത്തോളം നൽകപ്പെടേണ്ടതാണ്.

(2) ഒരു പ്രശ്നം ഒരു നയപ്രശ്നമാണോ അല്ലയോ എന്നതുസംബന്ധിച്ച് എന്തെങ്കിലും തർക്കം കേന്ദ്രസർക്കാരും ഭക്ഷ്യ അതോറിറ്റിയും തമ്മിൽ ഉത്ഭവിക്കുന്നു വെങ്കിൽ അതിന്മേലുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

(3) ഭക്ഷ്യ അതോറിറ്റി, കാലാകാലങ്ങളിൽ അതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് കേന്ദ്രസർക്കാർ ആവശ്യപ്പെടാവുന്ന അങ്ങനെയുള്ള റിട്ടേണുകളോ മറ്റ് വിവരമോ കേന്ദ്രസർക്കാരിന് നൽകേണ്ടതാണ്.

86. കേന്ദ്രസർക്കാരിന്, ഈ ആക്റ്റിലെ എല്ലാമോ ഏതെങ്കിലുമോ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടി, അതിന് ആവശ്യമെന്നു കരുതാവുന്ന അങ്ങനെയുള്ള നിർദേശങ്ങൾ സംസ്ഥാനസർക്കാരിന് നൽകാവുന്നതും അങ്ങനെയുള്ള നിർദേശങ്ങൾ സംസ്ഥാനസർക്കാർ പാലിക്കേണ്ടതുമാണ്. സംസ്ഥാനസർക്കാരുകൾക്ക് നിർദേശങ്ങൾ നൽകുവാനുള്ള കേന്ദ്രസർക്കാരിനുള്ള അധികാരം.

87. ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾക്കനുസൃതമായി പ്രവർത്തിക്കുന്നതോ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതായി കരുതുന്നതോ ആയ ഭക്ഷ്യ അതോറിറ്റിയുടെ അംഗങ്ങളെയും ഉദ്യോഗസ്ഥരെയും ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരെയും അവരുടെ ഉദ്യോഗസ്ഥരെയും ഇൻഡ്യൻ ശിക്ഷാ നിയമസംഹിത, 1860 (1860-ലെ 45)-ലെ 21-ാം വകുപ്പിന്റെ അർഥത്തിലുള്ള പബ്ലിക് സർവന്റുമാരായി കരുതപ്പെടേണ്ടതാണ്. ഭക്ഷ്യ അതോറിറ്റിയുടെ അംഗങ്ങളും ഉദ്യോഗസ്ഥരും ഭക്ഷ്യസുരക്ഷാ കമ്മീഷണറും പബ്ലിക് സർവന്റുമാരാണെന്ന്.

88. കേന്ദ്രസർക്കാരിനോ സംസ്ഥാനസർക്കാരിനോ ഈ ആക്റ്റിൻകീഴിൽ രൂപീകരി ക്കപ്പെട്ട ഭക്ഷ്യ അതോറിറ്റിക്കോ മറ്റ് നികായങ്ങൾക്കോ, കേന്ദ്രസർക്കാരിന്റെയോ സംസ്ഥാനസർക്കാരിന്റെയോ ഏതെങ്കിലും ഉദ്യോഗസ്ഥനോ അങ്ങനെയുള്ള അതോറിറ്റിയിലും നികായങ്ങളിലുമുള്ള ഏതെങ്കിലും അംഗത്തിനോ ഉദ്യോഗസ്ഥനോ മറ്റ് ജീവനക്കാരനോ ഈ ആക്റ്റിൻകീഴിൽ പ്രവർത്തിക്കുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ എതിരെ ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടങ്ങളോ റെഗുലേഷ നുകളോ പ്രകാരം ഉത്തമവിശ്വാസപൂർവം ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിച്ചതോ ആയ എന്തിനെയെങ്കിലും സംബന്ധിച്ച് യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല. ഉത്തമവിശ്വാസപൂർവം എടുത്ത നടപടിക്ക് സംരക്ഷണം.

ഭക്ഷ്യവുമായി ബന്ധപ്പെട്ട മറ്റെല്ലാ നിയമങ്ങൾക്കു മുപരിയായി ഈ ആക്റ്റിനുള്ള അധിപ്രഭാവം.

89. ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, അവയ്ക്ക് അസംഗതമായി തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിലോ ഈ ആക്റ്റ് അല്ലാത്ത ഏതെങ്കിലും നിയമത്തിന്റെ ബലത്തിൽ പ്രഭാവമുള്ള ഏതെങ്കിലും പ്രമാണത്തിലോ എന്തുതന്നെയടങ്ങിയിരുന്നാലും, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

ഭക്ഷ്യവുമായി ബന്ധപ്പെട്ട വിവിധ ആക്റ്റുകളോ ഉത്തരവുകളോ നടപ്പിലാക്കുന്ന കേന്ദ്രസർക്കാർ ഏജൻസികളിലെ നിലവിലുള്ള ജീവനക്കാരെ ഭക്ഷ്യ അതോറിറ്റിയിലേക്ക് കൈമാറ്റം ചെയ്യൽ.

90. ഭക്ഷ്യ അതോറിറ്റി സ്ഥാപിക്കുന്ന തീയതിയിലും അതുമുതൽക്കും ആ തീയതിക്ക് തൊട്ടുമുൻപ് ഭക്ഷ്യനിയമങ്ങളുടെ ഭരണനിർവഹണം നടത്തുന്ന കേന്ദ്രസർക്കാർ ഏജൻസികളുടെ കീഴിൽ ഉദ്യോഗം വഹിക്കുന്ന ഓരോ ജീവനക്കാരനും അതേ ഉദ്യോഗകാലാവധിക്കും വേതനവും അവധിയും പ്രോവിഡന്റ് ഫണ്ടും റിട്ടയർമെന്റും മറ്റ് വിരമിക്കൽ ആനുകൂല്യങ്ങളും ഉൾപ്പെടെ അതേ സേവന നിബന്ധനകളിന്മേലും ഉപാധികളിന്മേലും, ഭക്ഷ്യ അതോറിറ്റി സ്ഥാപിച്ചിട്ടില്ലായിരുന്നുവെങ്കിൽ അയാൾ അങ്ങനെയുള്ള ഉദ്യോഗം വഹിക്കുമായിരുന്നുവെന്നപോലെ ഭക്ഷ്യ അതോറിറ്റിയിലെ അയാളുടെ ഉദ്യോഗം വഹിക്കേണ്ടതും ഭക്ഷ്യ അതോറിറ്റിയുടെ ഒരു ജീവനക്കാരനെന്നപ്രകാരം തുടരേണ്ടതും അല്ലെങ്കിൽ അങ്ങനെയുള്ള ജീവനക്കാരൻ ഭക്ഷ്യ അതോറിറ്റിയിലെ ജീവനക്കാരനാകേണ്ടതില്ലെന്ന് തിരഞ്ഞെടുക്കുകയാണെങ്കിൽ ആ തീയതി മുതൽ ആറുമാസക്കാലാവധി അവസാനിക്കുന്നതുവരെയോ തുടരേണ്ടതുമാണ്.

ചട്ടങ്ങൾ ഉണ്ടാക്കുവാൻ കേന്ദ്രസർക്കാരിനുള്ള അധികാരം.

91. (1) കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗംവരാതെയും, അങ്ങനെയുള്ള ചട്ടങ്ങൾ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ വിഷയങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 7-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പുപ്രകാരമുള്ള എക്സ് ഒഫിഷ്യോ അംഗങ്ങൾ അല്ലാത്ത ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ശമ്പളവും സേവന നിബന്ധനകളും ഉപാധികളും (3)-ാം ഉപവകുപ്പുപ്രകാരമുള്ള ഔദ്യോഗിക ശപഥവും രഹസ്യപാലനശപഥവും ഒപ്പുവയ്ക്കുന്ന രീതിയും;

(ഖ) 37-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന്റെ യോഗ്യതകൾ;

(ഗ) 38-ാം വകുപ്പ് (8)-ാം ഉപഖണ്ഡപ്രകാരം പിടിച്ചെടുക്കപ്പെട്ട പ്രമാണങ്ങളുടെ പ്രസക്തഭാഗം എടുക്കുന്ന രീതി;

(ഘ) 42-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം സമുചിത കോടതികളിലേക്ക് കേസുകൾ റഫർ ചെയ്യുന്നതിനുവേണ്ടിയുള്ള തീരുമാനവും അങ്ങനെ തീരുമാനിക്കുന്നതിനുള്ള സമയക്രമവും;

(ങ) 45-ാം വകുപ്പുപ്രകാരം ഭക്ഷ്യ അനലിസ്റ്റുകളുടെ യോഗ്യതകൾ;

(ച) 47-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം വിശ്ലേഷണത്തിനുവേണ്ടി സാമ്പിൾ അയയ്ക്കുന്ന രീതിയും ഇത് സംബന്ധിച്ച് അനുവർത്തിക്കേണ്ട നടപടിക്രമങ്ങളുടെ വിശദാംശങ്ങളും;

(ഛ) 68-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം കേസുകളുടെ ന്യായനിർണ്ണയത്തിന് അനുവർത്തിക്കേണ്ടതായ നടപടിക്രമം;

(ജ) 70-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം പ്രിസൈഡിംഗ് ആഫീസറുടെ യോഗ്യതകളും ഔദ്യോഗിക കാലാവധിയും രാജിയും നീക്കംചെയ്യലും (5)-ാം ഉപവകുപ്പുപ്രകാരമുള്ള അപ്പീലിന്റെ നടപടിക്രമവും ട്രിബ്യൂണലിന്റെ അധികാരങ്ങളും;

(ഝ) 71-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഛ) ഖണ്ഡപ്രകാരം നടപടിക്രമം സംബന്ധിച്ച മറ്റേതെങ്കിലും സംഗതിയും ട്രിബ്യൂണലിന്റെ അധികാരങ്ങളും;

(ഞ) 76-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഹൈക്കോടതിയിൽ ഒരു അപ്പീൽ സമർപ്പിക്കുന്നതിന് നൽകേണ്ട ഫീസ്;

(ട) 81-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാതൃകയും സമയവും;

(ഠ) 83-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം അക്കൗണ്ടുകളുടെ മാതൃകയും സ്റ്റേറ്റ്മെന്റും;

(ഡ) 84-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഭക്ഷ്യ അതോറിറ്റിയുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള മാതൃകയും സമയവും;

(ഢ) നിർണ്ണയിക്കപ്പെടാൻ ആവശ്യപ്പെടുന്നതോ നിർണ്ണയിക്കപ്പെടാവുന്നതോ കേന്ദ്രസർക്കാരിന്റെ ചട്ടങ്ങളാൽ വ്യവസ്ഥ ഉണ്ടാക്കാവുന്നതോ ആയ മറ്റേതെങ്കിലും സംഗതി.

92. (1) ഭക്ഷ്യ അതോറിറ്റിക്ക്, കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടിയും മുൻകൂട്ടിയുള്ള പ്രസിദ്ധീകരണത്തിനുശേഷവും വിജ്ഞാപനംവഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ഈ ആക്റ്റിനും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾക്കും സംഗതമായ റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

റെഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള ഭക്ഷ്യ അതോറിറ്റിയുടെ അധികാരം.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗംവരാതെയും അങ്ങനെയുള്ള റെഗുലേഷനുകൾ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ വിഷയങ്ങൾക്ക് വ്യവസ്ഥചെയ്യാവുന്നതാണ്, അതായത്:—

(ക) 9-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം ഭക്ഷ്യ അതോറിറ്റിയുടെ ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും ശമ്പളവും മറ്റ് സേവനോപാധികളും;

(ഖ) 11-ാം വകുപ്പ് (5)-ാം ഉപവകുപ്പുപ്രകാരം ബിസിനസ്സ് നടത്തിപ്പിനുള്ള നടപടിക്രമത്തിന്റെ ചട്ടങ്ങൾ;

(ഗ) 12-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം കേന്ദ്ര ഉപദേശക സമിതിയുടെ മറ്റു ചുമതലകൾ;

(ഘ) 15-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം ശാസ്ത്രീയ സമിതിയുടെയും പാനലുകളുടെയും നടപടിക്രമം;

(ങ) 16-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം മനുഷ്യ ഉപഭോഗത്തിനുവേണ്ടി ഉദ്ദേശിച്ചിട്ടുള്ള ഭക്ഷ്യപദാർഥങ്ങളുമായി ബന്ധപ്പെട്ട നിലവാരങ്ങളും മാർഗനിർദേശങ്ങളും വിജ്ഞാപനം ചെയ്യുന്നത്;

(ച) 17-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഭക്ഷ്യ അതോറിറ്റി അതിന്റെ യോഗങ്ങളിൽ ബിസിനസ്സ് നടത്തിപ്പിനുവേണ്ടി അനുവർത്തിക്കേണ്ട നടപടിക്രമം;

(ഛ) 18-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഘ) ഖണ്ഡപ്രകാരം ഭക്ഷ്യ സുരക്ഷിതത്വത്തെയോ പൊതുജനാരോഗ്യത്തെയോ സംബന്ധിക്കുന്ന അത്യാവശ്യം പരിഗണിച്ചുകൊണ്ട് റെഗുലേഷനുകൾ ഉണ്ടാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യുന്നത്;

(ജ) 19-ാം വകുപ്പുപ്രകാരം വർധികളുടെ പരിധികൾ;

(ഝ) 20-ാം വകുപ്പുപ്രകാരം മാലിന്യങ്ങൾ, വിഷപദാർഥം, ഘനലോഹങ്ങൾ മുതലായവയുടെ അളവുകളുടെ പരിധികൾ;

(ഞ) 21-ാം വകുപ്പുപ്രകാരം കീടനാശിനികൾ, മൃഗചികിത്സാ മരുന്നുകളുടെ അവക്ഷിപ്തങ്ങൾ മുതലായവയുടെ അനുവദനീയമായ പരിധി;

(ട) 23-ാം വകുപ്പുപ്രകാരം ഭക്ഷ്യങ്ങൾ മാർക്ക് ചെയ്യുന്നതിനും ലേബൽ ചെയ്യുന്നതിനുമുള്ള രീതി;

(ഠ) 26-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം ഗ്യാരന്റി നൽകേണ്ട ഫാറം;

(ഡ) 28-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം ഭക്ഷ്യം തിരിച്ചെടുക്കൽ നടപടിക്രമവുമായി ബന്ധപ്പെട്ട വ്യവസ്ഥകളും മാർഗനിർദേശങ്ങളും;

(ഢ) 29-ാം വകുപ്പ് (5)-ാം ഉപവകുപ്പുപ്രകാരം ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന്റെ പ്രവർത്തനം സംബന്ധിച്ച റെഗുലേഷനുകൾ;

(ണ) രജിസ്റ്റർ ചെയ്യുന്ന അധികാരസ്ഥാനത്തെ വിജ്ഞാപനം ചെയ്യുന്നതും രജിസ്ട്രേഷന്റെ രീതിയും ലൈസൻസ് ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ തയ്യാറാക്കുന്ന രീതിയും അതിനുവേണ്ടി നൽകേണ്ട ഫീസും ഏതു സാഹചര്യങ്ങളിലാണ് അങ്ങനെയുള്ള ലൈസൻസ് 31-ാം വകുപ്പുപ്രകാരം റദ്ദാക്കുകയോ കണ്ടുകെട്ടുകയോ ചെയ്യാവുന്നതെന്നും;

(ത) 36-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഭക്ഷ്യ സുരക്ഷിതത്വ ഭരണ നിർവഹണത്തിനുവേണ്ടി പദവിനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ ചുമതല വഹിക്കേണ്ട ബന്ധപ്പെട്ട പ്രദേശങ്ങൾ;

(ഥ) 40-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഭക്ഷ്യം വിശ്ലേഷണം ചെയ്തുകിട്ടുന്നതിനുള്ള നടപടിക്രമം, ഫീസിന്റെ വിശദവിവരങ്ങൾ മുതലായവ;

(ദ) 43-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം ഭക്ഷ്യ പരീക്ഷണശാലകൾ അനുവർത്തിക്കേണ്ട ചുമതലകളും നടപടിക്രമവും;

(ധ) 47-ാം വകുപ്പ് (6)-ാം ഉപവകുപ്പുപ്രകാരം ഉദ്യോഗസ്ഥർ അനുവർത്തിക്കേണ്ട നടപടിക്രമം;

(ന) 81-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ഭക്ഷ്യ അതോറിറ്റി അതിന്റെ ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ സ്വീകരിക്കേണ്ട സാമ്പത്തിക റെഗുലേഷനുകൾ;

(പ) കോഡക്സ് യോഗങ്ങളിൽ പങ്കെടുക്കുന്നതിനും കോഡക്സ് സംഗതികളുടെ പ്രതികരണം തയ്യാറാക്കുന്നതിനും മാർഗനിർദേശങ്ങളോ നിർദേശങ്ങളോ പുറപ്പെടുവിക്കുന്നത്;

(ഫ) റെഗുലേഷനുകൾപ്രകാരം നിർദേശിക്കപ്പെടുവാൻ ആവശ്യപ്പെടുന്നതോ നിർദേശിക്കപ്പെടാവുന്നതോ റെഗുലേഷനുകളാൽ അവ സംബന്ധിച്ച് വ്യവസ്ഥ ഉണ്ടാക്കാവുന്നതോ ആയ മറ്റേതെങ്കിലും സംഗതി.

ചട്ടങ്ങളും റെഗുലേഷനുകളും പാർലമെന്റ് മുൻപാകെ വയ്ക്കണമെന്ന്.

93. ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും ഏതൊരു റെഗുലേഷനും, അത് ഉണ്ടാക്കിയതിനുശേഷം, ആകുന്നത്ര വേഗത്തിൽ പാർലമെന്റ് സമ്മേളനത്തിലായിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടെയും മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിലോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്തു വരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുൻപ് ഇരുസഭകളും ആ ചട്ടത്തിലോ റെഗുലേഷനിലോ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടമോ റെഗുലേഷനോ ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, ആ ചട്ടത്തിനോ റെഗുലേഷനോ അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെയുള്ള രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രഭാവവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിന്റെയോ റെഗുലേഷന്റെയോ കീഴിൽ മുൻപു ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്തവിധത്തിലായിരിക്കുന്നതാണ്.

ചട്ടങ്ങൾ ഉണ്ടാക്കുവാൻ സംസ്ഥാനസർക്കാരിനുള്ള അധികാരം.

94. (1) കേന്ദ്രസർക്കാരിന്റെയും ഭക്ഷ്യ അതോറിറ്റിയുടെയും യഥാക്രമം ചട്ടങ്ങളും റെഗുലേഷനുകളും ഉണ്ടാക്കുന്നതിനുള്ള അധികാരത്തിന് വിധേയമായി, സംസ്ഥാന സർക്കാരിന്, ഈ ആക്റ്റും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും റെഗുലേഷനുകളും പ്രകാരം സംസ്ഥാനസർക്കാരിനും സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മീഷണർക്കും ഏൽപിച്ചിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നടപ്പാക്കുന്നതിനായി മുൻകൂർ പ്രസിദ്ധീകരണത്തിനുശേഷവും ഭക്ഷ്യ അതോറിറ്റിയുടെ മുൻകൂർ അംഗീകാരത്തോടുകൂടിയും ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗംവരാതെയും, അങ്ങനെയുള്ള ചട്ടങ്ങൾക്ക് താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ വിഷയങ്ങൾക്ക് വ്യവസ്ഥചെയ്യാവുന്നതാണ്, അതായത്:—

(ക) 30–ാം വകുപ്പ് (2)–ാം ഉപവകുപ്പ് (ച) ഖണ്ഡപ്രകാരം ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ മറ്റു ചുമതലകൾ;

(ഖ) 95–ാം വകുപ്പുപ്രകാരം ഒരു ഫണ്ട് നീക്കിവയ്ക്കുന്നതിനും കുറ്റം കണ്ടുപിടിക്കുന്നതിനോ കുറ്റവാളിയെ പിടിക്കുന്നതിനോ സഹായം നൽകുന്ന ഒരാൾക്ക് പ്രതിഫലം നൽകേണ്ടത് ഏതു രീതിയിലാണെന്നും;

(ഗ) നിർണ്ണയിക്കപ്പെടുവാൻ ആവശ്യപ്പെടുന്നതോ നിർണ്ണയിക്കപ്പെടാവുന്നതോ സംസ്ഥാനസർക്കാരിന്റെ ചട്ടങ്ങളാൽ വ്യവസ്ഥ ഉണ്ടാക്കാവുന്നതോ ആയ മറ്റേതെങ്കിലും സംഗതി.

(3) ഈ ആക്റ്റിൻകീഴിൽ സംസ്ഥാനസർക്കാർ ഉണ്ടാക്കുന്ന ഓരോ ചട്ടവും അത് ഉണ്ടാക്കിയശേഷം, ആകുന്നത്ര വേഗത്തിൽ സംസ്ഥാന നിയമനിർമ്മാണമണ്ഡലം രണ്ടു സഭകൾ അടങ്ങിയതായിരിക്കുന്നിടത്ത് ഓരോ സഭയുടെയും മുൻപാകെയും അല്ലെങ്കിൽ അങ്ങനെയുള്ള സംസ്ഥാന നിയമനിർമ്മാണമണ്ഡലം ഒരു സഭ അടങ്ങിയതായിരിക്കുന്നിടത്ത്, ആ സഭ മുൻപാകെയും വയ്ക്കേണ്ടതാണ്.

95. സംസ്ഥാനസർക്കാരിന്, അങ്ങനെയുള്ള ഫണ്ടിൽനിന്നും സംസ്ഥാനസർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള രീതിയിൽ, കുറ്റം കണ്ടുപിടിക്കുന്നതിനോ കുറ്റവാളിയെ പിടിക്കുന്നതിനോ സഹായം നൽകുന്ന ഒരാൾക്ക് നൽകേണ്ട പ്രതിഫലം കൊടുക്കുന്നതിന് ഉത്തരവ് നൽകുവാൻ ഭക്ഷ്യസുരക്ഷാ കമ്മീഷണറെ അധികാരപ്പെടുത്താവുന്നതാണ്. സംസ്ഥാനസർക്കാരിനാലുള്ള പ്രതിഫലം.

96. ഈ ആക്റ്റ്പ്രകാരം ചുമത്തപ്പെട്ട ഒരു പിഴ, അത് നൽകിയിട്ടില്ലെങ്കിൽ, ഭൂമിയിൻമേലുള്ള കരത്തിന്റെ കുടിശ്ശിക എന്നപോലെ വസൂലാക്കാവുന്നതും വീഴ്ചവരുത്തുന്നയാളുകളുടെ ലൈസൻസ്, പിഴ ഒടുക്കുന്നതുവരെ സസ്പെൻഡ് ചെയ്യാവുന്നതുമാണ്. പിഴ വസൂലാക്കൽ.

97. (1) കേന്ദ്രസർക്കാർ ഇതിനുവേണ്ടി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതി മുതൽ പ്രാബല്യത്തോടുകൂടി രണ്ടാം പട്ടികയിൽ നിർദേശിച്ചിട്ടുള്ള അധിനിയമവും ഉത്തരവുകളും ഇതിനാൽ റദ്ദാക്കിയിരിക്കുന്നു: റദ്ദാക്കലും ഒഴിവാക്കലും.

എന്നാൽ അങ്ങനെയുള്ള റദ്ദാക്കൽ:—

(i) റദ്ദാക്കിയിട്ടുള്ള അധിനിയമത്തിന്റെയും ഉത്തരവുകളുടെയും മുൻപ്രവർത്തനങ്ങളോ മുറപ്രകാരം ചെയ്തതോ അതിൻകീഴിൽ അനുഭവിച്ചതോ ആയ എന്തിനെയെങ്കിലുമോ;

(ii) റദ്ദാക്കിയ ഏതെങ്കിലും അധിനിയമമോ ഉത്തരവുകളോ പ്രകാരം ആർജിച്ചതോ സിദ്ധിച്ചതോ നേരിട്ടതോ ആയ ഏതെങ്കിലും അവകാശത്തെയോ വിശേഷാവകാശത്തെയോ കടമയെയോ ബാധ്യതയെയോ;

(iii) റദ്ദാക്കിയിട്ടുള്ള അധിനിയമത്തിനും ഉത്തരവുകൾക്കും എതിരെ ചെയ്തിട്ടുള്ള ഏതെങ്കിലും കുറ്റങ്ങൾ സംബന്ധിച്ച് നേരിട്ട ഏതെങ്കിലും പിഴയെയോ കണ്ടുകെട്ടലിനെയോ ശിക്ഷയെയോ;

(iv) അങ്ങനെയുള്ള ഏതെങ്കിലും പിഴയോ കണ്ടുകെട്ടലോ ശിക്ഷയെ സംബന്ധിച്ച ഏതെങ്കിലും അന്വേഷണത്തിനെയോ പരിഹാരത്തിനെയോ ബാധിക്കുന്നതല്ലാത്തതും അങ്ങനെയുള്ള ഏതെങ്കിലും അന്വേഷണമോ നിയമനടപടികളോ പരിഹാരമോ ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നാലെന്നപോലെ ആരംഭിക്കാവുന്നതും തുടരാവുന്നതും അല്ലെങ്കിൽ നടപ്പാക്കാവുന്നതും കൂടാതെ അങ്ങനെയുള്ള ഏതെങ്കിലും പിഴയോ കണ്ടുകെട്ടലോ ശിക്ഷയോ ചുമത്താവുന്നതുമാണ്.

(2) ഏതെങ്കിലും സംസ്ഥാനത്ത് ഈ ആക്റ്റിന് തൽസ്ഥാനീയമായ മറ്റേതെങ്കിലും നിയമം തൽസമയം പ്രാബല്യത്തിലുണ്ടെങ്കിൽ, ഈ ആക്റ്റിന്റെ പ്രാരംഭത്തോടെ ആയത് റദ്ദാക്കപ്പെടുന്നതും അങ്ങനെയുള്ള സംഗതിയിൽ സംസ്ഥാനനിയമത്തിലെ അങ്ങനെയുള്ള വ്യവസ്ഥകൾ റദ്ദാക്കിയിരുന്നാലെന്നപോലെ 1897-ലെ സാമാന്യ ഖണ്ഡങ്ങൾ ആക്റ്റിലെ 6-ാം വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നതുമാണ്.

1897-ലെ 10

(3) ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ പ്രാബല്യത്തിലിരുന്ന അങ്ങനെയുള്ള അധിനിയമമോ ഉത്തരവോ പ്രകാരം പുറപ്പെടുവിച്ച ലൈസൻസുകൾ മുൻപറഞ്ഞ അധിനിയമവും ഉത്തരവുകളും റദ്ദാക്കിയിരുന്നാൽത്തന്നെയും ഈ ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയോ റെഗുലേഷനുകളിലെയോ വ്യവസ്ഥകൾപ്രകാരം അവ പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നാലെന്നപോലെ, എല്ലാ ആവശ്യങ്ങൾക്കും അവ അവസാനിക്കുന്ന തീയതിവരെ പ്രാബല്യത്തിൽ തുടരേണ്ടതാണ്.

(4) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെയടങ്ങി യിരുന്നാലും ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ മൂന്നുവർഷത്തേക്കുള്ള ഒരു കാലയളവിനുശേഷം റദ്ദാക്കിയ ആക്റ്റിനോ ഉത്തരവുകൾക്കോ കീഴിൽ യാതൊരു കോടതിയും ഒരു കുറ്റം നടപടിക്കെടുക്കുവാൻ പാടുള്ളതല്ല.

ഭക്ഷ്യഗുണ നിലവാരങ്ങൾക്ക് വേണ്ടിയുള്ള പരിവർത്തിത വ്യവസ്ഥകൾ.

98. രണ്ടാം പട്ടികയിൽ നിർദേശിച്ചിട്ടുള്ള അധിനിയമവും ഉത്തരവുകളും റദ്ദാക്കി യിരുന്നാൽത്തന്നെയും, ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളോ റെഗുലേഷ നുകളോ പ്രകാരം പുതിയ ഗുണനിലവാരങ്ങൾ നിർദേശിക്കപ്പെടുന്നതുവരെ ആ പട്ടികയിൽ ലിസ്റ്റ് ചെയ്തിട്ടുള്ള ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും റെഗുലേഷനുകളിലെയും മറ്റു വ്യവസ്ഥകളും പ്രാബല്യത്തിൽ തുടരേണ്ടതും പ്രാവർത്തിക മാക്കേണ്ടതുമാണ്:

എന്നാൽ റദ്ദാക്കപ്പെട്ട അധിനിയമത്തിനും ഉത്തരവുകൾക്കും കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റിലെ തൽസ്ഥാനീയ വ്യവസ്ഥകൾ പ്രകാരം ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതും ഈ ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യത്താലോ എടുത്ത ഏതെങ്കിലും നടപടിയാലോ അതിലംഘനം ചെയ്യാത്തപക്ഷവും അതിലംഘനം ചെയ്യപ്പെടുന്നതുവരെയും അതനു സരിച്ച് പ്രാബല്യത്തിൽ തുടരുന്നതുമാണ്.

1992-ലെ മിൽക്ക് ആൻഡ് മിൽക്ക് പ്രോഡക്ട്സ് ഓർഡർ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട റെഗുലേഷനുകളാണെന്ന് കരുതപ്പെടേണ്ടതാണ്.

99. (1) 1955-ലെ അവശ്യസാധനങ്ങൾ ആക്റ്റ് (1955-ലെ 10)-ൻകീഴിൽ പുറപ്പെടുവിച്ച 1992-ലെ മിൽക്ക് ആൻഡ് മിൽക്ക് പ്രോഡക്റ്റ്സ് ഓർഡർ ഈ ആക്റ്റിൻകീഴിൽ ഭക്ഷ്യ അതോറിറ്റി പുറപ്പെടുവിച്ച 1992-ലെ മിൽക്ക് ആൻഡ് മിൽക്ക് പ്രോഡക്റ്റ്സ് റെഗുലേഷൻസ് ആണെന്ന് ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിലും അതുമുതൽക്കും കരുതപ്പെടേണ്ടതാണ്.

(2) ഭക്ഷ്യ അതോറിറ്റിക്ക്, കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടിയും മുൻകൂർ പ്രസിദ്ധീകരണത്തിനുശേഷവും വിജ്ഞാപനംമൂലം ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി (1)-ാം ഉപവകുപ്പിൽ നിർദേശിച്ചിട്ടുള്ള റെഗുലേഷനുകൾ ഭേദഗതി ചെയ്യാവുന്നതാണ്.

1992-ലെ ഇൻഫന്റ് മിൽക്ക് സബ്സ്റ്റിറ്റ്യൂട്ട്സ്, ഫീഡിംഗ് ബോട്ടിൽസ് ആന്റ് ഇൻഫന്റ് ഫുഡ്സ് (റെഗുലേഷൻ ഓഫ് പ്രൊഡക്ഷൻ, സപ്ലൈ ആൻഡ് ഡിസ്ട്രി ബ്യൂഷൻ) ആക്റ്റിനുള്ള ഭേദഗതികൾ.

100. വിജ്ഞാപനം ചെയ്യപ്പെട്ട ദിവസം മുതൽ 1992-ലെ ഇൻഫന്റ് മിൽക്ക് സബ്സ്റ്റിറ്റ്യൂട്ട്സ്, ഫീഡിംഗ് ബോട്ടിൽസ് ആൻഡ് ഇൻഫന്റ് ഫുഡ്സ് (റെഗുലേഷൻ ഓഫ് പ്രൊഡക്ഷൻ, സപ്ലൈ ആൻഡ് ഡിസ്ട്രിബ്യൂഷൻ) ആക്റ്റ് (1992-ലെ 41)-ലെ (ഇതിൽ പ്രധാന ആക്റ്റായി പരാമർശിച്ചിരിക്കുന്നു) വ്യവസ്ഥകൾ താഴെപ്പറയുന്ന ഭേദഗതികൾക്ക് വിധേയമായി ബാധകമാകുന്നതാണ്, അതായത്:—

(ക) പ്രധാന ആക്റ്റ് ഒട്ടാകെ, "ഭക്ഷ്യത്തിൽ മായം ചേർക്കൽ തടയൽ ആക്റ്റ്, 1954" എന്ന ഏതെങ്കിലും പരാമർശത്തിനുപകരം "ഭക്ഷ്യസുരക്ഷിതത്വവും ഗുണനിലവാരങ്ങളും ആക്റ്റ്, 2006" എന്ന പരാമർശം ചേർക്കേണ്ടതാണ്; 1954-ലെ 37

(ഖ) പ്രധാന ആക്റ്റിലെ 12-ാം വകുപ്പിൽ "ഭക്ഷ്യത്തിൽ മായം ചേർക്കൽ തടയൽ ആക്റ്റ്, 1954-ന്റെ 9-ാം വകുപ്പിൻകീഴിൽ നിയമിക്കപ്പെട്ട ഏതെങ്കിലും ഭക്ഷ്യ ഇൻസ്പെക്ടർ" എന്ന പരാമർശത്തിനുപകരം "ഭക്ഷ്യസുരക്ഷിതത്വവും ഗുണനിലവാരങ്ങളും ആക്റ്റ്, 2006-ൻകീഴിൽ നിയമിക്കപ്പെട്ട ഏതെങ്കിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻ" എന്ന പരാമർശം ചേർക്കേണ്ടതാണ്;

(ഗ) പ്രധാന ആക്റ്റ് ഒട്ടാകെ "ഭക്ഷ്യ ഇൻസ്പെക്ടർ" എന്ന പരാമർശത്തിനു പകരം "ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻ" എന്ന പദപ്രയോഗം ചേർക്കേണ്ടതാണ്; കൂടാതെ

(ഘ) പ്രധാന ആക്റ്റിലെ 21-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ (ക) ഖണ്ഡത്തിലെ പരാമർശത്തിനു പകരം താഴെപ്പറയുന്നത് ചേർക്കേണ്ടതാണ്, അതായത്:—

"(ക) ഭക്ഷ്യസുരക്ഷിതത്വവും ഗുണനിലവാരങ്ങളും ആക്റ്റ്, 2006-ലെ 42-ാം വകുപ്പ് (5)-ാം ഉപവകുപ്പിൻകീഴിൽ നിർദേശിക്കപ്പെട്ട പദവിനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ അല്ലെങ്കിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻ; അല്ലെങ്കിൽ".

101. (1) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് ഏതെങ്കിലും വിഷമത ഉണ്ടാകുന്നപക്ഷം, കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്തതും ആ വിഷമതകൾ നീക്കം ചെയ്യുന്നതിന് ആവശ്യമെന്ന് തോന്നാവുന്നതുമായ അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്: വിഷമതകൾ നീക്കം ചെയ്യുവാനുള്ള അധികാരം.

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭതീയതി മുതൽ മൂന്നുവർഷക്കാലയളവ് അവസാനിച്ചതിനുശേഷം ഈ വകുപ്പിൻകീഴിൽ യാതൊരു ഉത്തരവും ഉണ്ടാക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പ് പ്രകാരം ഉണ്ടാക്കുന്ന ഓരോ ഉത്തരവും അത് ഉണ്ടാക്കിയശേഷം, ആകുന്നത്രവേഗം, പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

## ഒന്നാം പട്ടിക

[5 (1) (ങ) വകുപ്പ് കാണുക]

**മേഖല I**

1. ആന്ധ്രാപ്രദേശ്
2. ഗോവ
3. കർണ്ണാടക
4. കേരളം
5. മഹാരാഷ്ട്ര
6. ഒറീസ്സ
7. തമിഴ്നാട്

**മേഖല II**

1. ഹരിയാന
2. ഹിമാചൽ പ്രദേശ്
3. ജമ്മു-കാശ്മീർ
4. പഞ്ചാബ്
5. ഉത്തരാഞ്ചൽ
6. ഉത്തർപ്രദേശ്

**മേഖല III**

1. ബിഹാർ
2. ഛത്തീസ്ഗഢ്
3. ഗുജറാത്ത്
4. ജാർഖണ്ഡ്
5. മദ്ധ്യപ്രദേശ്
6. രാജസ്ഥാൻ
7. പശ്ചിമ ബംഗാൾ

**മേഖല IV**

1. അരുണാചൽ പ്രദേശ്
2. ആസ്സാം
3. മണിപ്പൂർ
4. മേഘാലയ
5. മിസോറാം
6. നാഗാലാൻഡ്
7. സിക്കിം
8. ത്രിപുര

**മേഖല V**

1. ആൻഡമാനും നിക്കോബാറും ദ്വീപുകൾ
2. ചണ്ഡീഗഢ്
3. ദാദ്ര-നഗർഹവേലി
4. ദാമൻ-ദിയു
5. ഡൽഹി
6. ലക്ഷദ്വീപ്
7. പോണ്ടിച്ചേരി.

## രണ്ടാം പട്ടിക

(97-ാം വകുപ്പ് കാണുക)

1. ഭക്ഷ്യത്തിൽ മായം ചേർക്കൽ തടയൽ ആക്റ്റ്, 1954 (1954-ലെ 37).
2. ദി ഫ്രൂട്ട് പ്രോഡക്റ്റ്സ് ഓർഡർ, 1955.
3. ദി മീറ്റ് ഫുഡ് പ്രോഡക്റ്റ്സ് ഓർഡർ, 1973.
4. ദി വെജിറ്റബിൾ ഓയിൽ പ്രോഡക്റ്റ്സ് (കൺട്രോൾ) ഓർഡർ, 1947.
5. ദി എഡിബിൾ ഓയിൽസ് പാക്കേജിംഗ് (റെഗുലേഷൻ) ഓർഡർ, 1998.
6. ദി സോൾവന്റ് എക്സ്ട്രാക്റ്റഡ് ഓയിൽ, ഡി ഓയിൽഡ് മീൽ ആൻഡ് എഡിബിൾ ഫ്ളോർ (കൺട്രോൾ) ഓർഡർ, 1967.
7. ദി മിൽക് ആൻഡ് മിൽക് പ്രോഡക്റ്റ്സ് ഓർഡർ, 1992.
8. അവശ്യ സാധനങ്ങൾ ആക്റ്റ്, 1955 (1955-ലെ 10)-ൻകീഴിൽ പുറപ്പെടുവിച്ച ഭക്ഷ്യവുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും ഉത്തരവ്.